# വാടാമലർ

പ്രൊഫ. എം. വൈ. യോഹന്നാൻ

: Publisher :

ഫീലിയോ ഹെൽത്ത് കെയർ

കോലഞ്ചേരി - 682 311

# വാടാമലർ


**പ്രൊഫ. എം. വൈ. യോഹന്നാൻ**

*മുൻ പ്രിൻസിപ്പൽ,*

*സെന്റ്. പീറ്റേഴ്സ് കോളേജ്, കോലഞ്ചേരി.*

മേച്ചങ്കര, കടയിരുപ്പ് പി.ഒ.,

കോലഞ്ചേരി - 682 311, കേരളം.

ഫോൺ: (0484) 2689489, 2689889



Publisher :

**ഫീലിയോ ഹെൽത്ത് കെയർ**

കോലഞ്ചേരി - 682 311

DTP

GRAPHIC POINT, COCHIN

COVER DESIGN

SWAMINATHAN, COMPUTER PARK

PRINTED AT

BETHESDA PRINTERS, EDAPPALLY, KOCHI - 68 024

# ഗ്രന്ഥകർത്താവിന്റെ ഇതരകൃതികൾ

1. അമൃതധാര
2. ആന്തരികശാന്തി
3. ശുഭ ഭാവി
4. ശാന്തിതീരം
5. മധുമൊഴി
6. മുക്തിമാർഗ്ഗം
7. നിത്യവിശ്രാന്തി
8. നിറപറ
9. ജയജീവിതം
10. വിശ്വാസജീവിതം

# അവതാരിക

ബഹുമാനപ്പെട്ട യോഹന്നാൻ സാറിന്റെ റേഡിയോ പ്രഭാഷണ പരമ്പരയിലെ പതിനൊന്നാമത്തെ പുസ്തകമാണ് "വാടാമലർ" പശ്ചാത്താപത്തിന്റെയും നവീകരണത്തിന്റെയും മാർഗ്ഗത്തിലൂടെ ക്രിസ്തുവിൽ നിരന്തരം നവീകൃതമായി കൊണ്ടിരിക്കുവാനുള്ള ശക്തമായ ആഹ്വാനമാണിതിലെ പ്രമേയം.

സുപ്രസിദ്ധ സഭാപണ്ഡിതനായ കോംഗാർ സഭയുടെ പരാജയത്തിന്റെ സാദ്ധ്യത എന്തുകൊണ്ടാണെന്ന് ചൂണ്ടിക്കാണിക്കുന്നുണ്ട്. സഭ ഒരേ സമയം ദൈവത്തിൽ നിന്നും മനുഷ്യരിൽ നിന്നുമാണ് രൂപഭാവങ്ങൾ സ്വീകരിക്കുന്നത്. സഭയുടെ ദൈവീകവശം കുറ്റമറ്റതും പരിപൂർണ്ണവുമാണ്. പക്ഷേ, മാനവീകവശം അങ്ങനെയല്ല. വ്യക്തികളുടെ സ്വാർത്ഥത സഭയുടെ പ്രതിച്ഛായയ്ക്കു മങ്ങലേൽപ്പിക്കാം. അധികാര ദുർവിനിയോഗവും സ്വജനപക്ഷപാതവും ധനാസക്തിയും പൊതുരംഗത്തെ തിൻമകളാണെങ്കിൽ അവസഭയിലും കടന്നുകൂടാം. ദൈവീക വരങ്ങളുടെ ദുരുപയോഗവും സ്നേഹത്തിന്റെയും കൂട്ടായ്മയുടെയും പാതയിൽ നിന്നുള്ള വ്യതിചലനവും കണ്ടിട്ട് പൗലോസ് ശ്ലീഹാ കൊരിന്തിലെ സഭയെ തിരുത്തുന്നതുപോലെ സഭയുടെ പുതുക്കത്തിനും പൂർവ്വീകരണത്തിനും വേണ്ടി ശ്രദ്ധേയമായ അജണ്ട

നിരത്തുകയാണ് ഗ്രന്ഥകാരൻ.

'ദേവാലയത്തിലെ മൂപ്പൻമാർ പുറമെ ധൂപകലശം പിടിച്ച് ശുശ്രൂഷിക്കുന്നുണ്ടെങ്കിലും അവർ ഇരുട്ടത്ത് ചെയ്യുന്നത് മ്ലേച്ഛതയാണ്' എന്ന യെഹസ്കേൽ പ്രവചനമുദ്ധരിച്ചു കൊണ്ടുള്ള ആദ്യഅദ്ധ്യായം പ്രകടനാത്മകമായ ആത്മീയ ശൈലിയുടെ മുഖംമൂടി വലിച്ചുമാറ്റലും നിർദ്ദയമായ 'സൈക്കിക് സർജറി'യുമാണ്.

സഭാ മെമ്പർഷിപ്പും അത്യാവശ്യം കൂദാശാനുഷ്ഠാനവു മുണ്ടെങ്കിൽ സൗഭാഗ്യ ക്രിസ്തീയ ജീവിതമായെന്ന് ആശ്വ സിക്കുന്ന വിശ്വാസികളോട് "പ്രതീക്ഷിച്ചിരുന്ന ദാൻ ഗോത്രം മുദ്രയേറ്റവരുടെ നിരയിലുണ്ടായില്ല എന്ന മുന്നറിയിപ്പ് വല്ലാ ത്തൊരസ്വസ്ഥതയാണുണ്ടാക്കുക.

അപ്പം തിന്നാനും അത്ഭുതം കാണാനും വിവിധ ആത്മീയ വേദികളിൽ ഓടിഅലയുന്ന വിശ്വാസികൾക്കു മുമ്പിൽ ക്രിസ്തുവക്താക്കളായി ആടിയഭിനയിക്കുന്ന പല ആത്മീയ നേതാക്കൻമാരും ക്രിസ്തുവിനെക്കാൾ പ്രധാനമായി പ്രതി ഷ്ഠിക്കുന്ന വിഗ്രഹങ്ങൾ അനവധിയാണ് - അഭിവന്ദ്യർ, സഭ, സത്യവിശ്വാസം, പാരമ്പര്യം, ചിട്ട, നിഷ്ഠ...... അങ്ങനെ പലതും. ദിശാബോധം നഷ്ടപ്പെട്ട് ട്രാക്കു തെറ്റിയോടുന്നവ രോട് ഒരു വിഗ്രഹഭഞ്ജകന്റെ ആത്മരോഷത്തോടെ ഗ്രന്ഥ കാരൻ നൽകുന്ന മുന്നറിയിപ്പിങ്ങനെയാണ് : 'ഒരു കൂട്ടാ യ്മയിലോ, ഒരു വിശുദ്ധനായ ദൈവപുരുഷനിലോ അല്ല നമ്മുടെ അടിസ്ഥാനം. ഒരു സമുദായത്തിലോ നല്ല വിശ്വാ സത്തിൽ നിൽക്കുന്ന ദൈവമക്കളിലോ അല്ല, ഒരു പ്രസ്ഥാ നത്തിലും ഗ്രൂപ്പിലും ആകരുത് നമ്മുടെ അടിസ്ഥാനം. ഒരേ ഒരടിസ്ഥാനം മാത്രം - ദൈവപുത്രനായ യേശുക്രിസ്തുവിൽ മാത്രം.'

സ്വയത്യാഗവും സ്വയക്രൂശീകരണവുമില്ലാത്തവൻ വീണ്ടും ജനിച്ചിട്ടെന്താണു ഫലമെന്ന മർമ്മപ്രധാനമായ ചോദ്യം ക്രിസ്തീയ പരീശമനോഭാവത്തിനു നേരെ മുഖമടച്ചുള്ള

പ്രഹരമാണ്.

ആലയം ശുദ്ധീകരിക്കപ്പെടണമെങ്കിൽ ആദ്യം ശുശ്രൂഷകൻ ശുദ്ധീകരിക്കപ്പെടണമെന്ന നിബന്ധന പതിനെട്ടു വർഷം റവറന്റായിരുന്ന എനിക്ക് പുതിയൊരറിവും ശല്ല്യപ്പെടുത്തുന്ന ചിന്തയുമായി. വാതിൽ തുറന്ന് അറ്റകുറ്റം തീർത്ത് ശുദ്ധീകരിച്ച് യാഗം കഴിച്ചാൽ മാത്രമെ സ്തോത്രമെന്ന ആരാധന യഥാസ്ഥാനമാകൂ എന്ന പ്രസ്താവന പലർക്കും ഇഷ്ടപ്പെടാനിടയില്ല. പ്രത്യേകിച്ച്, കൈകെട്ടിനിന്ന് യാന്ത്രികമായി 'അമ്മോനാമ്മീൻ' പറഞ്ഞാലെല്ലാമായിയെന്നു പഠിപ്പിക്കുന്നവർക്ക്.

പതിനേഴു വയസ്സു മുതൽ ഫലം കായ്ക്കാൻ തുടങ്ങിയ സാറിന്റെ ധന്യമായ ജീവിതം ആറ്ററികത്തെ വൃക്ഷംപോലെ ഹരിതാഭപ്രകർഷത്തോടെ ഉജ്ജ്വലമായ ക്രിസ്തുസാക്ഷ്യമായി നിലകൊള്ളുന്നു. പാപവും ഭാരവും ചുമക്കുന്ന, വിമോചകനും, അത്താണിയുമായ ക്രിസ്തുവിനെ പ്രഘോഷിക്കുവാൻ ആത്മബലവും സർഗ്ഗാത്മകതയും തുടർന്നും ജഗദീശ്വരൻ സാറിനു നൽകട്ടെയെന്നു പ്രാർത്ഥിക്കുന്നു.

**റവ. ഡോ.എ.പി. ജോർജ്ജ്**

## ആമുഖം

സൗത്ത് ആഫ്രിക്കയിൽ ബ്രിട്ടീഷ് ആധിപത്യം ഉറപ്പിക്കുന്നതിനും വളർത്തുന്നതിനും അശ്രാന്തപരിശ്രമം നടത്തിയ ആളാണ് സെസിൽ റോഡ്സ് (Cecil Rhodes). അവിടെ വലിയ വജ്രശേഖരം അദ്ദേഹം കണ്ടെത്തി. വളരെ വജ്രം അദ്ദേഹം സമ്പാദിക്കുകയും ചെയ്തു. അമ്പതാമത്തെ വയസ്സിൽ അദ്ദേഹം അന്തരിച്ചു. അദ്ദേഹത്തിന്റെ അവസാന വാക്കുകൾ :

"So little done, so much to do."

"ഏറെ പ്രവർത്തിക്കാനുണ്ട്, വളരെ കുറച്ചേ ചെയ്തുള്ളൂ."

അദ്ദേഹത്തിന്റെ ഈ നിരാശമുറ്റിയ വാക്കുകൾ, ചെയ്തു തികയ്ക്കേണ്ടത് ചെയ്തില്ലല്ലോ എന്ന വേദനയിൽ നിന്നായിരുന്നു.

ഇതേ കാര്യം തന്നെയാണ് ആസന്നമരണനായി കിടന്നപ്പോൾ ഹെർബർട്ട് സ്പെൻസർ പറഞ്ഞത്. അദ്ദേഹത്തിന്റെ ശവകുടീരത്തിൽ എന്താണെഴുതിവെയ്ക്കേണ്ടത് എന്ന് സുഹൃത്തുക്കൾ ചോദിച്ചപ്പോൾ സ്പെൻസർ പറഞ്ഞത് : "Most unhappy" എന്ന് മാത്രം എഴുതുക എന്നത്രേ. കൊടിയ നിരാശയുടെ വാക്കുകൾ!

"പിതാവേ, ഞാൻ ഭൂമിയിൽ നിന്നെ മഹത്വപ്പെടുത്തി, നീ എനിക്ക് ചെയ്‌വാൻ തന്ന പ്രവൃത്തി തികച്ചിരിക്കുന്നു." എന്നാണ് അന്ത്യനാളുകളിൽ പറഞ്ഞത്.
യോഹ 17 : 4

"നിവൃത്തിയായി" (It is finished) എന്ന് ക്രൂശിൽ കിടന്നുകൊണ്ട് ക്രിസ്തു പറഞ്ഞ വാക്കുകളിലും ഈ സംതൃപ്തിയാണ് നില്ക്കുന്നത്.

ക്രിസ്തുവിന്റെ അതേ ഭാവം പൂണ്ട് ജീവിച്ച അപ്പോസ്തലനായ പൗലോസ് റോമൻ വാൾത്തലപ്പിന്റെ മുന്നിൽ ധീരതയോടെ പറഞ്ഞു : "ഞാൻ നല്ല പോർ പൊരുതു, ഓട്ടം തികച്ചു, വിശ്വാസം കാത്തു, ഇനി നീതിയുടെ കിരീടം എനിക്കായി ഒരുക്കിവെച്ചിരിക്കുന്നു. അത് നീതിയുള്ള ന്യായാധിപതിയായ കർത്താവ് ആ ദിവസത്തിൽ എനിക്കു തരും. എനിക്കു മാത്രമല്ല, അവന്റെ പ്രത്യക്ഷതയിൽ പ്രിയംവെച്ച ഏവർക്കും കൂടെ."

'വാടാമലരിലെ' ഓരോ ഇതളിലും ഈ സംതൃപ്തി നേടുവാനുള്ള അദമ്യാഭിലാഷം സ്ഫുരിച്ചു കാണണം എന്നാണെന്റെ എളിയ ആഗ്രഹം. നിത്യജീവനുവേണ്ടിയുള്ള ദാഹം അനുവാചകർക്കുളവാകുമെങ്കിൽ ഞാൻ ധന്യനായി.

ലിയോണാർഡോ ഡാവിൻസി പറഞ്ഞു : "As a well-spent day brings happy sleep, so life well used brings happy death." ("നന്നായി ജീവിച്ച ഒരു പകൽ സുഖസുഷുപ്തിയേകുന്നതു പോലെ, ശരിയായി ഉപയോഗിക്കപ്പെട്ട ജീവിതം സന്തുഷ്ടമരണം പ്രദാനം ചെയ്യുന്നു.")

അജ്ഞാതനാമാവായ ഒരു കവി പാടിയത് കേൾക്കൂ :

Now I lay me down to sleep
I pray thee, how, my soul to keep
If I should die before I wake,
I pray thee, Lord, my soul to take
And this I ask for Jesus sake.

“നാഥാ, ഞാനിപ്പോൾ ഒന്നുറങ്ങാൻ കിടക്കട്ടെ. കർത്താവേ, എന്റെ ആത്മാവിനെ നീ പാലിക്കണമെന്ന് ഞാനിതാ യാചിക്കുന്നു. ഞാൻ ഉണരുന്നതിനു മുമ്പ് മരിച്ചു പോയാൽ നാഥാ, ഞാൻ നിന്നോടപേക്ഷിക്കുന്നു, എന്റെ ആത്മാവിനെ നീ കൈക്കൊള്ളേണമേ. യേശുവിന്റെ നാമത്തിൽ ഞാനിത് നിന്നോട് പ്രാർത്ഥിക്കുന്നു.”

തോമസ് ആൽവാ എഡിസൺ ക്രാന്തദർശിത്വത്തോടെ പറയുകയാണ് :

“When a man dies, if he can pass enthusiasm along to his children, he has left them an estate of incalculable value.”

“ഒരു മനുഷ്യൻ മരിക്കുമ്പോൾ, അവന്റെ മക്കൾക്കായി സ്ഥിരോത്സാഹം പകരാൻ കഴിഞ്ഞാൽ, അവൻ അവർക്ക് അമൂല്യ നിക്ഷേപമത്രേ ശേഷിപ്പിക്കുന്നത്.”

ഈ അമൂല്യനിക്ഷേപം ക്രിസ്തുവാണ്. ക്രിസ്തു ക്രൂശിൽ നേടിത്തന്ന നിത്യജീവൻ പ്രാപിക്കാനുള്ള സ്ഥിരോത്സാഹമാണ് തലമുറകൾക്ക് പകർന്നു കൊടുക്കാൻ കഴിയുന്ന അനർഘനിധി. മരണത്തിന്റെ തണുത്ത കരങ്ങൾക്കോ, കാലത്തിന്റെ വേലിയേറ്റങ്ങൾക്കോ തകർക്കാൻ കഴിയാത്തതാണ് ആ വിലപ്പെട്ട സമ്പത്ത്.

‘വാടാമലരിലെ’ ഓരോ ഇതളുകളിലും നിത്യജീവന്റെ സൗന്ദര്യവും സൗരഭ്യവും തുടിച്ച് നിൽക്കണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. അനുവാചകരിലുളവാക്കുന്ന പ്രതികരണമാണല്ലോ ആ വിജയത്തിന്റെ ഉരകല്ല്.

വളരെ വിലയേറിയ ആശയ സമ്പുഷ്ടമായ ഒരു അവതാരിക നൽകി ഈ ഗ്രന്ഥത്തെയും ഒപ്പം എന്നെയും അനുഗ്രഹിച്ച റവ. ഡോക്ടർ എ.പി. ജോർജ്ജ് M.A., M.Phil, M & S.P., Ph.D അവർകളോടുള്ള എന്റെ ആദരവും കൃതജ്ഞതയും വാക്കുകളിൽ ഒതുക്കുവാൻ സാദ്ധ്യമല്ല. വെങ്ങോല ബേഥെസ്ദാ ഹോസ്പിറ്റലിലെ ക്ലിനിക്കൽ

സൈക്കോളജിസ്റ്റ് എന്ന നിലയിൽ സുപ്രസിദ്ധനായ ബഹുമാനപ്പെട്ട അച്ചൻ അനേകം ഗ്രന്ഥങ്ങളുടെ കർത്താവാണ്. ആക്ഷേപഹാസ്യത്തിന്റെ (sacrcasm) മർമ്മം കണ്ട ബ. അച്ചന്റെ തൂലിക എന്റെ ഗ്രന്ഥത്തിനൊരവതാരിക എഴുതുന്നതിൽ പ്രദർശിപ്പിച്ച മൃദുലതയ്ക്കും സ്നേഹവായ്പിനും ഞാനെന്നെന്നും കടപ്പെട്ടവനാണ്.

ഈ പുസ്തകത്തിന്റെ മുദ്രണത്തിനും പ്രകാശത്തിനും പ്രചരണത്തിനും അക്ഷീണം യത്നിച്ച ശ്രീ. അഞ്ചി എൻ. കൊല്ലംപറമ്പ് (പ്രിൻസിപ്പൽ കൺസൾട്ടന്റ്, കിറ്റ്കൊ, എറണാകുളം), ശ്രീ. എ.ജെ. അബി (ജനറൽ മാനേജർ, റ്റി.സി. എം, കളമശ്ശേരി), ശ്രീ. തമ്പി (ക്രിസ്ത്യൻ ബുക് സെന്റർ, എറണാകുളം), ശ്രീ മാത്യൂസ് (അക്കൗണ്ട്സ് ഓഫീസർ, ടെലഫോൺസ്, എറണാകുളം) എന്നിവരോടുള്ള എന്റെ അകൈതവമായ നന്ദി ഞാനിവിടെ പ്രകാശിപ്പിച്ചുകൊള്ളുന്നു.

എന്റെ കഴിഞ്ഞ പത്തു പുസ്തകങ്ങൾക്കും നൽകിയ സ്നേഹോഷ്മളമായ സ്വീകരണവും ആഴത്തിലും പരപ്പിലും വ്യാപിക്കുന്ന പാരായണ കൗതുകവും ധ്യാനാനുശീലനവും എല്ലാവരിൽ നിന്നും ഉണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്.

ക്രിസ്തു നൽകുന്ന നിതാന്തശാന്തി ഏവർക്കും അനുഭവമാകട്ടെ എന്നാശംസിച്ചുകൊണ്ട്.

നന്ദിപൂർവ്വം,
**എം.വൈ. യോഹന്നാൻ**

## ഒന്ന്

"അടയാളമുള്ള ഒരുത്തനെയും തൊടരുത്"
യെഹസ്കേൽ 9 : 6

യെഹസ്കേലിന്റെ പുസ്തകം അനേകം സ്വർഗ്ഗീയ ദർശനങ്ങൾ നിറഞ്ഞതാണ്. യെഹസ്കേലിന്റെ മേൽ ദൈവത്തിന്റെ ആത്മാവ് വന്നു എന്നും യഹോവയുടെ കൈ എന്റെ മേൽ വന്നു, യഹോവയുടെ ആത്മാവ് എന്റെ മേൽ വീണു എന്നിങ്ങനെയെല്ലാം പറഞ്ഞിരിക്കുന്നത് കാണാം ഈ ഗ്രന്ഥത്തിൽ.

യെഹസ്കേൽ പ്രവാചകനായിരുന്നു; പുരോഹിതനുമായിരുന്നു. യരുശലേമിൽ നിന്ന് ബാബേലിലേക്ക് അടിമകളായി കൊണ്ടുപോകപ്പെട്ട ദൈവജനം അവിടെ ദുഃഖിതരായി, നിരാശരായി കഴിയുമ്പോൾ അവർക്ക് ധൈര്യവും പ്രത്യാശയും നൽകുവാനായി യെഹസ്കേലിൽ കൂടെ ജീവനുള്ള ദൈവം സംസാരിച്ചതാണ് യെഹസ്കേലിന്റെ പുസ്തകത്തിലെ ഉള്ളടക്കം. ബി.സി. ആറാം നൂറ്റാണ്ടിൽ എഴുതിയ ഈ പുസ്തകത്തിന്റെ മുഖ്യവിഷയം - Judgment and glory - ന്യായവിധിയും ദൈവമഹത്വവും എന്നതാണ്.

മനുഷ്യഹൃദയത്തെ യരുശലേം ദേവാലയത്തോട് സാദൃശ്യപ്പെടുത്തിയാണ് യെഹസ്കേൽ വിവരിക്കുന്നത്. യരുശലേം ദേവാലയത്തിൽ നിന്ന് ദൈവമഹത്വം വിട്ടുപോയി

എന്ന് പ്രസ്താവിച്ചതിനു ശേഷം എന്തുകൊണ്ടാണ് ദൈവ തേജസ്സ് ദേവാലയത്തിൽ നിന്ന്മാറി, മാറിപ്പോയത് എന്ന് വ്യക്തമാക്കുകയാണ് ഈ പുസ്തകത്തിൽ. മനുഷ്യജീവി തത്തെ അതിൽകൂടെ തുറന്നു കാണിക്കുകയും അനുതപി ച്ചാൽ ദൈവതേജസ്സ് മടങ്ങിവരുമെന്ന് പ്രത്യാശയുടെ സന്ദേശം നൽകുകയുമാണ് യെഹസ്കേൽ ചെയ്യുന്നത്.

ഈ പശ്ചാത്തലം ഗ്രഹിച്ചിട്ട് നാം യെഹസ്കേൽ പ്രവ ചനം വായിച്ചാൽ നമുക്ക് വളരെ സുവ്യക്തമായും കൃത്യ മായും ഇതിലെ ഉള്ളടക്കം ഗ്രഹിക്കാൻ സാധിക്കും.

യെഹസ്കേൽ എട്ടാം അദ്ധ്യായത്തിൽ നാലു ദർശന ങ്ങൾ യെഹസ്കേൽ വിവരിക്കുന്നുണ്ട്. യരുശലേം ദേവാ ലയം പുറമേ നല്ല കെട്ടിടവും യാഗപീഠവും യാഗങ്ങളും പെരുന്നാളുകളും ആരാധനകളും മറ്റനേകം ബാഹ്യമായ അനുഷ്ഠാനങ്ങളും ഉള്ളതാണെങ്കിലും അതിന്റെ രഹസ്യ മായ ഉള്ളറകളിൽ വളരെ ഹീനവും നികൃഷ്ടവുമായ മ്ലേച്ഛതകൾ നടക്കുന്നു എന്ന് ചൂണ്ടിക്കാണിക്കുകയാണ് പ്രവാചകൻ. ദേവാലയത്തിൽ ധൂപകലശമുണ്ട്. ധൂപമേഘ ത്തിന്റെ വാസനയുണ്ട്. പക്ഷേ അവിടുത്തെ മൂപ്പൻമാർ (കശ്ശീശൻമാർ, പാസ്റ്ററൻമാർ) പുറമേ ധൂപകലശം പിടിച്ച് ശുശ്രൂഷിക്കുന്നു എങ്കിലും അവർ ഇരുട്ടത്ത് അറകളിൽ ചെയ്യുന്നത് മ്ലേച്ഛതയാണ് എന്ന് മുഖം നോക്കാതെ തുറന്നു പറയുകയാണ് പ്രവാചകൻ.

> മൂപ്പൻമാരിൽ എഴുപതുപേരും ശാഫാന്റെ മക നായ യയസന്യാവ് അവരുടെ നടുവിലും ഓരോ രുത്തൻ കൈയിൽ ധൂപകലശം പിടിച്ചുകൊണ്ടു നിന്നു; ധൂപമേഘത്തിന്റെ വാസന പൊങ്ങിക്കൊ ണ്ടിരുന്നു. അപ്പോൾ അവൻ എന്നോട് : മനുഷ്യ പുത്രാ, യിസ്രായേൽ ഗൃഹത്തിന്റെ മൂപ്പൻമാർ ഇരു ട്ടത്ത് ഓരോരുത്തൻ താന്താന്റെ ബിംബങ്ങളുടെ അറകളിൽ ചെയ്യുന്നത് നീ കാണുന്നുവോ? അവർ

ഇതിലും വലിയ മ്ലേച്ഛതകളെ ചെയ്യുന്നത് നീ കാണും. യെഹ 8 : 11-13

അവർ അത്യുച്ചത്തിൽ എന്നോടു നിലവിളിച്ചാലും ഞാൻ അപേക്ഷ കേൾക്കയില്ല.

യെഹ 8 : 18

ഇന്നത്തെ ദൃശ്യസഭകളും സമുദായങ്ങളും അനുതാപത്തോടെ ചിന്തിക്കാനുള്ള അനേകം കാര്യങ്ങൾ ഈ പ്രവചനത്തിലുണ്ട്. മനുഷ്യഹൃദയം ദൈവത്തിന്റെ ആലയമെന്നും മനുഷ്യന്റെ അകം മ്ലേച്ഛതകൊണ്ട് നിറഞ്ഞിരിക്കുന്നു എന്നും ദൈവാത്മാവ് പ്രവാചകനിൽകൂടെ ചൂണ്ടിക്കാണിക്കുകയാണ്. അകത്ത് തിന്മയും അഴുക്കും വരുമ്പോൾ തേജസ്സ് നഷ്ടപ്പെടുമെന്ന് ഈ പ്രവചനം പഠിപ്പിക്കുന്നു.

അകത്ത് ആലയത്തിനുള്ളിൽ നിറഞ്ഞു നിന്നിരുന്ന ദൈവമഹത്വം കെരൂബിൻമേൽ നിന്ന് പൊങ്ങി ഉമ്മരപ്പടിക്കൽ വന്നിരുന്നു എന്നതാണ് ആദ്യപടി. 9 : 3, 10 : 4

രണ്ടാമത്, ആ ദൈവമഹത്വം ഉമ്മരപ്പടിക്കൽ നിന്ന് പൊങ്ങി ഗോപുരത്തിന്റെ പ്രവേശനത്തിങ്കലുള്ള കെരൂബിൻമേൽ വന്നു നിൽക്കുന്നു. 10 : 18

മൂന്നാമത്, മഹത്വം ആലയത്തിൽ നിന്നും നഗരത്തിൽ നിന്നും വിട്ട് യരുശലേമിന്ന് കിഴക്കുള്ള ഒലീവ്മലമേൽ നിൽക്കുന്നു. 11 : 23

ഇങ്ങനെ ആലയത്തിൽ നിന്ന് മാറിപ്പോയ മഹത്വം യരുശലേം ദേവാലയത്തിലേക്ക് മടങ്ങിവരുന്നതായി പ്രവാചകൻ കാണുന്നുണ്ട്. മ്ലേച്ഛതകളെ വിടുകയും അവയെ ഓർത്ത് അനുതപിക്കുകയും ചെയ്തപ്പോൾ ആ മഹത്വകരമായ തേജസ്സ് മടങ്ങി വരുന്നു.

യിസ്രായേലിന്റെ ദൈവത്തിന്റെ തേജസ്സ് കിഴക്കു

> വഴിയായി വന്നു. അതിന്റെ മുഴക്കം പെരുവെള്ള ത്തിന്റെ ഇരെച്ചൽ പോലെയായിരുന്നു........ ഞാൻ കവിണ്ണുവീണു. യഹോവയുടെ തേജസ്സ് കിഴക്കോട്ടു ദർശനമുള്ള ഗോപുരത്തിൽ കൂടി ആലയത്തിലേക്ക് പ്രവേശിച്ചു. 43 : 2-4
>
> യഹോവയുടെ തേജസ്സ് ആലയത്തെ നിറച്ചിരുന്നു. 43 : 5

കുറേശ്ശെ, കുറേശ്ശെയായി, വിട്ടുപോയ ദൈവതേജസ്സ് ആലയത്തിലേക്ക് മടങ്ങിവന്നു.

ഈ വാക്കുകളെ കേൾക്കുന്ന മാന്യസ്നേഹിതാ, പ്രിയ സഹോദരീ, ദൈവമഹത്വം വിട്ടുപോയ അവസ്ഥയിലാണോ നീ ഇരിക്കുന്നത്? നിന്നിൽ നിന്ന് മഹത്വം പൊയ്പ്പോയി എന്ന് നീ അറിയുന്നുണ്ടോ? ഒരു കാലത്തുണ്ടായിരുന്ന ജീവിത വിശുദ്ധി നിനക്കുണ്ടോ? ഒരു സമയത്ത് നിന്റെ ഉള്ളിൽ തിളച്ചുകൊണ്ടിരുന്ന സ്തുതിയും സന്തോഷവും ഇന്ന് നിന്നിലുണ്ടോ? ഒരിക്കൽ നിന്റെ ഉള്ളിൽ കത്തിജ്ജ്വലിച്ചു നിന്നിരുന്ന സ്നേഹം ഇന്ന് നിന്റെ ഹൃദയത്തിലുണ്ടോ? ഒരു കാലത്തുണ്ടായിരുന്ന തകർന്നതും നുറുങ്ങിയതുമായ ഹൃദയം ഇന്ന് നിനക്കുണ്ടോ?

പ്രിയനേ, നിന്റെ കണ്ണുനീര് വറ്റിപ്പോയിട്ട് നാളുകളേറെയായല്ലോ. നിന്റെ ഹൃദയം വരണ്ടിരിക്കുന്നല്ലോ. നിന്റെ മനസ്സ് മരവിച്ചിരിക്കുന്നല്ലോ. നിന്റെ മനം തഴമ്പിച്ചുപോയല്ലോ. വചനത്തിലുള്ള മധുരവും വചനത്തോടുള്ള ആർത്തിയും നിന്നിൽ നിന്ന് പൊയ്പ്പോയല്ലോ.

മകനേ, നിന്റെ ഹൃദയത്തിൽ ആരോടെല്ലാമോ പരിഭവം നിറഞ്ഞു നിൽക്കുന്നുവല്ലോ. അശുദ്ധ ചിന്തകളും മലിന മോഹങ്ങളും നിന്റെ നിയന്ത്രണം വിട്ട് നിന്റെ ഹൃദയത്തിൽ ചേക്കേറിയിരിക്കുന്നുവല്ലോ. പകയും വിദ്വേഷവും പരാതിയും മറ്റുള്ളവരെ വിധിക്കലും കൊണ്ട് നിന്റെ ഉള്ളു

വിങ്ങുന്നുവല്ലോ. പ്രതികാര ചിന്തയും വൈരാഗ്യവും നിന്നിൽ വിട്ടുമാറാതെ നിൽക്കുന്നുവല്ലോ.

സ്നേഹിതാ, വിട്ടുപോയ ദൈവതേജസ്സ് മടങ്ങിവരുന്ന മഹാഭാഗ്യം നീ അനുഭവിക്കാൻ കൊതിക്കുന്നുവോ? നിന ക്കത് തരാനാണ് സ്നേഹവാനായ ക്രിസ്തു നിന്റെ അരി കത്ത് വന്നു നിൽക്കുന്നത്. നഷ്ടസൗഭാഗ്യങ്ങളിലേക്ക് നിന്നെ കരേറ്റാനാണ് അരുമരക്ഷകൻ ആണിപ്പാടുള്ള കരം നിന്റെ നേരെ നീട്ടിക്കൊണ്ട് നിന്റെ മുമ്പിൽ നിൽക്കുന്നത്.

നീ ഒന്നു ചെയ്താൽ മതി. അത്ഭുതം നടക്കും.

മ്ലേച്ഛതകളെ ഓർത്ത് നെടുവീർപ്പിട്ട് കരയുക. നെറ്റിയിൽ അടയാളം ലഭിക്കും.

> സകല മ്ലേച്ഛതകളും നിമിത്തം നെടുവീർപ്പിട്ടു കരയുന്ന പുരുഷന്മാരുടെ നെറ്റികളിൽ ഒരടയാള മിടുക. 9 : 4

> അടയാളമുള്ള ഒരുത്തനെയും തൊടരുത്. അട യാളും ലഭിക്കുന്നവനെ വെട്ടിക്കളയരുത്. അടയാ ളമില്ലാത്തവരെ ഛേദിച്ചു കളവിൻ. 9 : 6

വളരെ ഹൃദയസ്പർശിയായ ഒരു ദർശനമാണ് ഒൻപതാം അദ്ധ്യായത്തിൽ ഉള്ളത്.

ദൈവകല്പന പ്രകാരം ആറു പുരുഷൻമാർ ഓരോ വെൺമഴു കൈയിൽ എടുത്തുകൊണ്ട് വന്നു. അവരുടെ നടുവിൽ ശണവസ്ത്രം ധരിച്ച് അരയിൽ എഴുത്തുകാരന്റെ മഷിക്കുപ്പിയുമായി ഒരുത്തൻ ഉണ്ടായിരുന്നു.

വെൺമഴു കൈയിൽ ഏന്തിയവർക്ക് സകലരെയും വെട്ടി വീഴിക്കാനുള്ള കല്പന ലഭിച്ചു. അവരോട് ദൈവം കല്പി ച്ചു.

> നിങ്ങളുടെ കണ്ണിന് ആദരവ് തോന്നരുത്, നിങ്ങൾ

> കരുണകാണിക്കരുത്. വൃദ്ധൻമാരെയും യൗവ്വനക്കാരെയും കന്യകമാരെയും സ്ത്രീകളെയും പൈതങ്ങളെയും കൊന്നു കളവിൻ. 9 : 5-6

എന്നാൽ അവർ മഹാസംഹാരം നടത്തുന്നതിന് മുമ്പ് അരയിൽ എഴുത്തുകാരന്റെ മഷിക്കുപ്പിയുമായി ശണവസ്ത്രം ധരിച്ച് നിൽക്കുന്ന പുരുഷൻ ഓരോരുത്തന്റെ നെറ്റിയിൽ അടയാളമിടണം. എല്ലാവരുടെയും നെറ്റിയിൽ അടയാളമിടരുത്. ഒരു പ്രത്യേക വ്യവസ്ഥ പാലിക്കുന്നവരുടെ നെറ്റിയിൽ മാത്രം അടയാളമിടുക എന്നതാണ് കല്പന.

> യരുശലേമിൽ നടക്കുന്ന സകല മ്ലേച്ഛതകളും നിമിത്തം നെടുവീർപ്പിട്ടു കരയുന്ന പുരുഷൻമാരുടെ നെറ്റികളിൽ അടയാളമിടുവിൻ. 9 : 4

> ഇങ്ങനെ അടയാളം ലഭിച്ച ആരെയും വെട്ടിക്കളയരുത്. അയാളമുള്ള ഒരുത്തനെയും തൊടരുത്. 9 : 6

ഈ അടയാളം ഏതാണ്? ഊനമില്ലാത്ത കുഞ്ഞാടിന്റെ രക്തമത്രേ അടയാളം. യിസ്രായേൽ മക്കൾ തങ്ങളുടെ ഭവനത്തിന്റെ വാതിൽപ്പടികളിലും മുകളിലത്തെ കുറുമ്പടിയിലും, കുഞ്ഞാടിനെ അറുത്ത്, രക്തം തളിച്ചു. രക്തം കാണുമ്പോൾ ആ ഭവനത്തിൽ കയറാതെ സംഹാരകൻ കടന്നുപോകും. രക്തം അടയാളമുള്ള ഭവനത്തിനുള്ളിൽ ഇരിക്കുമ്പോൾ സരക്ഷിതരായിരിക്കും.

രക്തം അടയാളമായി പതിച്ചിട്ടില്ലാത്ത ഭവനങ്ങളിൽ സംഹാര ദൂതൻ കടന്നുചെന്ന്, മഹാസംഹാരം നടത്തി. കടിഞ്ഞൂലുകളെല്ലാം വധിക്കപ്പെട്ടു. ആ അർദ്ധരാത്രിയിൽ സംഹാരം നടന്ന വീടുകളിൽ നിന്ന് മുറവിളി ഉയർന്നു. എന്നാൽ രക്തം അടയാളമായി ഉണ്ടായിരുന്ന വീടുകളിൽ ഒരു കേടും സംഭവിച്ചില്ല.

> നിങ്ങൾ പാർക്കുന്ന വീടുകളിൻമേൽ രക്തം

അടയാളമായിരിക്കും, ഞാൻ രക്തം കാണുമ്പോൾ നിങ്ങളെ ഒഴിഞ്ഞു കടന്നുപോകും.
പുറപ്പാട് 12 : 13, 12 : 21, 21 : 23.

ഈ തിരുരക്തത്തിന്റെ അടയാളം നിനക്കു തരാനാണ് ലോകത്തിന്റെ പാപം ചുമന്നൊഴിക്കുന്ന ദൈവകുഞ്ഞാട് അറുക്കപ്പെട്ടത്. തിരുരക്തത്തിന്റെ അടയാളം നിനക്കു തരാനാണ് പാപമില്ലാത്തവനായ യേശുക്രിസ്തു ക്രൂശിൻമേൽ തിരുരക്തം ചിന്തിയത്. ന്യായവിധിയുടെ ഭീകര ശിക്ഷാവിധിയിൽ നിന്ന് നിന്നെ മോചിപ്പിക്കാനാണ് കുറ്റമില്ലാത്തവനായ ക്രിസ്തു കുറ്റവാളികളുടെ മദ്ധ്യത്തിൽ ക്രൂശിക്കപ്പെട്ടത്. സ്നേഹിതാ, നിന്നെ നത്യാന്ധകാരത്തിന്റെ ഘോരശിക്ഷയിൽ നിന്ന് വിടുവിക്കാനാണ് പ്രകാശത്തിന്റെ ഉറവിടമായവൻ കുരിശിൽ ക്രൂരശിക്ഷയേറ്റത്. നിന്നെ നിത്യമരണത്തിൽ നിന്ന് രക്ഷിക്കാനാണ് ജീവന്റെ നിറകുടമായവൻ ക്രൂശിൽ മരണം രുചി നോക്കിയത്. നിന്റെ നിത്യവിലാപം ഒഴിവാക്കാനാണ് ക്രിസ്തു നട്ടുച്ചയിരുട്ടിൽ ദീനദീനം കേണത്.

മാന്യയുവാവേ, നീ ഈ അടയാളം സ്വന്തമാക്കിയോ? നിന്റെ നെറ്റിയിൽ ഈ തിരുരക്തത്തിന്റെ അടയാളം സ്വന്തമാക്കിയോ? നിന്റെ നെറ്റിയിൽ ഈ തിരുരക്തത്തിന്റെ അടയാളം ലഭിച്ചുവോ? ലോകത്തിൽ നിനക്ക് ഉയർന്ന ഡിഗ്രികളുണ്ട്. നിനക്ക് സാമ്പത്തികമായ ഭദ്രതയുണ്ട്. നിനക്ക് ഇന്ന് നല്ല ആരോഗ്യത്തിളപ്പുണ്ട്. ഇന്ന് നിനക്ക് ധാരാളം ബന്ധുബലമുണ്ട്. ഇന്നിവിടെ നിനക്ക് സ്ഥാനമാനങ്ങളുണ്ട്, നിലയും വിലയുമുണ്ട്, പേരും പെരുമയുമുണ്ട്. അടയാളമുണ്ടോ? തിരുരക്തത്തിന്റെ മുദ്രയുണ്ടോ?

ഇല്ലെങ്കിൽ, ഇതാ പിന്നാലെ ശിക്ഷാവിധി വരുന്നു. ശിക്ഷയിൽ വെട്ടേറ്റു വീഴുന്നതിനു മുമ്പെ അതിവേഗം മുദ്ര പ്രാപിച്ചികൊള്ളുവിൻ. കൃപാസനത്തിലിരിക്കുന്ന കാരുണ്യവാനായ ക്രിസ്തു ന്യായാസനത്തിലേക്ക് മാറുന്നതിന് മുമ്പ് നീ ദൈവവുമായി നിരന്നുകൊൾക. പെട്ടകത്തിന്റെ വാതിൽ

അടയുന്നതിന് മുമ്പ്, അതിവേഗം പെട്ടകത്തിൽ കയറുവിൻ.

ഇപ്പോൾ ആകുന്നു സുപ്രസാദകാലം, ഇപ്പോൾ ആകുന്നു രക്ഷാദിവസം. 2 കൊരി 6 : 2

ടോൾസ്റ്റോയിയുടെ ഒരു കഥയുണ്ട്. ഒരു മനുഷ്യൻ ഘോരമായ ഒരു വനത്തിലൂടെ പോവുകയായിരുന്നു. ഒരു വന്യമൃഗം അയാളുടെ നേരെ ഓടിവരുന്നതു കണ്ട് അയാൾ ഓടി. മൃഗമുണ്ട് പിന്നാലെ. അയാളുടെ പ്രാണഭയത്തിലുള്ള ആ ഓട്ടത്തിൽ കാട്ടിലെ ഒരു പൊട്ടക്കിണറ്റിൽ വീണു. ഭാഗ്യം, ഒരു വേരിൽ പിടികിട്ടി. അതുകൊണ്ട് താഴെപോയില്ല.

മൃഗം മുകളിലുണ്ട്. പിടിച്ചുപിടിച്ച് മുകളിൽ കയറിയാൽ മൃഗം കൊന്നു തിന്നും.

അയാൾ താഴോട്ട് നോക്കി. താഴെ ഒരു ഉഗ്രൻ പാമ്പ്. താഴെ പോയാൽ പാമ്പ് കടിക്കും. മുകളിലോട്ടും പാടില്ല, താഴോട്ടും പാടില്ല. അയാൾ നോക്കിയപ്പോൾ അയാൾ പിടിച്ചിരിക്കുന്ന വേര് ഒരറ്റത്ത് ഒരു വെളുത്ത എലിയും മറ്റേ അറ്റത്ത് ഒരു കറുത്ത എലിയും കരണ്ടു കൊണ്ടിരിക്കുകയാണ്. പകലും രാവുമാണ് ജീവിതം. ഏതാനും നിമിഷങ്ങൾക്കുള്ളിൽ, ഇപ്പോൾ പിടിച്ചിരിക്കുന്ന കൊമ്പും അറ്റുപോയിട്ട് താഴെ വീഴും.

പക്ഷേ, അപ്പോഴുണ്ട്, ആ മനുഷ്യൻ തന്റെ അടുത്ത് ഒരു തേനീച്ചക്കൂട് കണ്ടു. ധാരാളം തേൻ. അത് എടുത്തു കുടിച്ചുകൊണ്ടിരുന്നു.

തന്റെ ഭയാനകമായ അവസ്ഥയോ വരാനിരിക്കുന്ന ഘോര വിപത്ത് എത്രയും സമീപമെന്നോ ചിന്തിക്കാതെ അയാൾ ആ തേൻ കുടിച്ചുകൊണ്ട് അവിടെ ഇരുന്നു.

ഏറ്റവും ഭയാനകമായ അവസ്ഥയിലാണെങ്കിലും മനു

ഷ്യൻ രക്ഷ നേടാനുള്ള ഉപായം ചിന്തിക്കാതെ തൽക്കാല സുഖത്തിൽ ലയിച്ചും രസിച്ചും സമയം പോക്കുന്നു എന്നതാണ് ഈ ടോൾസ്റ്റോയി കഥയുടെ രത്ന ചുരുക്കം.

പ്രിയ സോദരീ, വരാൻ പോകുന്ന നാശം നീ അറിയുന്നുവോ? ഘോരനാശത്തിൽ നിന്ന് നിനക്ക് രക്ഷപ്പെടാനുള്ളതെല്ലാം കരുണയുള്ള കർത്താവ് ക്രൂശിൽ തികച്ചു എന്ന് നീ വിശ്വസിക്കുന്നുവോ? ഇക്കണ്ട കാലങ്ങളെല്ലാം പാഴാക്കിക്കളഞ്ഞുപോയി എന്ന് നിനക്ക് പശ്ചാത്താപം വരുന്നുവോ? ഇപ്പോൾ ഈ വാക്കുകൾ വായിക്കുമ്പോൾ തന്നേ, നിനക്ക് തിരുരക്തത്തിന്റെ അടയളം തരാൻ ക്രിസ്തു മനസ്സലിവോടെ നിൽക്കുന്നു എന്ന് നീ വിശ്വസിക്കുന്നുവോ?

എങ്കിൽ ഒരു വാക്ക് യേശുവിനോടു പറയൂ. കർത്താവേ നാളുകൾ, മാസങ്ങൾ ആണ്ടുകൾ ഞാൻ പാപത്തിന്റെ പാഴിരുളിൽ പോക്കി. നിന്റെ ഈ ജീവവചനം കേട്ട് എന്റെ കണ്ണു തെളിഞ്ഞിരിക്കുന്നു. ഞാനിതാ ഒരു തീരുമാനമെടുക്കുന്നു. ഇന്നു മുതൽ ക്രിസ്തു വസിക്കുന്ന ഒരു പുതിയ ജീവിതം ഞാൻ നയിക്കും. ഇന്നു മുതൽ ഒരു പുതിയ മനുഷ്യനായി ഞാൻ ജീവിക്കും.

നാളും മാസവുമാണ്ടും ഞാൻ
പാപപ്പാഴിരുളിൽ പോക്കി
നിൻ ജീവധ്വനി കേട്ടപ്പോൾ
കണ്ണു തെളിഞ്ഞാനന്ദിച്ചേൻ.

നാഥാ ദൂരെപ്പോകരുതേ
ഇയുള്ളോളെ തള്ളരുതേ
മാനിപ്പാൻ മടി കാണിച്ചാൽ
ക്ഷീണിച്ചയ്യോ ഞാൻ ചാകും

ദൈവം നമ്മെ എല്ലാവരേയും അനുഗ്രഹിക്കട്ടെ. സ്തോത്രം.

## രണ്ട്

“അടയാളമുള്ള ഒരുത്തനെയും തൊടരുത്”
യെഹസ്കേൽ 9 : 6

അതിന്റെ ശേഷം ഭൂമിമേലും കടലിൻമേലും യാതൊരു വൃക്ഷത്തിൻമേലും കാറ്റ് ഊതാതിരിക്കേണ്ടതിന്ന് നാലു ദൂതൻമാർ ഭൂമിയിലെ നാലു കാറ്റും പിടിച്ചുകൊണ്ട് ഭൂമിയുടെ നാലു കോണിലും നിൽക്കുന്നത് ഞാൻ കണ്ടു. മറ്റൊരു ദൂതൻ ജീവനുള്ള ദൈവത്തിന്റെ മുദ്രയുമായി കിഴക്കുനിന്ന് കയറുന്നതും കണ്ടു. അവൻ ഭൂമിക്കും സമുദ്രത്തിനും കേടുവരുത്തുവാൻ അധികാരം ലഭിച്ച നാലു ദൂതന്മാരോട് : നമ്മുടെ ദൈവത്തിന്റെ ദാസൻമാരുടെ നെറ്റിയിൽ ഞങ്ങൾ മുദ്രയിട്ടു കഴിയുവോളം ഭമിക്കും സമുദ്രത്തിന്നും വൃക്ഷങ്ങൾക്കും കേടു വരുത്തരുത് എന്ന് ഉറക്കെ വിളിച്ചു പറഞ്ഞു. മുദ്രയേറ്റവരുടെ എണ്ണവും ഞാൻ കേട്ടു.
വെളി. 7 : 1–4

ന്യായവിധിയുടെ നിയോഗത്തോടെ നിൽക്കുന്ന നാലു ദൂതന്മാർ. ദൈവത്തിന്റെ ദാസന്മാരുടെ നെറ്റിയിൽ മുദ്രയിടുവാൻ നിയോഗിക്കപ്പെടുന്ന മറ്റൊരു ദൂതൻ.

ഭൂമിക്കും സമുദ്രത്തിനും വൃക്ഷങ്ങൾക്കും കേടുവരുത്തുവാൻ അധികാരം ലഭിച്ചവർ. ദൈവത്തിന്റെ പ്രിയ ദാസന്മാരുടെ നെറ്റിയിൽ അടയാളം ഇടുവാൻ കല്പന ലഭിച്ചവർ.

സുവിശേഷം ആദ്യം പ്രസംഗിക്കുന്നു. സുവിശേഷം കൈക്കൊണ്ട് മാനസാന്തരപ്പെട്ട് ക്രിസ്തുവിനോടുകൂടെ ജീവിക്കുന്നവരുടെ നെറ്റിയിൽ മുദ്ര ലഭിക്കുന്നു.

സുവിശേഷം അനുസരിക്കാത്തവർക്ക് നാശത്തിന്റെ ശിക്ഷ നൽകുവാൻ അധികാരത്തോടെ ദൈവം പ്രവർത്തിക്കുന്നു.

മുദ്രയുള്ളവർക്ക് കേട് സംഭവിക്കുകയില്ല. നെറ്റിയിൽ മുദ്ര ലഭിച്ചാൽ ഭാഗ്യം. സുവിശേഷം അനുസരിക്കാത്തവർക്ക് മുദ്ര കിട്ടുകയില്ല.

പഴയ നിമയത്തിലെ ഏറ്റവും ഒടുവിലത്തെ വാക്യം ഈ മാഹാത്മ്യം വെളിപ്പെടുത്തുന്നുണ്ട്.

> യഹോവയുടെ വലുതും ഭയങ്കരവുമായ നാൾ വരുന്നതിനു മുമ്പെ ഞാൻ നിങ്ങൾക്ക് ഏലിയാ പ്രവാചകനെ അയയ്ക്കും. ഞാൻ വന്നു ഭൂമിയെ സംഹാര ശപഥംകൊണ്ട് ദണ്ഡിപ്പിക്കാതിരിക്കേണ്ടതിന് അവൻ അപ്പൻമാരുടെ ഹൃദയം മക്കളോടും മക്കളുടെ ഹൃദയം അപ്പൻമാരോടും നിരപ്പിക്കും.
>
> മാലാഖി 4 : 5-6

ഇന്ന് കുടുംബങ്ങൾ തകർന്നു കിടക്കുകയാണ്. കുടുംബബന്ധങ്ങൾ അയഞ്ഞു കിടക്കുകയാണ്. മാതാപിതാക്കളും മക്കളും തമ്മിൽ നിരപ്പിലല്ല; അഭിപ്രായ വ്യത്യാസവും വഴക്കും കലഹവും ഭീഷണിയും പോർവിളിയും തെറ്റിദ്ധാരണകളും പരസ്പര വിശ്വാസമില്ലായ്മയും അനേക കുടുംബങ്ങളെ ഇന്ന് നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഭാര്യാഭർത്താക്കൻമാർ തമ്മിൽ തെറ്റിദ്ധാരണയും സംശയങ്ങളും മുഷിച്ചിലുകളും കൊണ്ട് കുടുംബസമാധാനം നഷ്ടപ്പെട്ട്, ഐശ്വര്യം നശിച്ച് ഇന്ന് ദുരിതത്തിലും ദുഃഖത്തിലും കഴിയുകയാണ്.

അകന്നുപോയവരെ അടുപ്പിക്കുവാൻ ദൈവത്തിന്റെ പരിശുദ്ധാത്മാവിന് കഴിയും. ഇനി ഒരിക്കലും ഒരുമിച്ച് ജീവിക്കുകയില്ല എന്ന് തീരുമാനിച്ചിരുന്നവരെ ഒന്നിപ്പിക്കുവാൻ ജീവനുള്ള യേശുവിന് കഴിയും. മാനസാന്തരപ്പെടുക. അതു മാത്രം മതി. ആദ്യം മാനസാന്തരപ്പെടുവാൻ വചനം അയയ്ക്കുന്നു. പിന്നീട് വചനം അനുസരിക്കാതെയും അംഗീകരിക്കാതെയും മാനസാന്തരപ്പെടാതെയും കഴിയുന്നവർക്ക് സംഹാരവും നിത്യനാശവുമുണ്ടാകുന്നു.

യേശുക്രിസ്തു നസ്രേത്തിലെ ദേവാലയത്തിൽ ചെന്ന് തിരുവചനം വായിച്ചതിനെക്കുറിച്ച് ലൂക്കോസ് നാലാം അദ്ധ്യായത്തിൽ വിവരിക്കുന്നുണ്ട്. യെശയ്യാ പ്രവാചകന്റെ പുസ്തകത്തിൽ നിന്നാണ് കർത്താവ് വായിച്ചത്. യെശയ്യാ 61-ാം അദ്ധ്യായത്തിന്റെ ആദ്യഭാഗമാണ് വായിച്ചത്.

> ദരിദ്രൻമാരോട് സുവിശേഷം അറിയിപ്പാൻ കർത്താവ് എന്നെ അഭിഷേകം ചെയ്കയാൽ അവന്റെ ആത്മാവ് എന്റെമേൽ ഉണ്ട്, ബദ്ധൻമാർക്ക് വിടുതലും കുരുടൻമാർക്ക് കാഴ്ചയും പ്രസംഗിപ്പാനും പീഡിതൻമാരെ വിടുവിച്ചയപ്പാനും കർത്താവിന്റെ പ്രസാദവർഷം പ്രസംഗിപ്പാനും എന്നെ അയച്ചിരിക്കുന്നു.
>
> ലൂക്കോസ് 4 : 16-19

യെശയ്യാ പ്രവാചകന്റെ പുസ്കത്തിൽ ഈ ഭാഗത്ത് രേഖപ്പെടുത്തിയിരിക്കുന്നതിൽ നിന്ന് അല്പം മാറ്റം വരുത്തിയാണ് കർത്താവ് വായിച്ചത്. ദൈവത്തിന്റെ “പ്രതികാര ദിവസവും” എന്ന വാചകം കർത്താവ് വിട്ടു വായിച്ചു.

“യഹോവയുടെ പ്രസാദവർഷവും നമ്മുടെ ദൈവത്തിന്റെ പ്രതികാര ദിവസവും പ്രസിദ്ധമാക്കുവാനും” എന്ന് യെശയ്യാവ് എഴുതിയിരിക്കുന്നതിനെ യേശുക്രിസ്തു വായിച്ചപ്പോൾ “കർത്താവിന്റെ പ്രസാദവർഷം പ്രസംഗിപ്പാനും” എന്നു മാത്രമാക്കി ചുരുക്കി.

> ഇന്ന് ഈ തിരുവെഴുത്തിന് നിവൃത്തിവന്നു എന്ന് ലൂക്കോസ് 4 : 21-ൽ കർത്താവ് പ്രസംഗിക്കുന്ന തായി നാം കാണുന്നു. ക്രിസ്തുവിന്റെ ആദ്യത്തെ വരവ് പ്രസാദവർഷം പ്രസിദ്ധമാക്കാനാണ്. അനേ കരെ ദൈവപ്രസാദത്താൽ രക്ഷയിലേക്ക് ആനയി ക്കാനാണ്. പാപികളെ പരിശുദ്ധൻമാരാക്കിത്തീർക്കാ നാണ്. "ഇപ്പോൾ ആകുന്നു രക്ഷാദിവസം, ഇപ്പോൾത്തന്നേ സുപ്രസാദകാലം" എന്നുവിളിച്ചു പറഞ്ഞ് അനേകരെ പ്രളയത്തിൽ നിന്ന് രക്ഷിച്ച് രക്ഷയുടെ പെട്ടകത്തിൽ കയറ്റുവാനാണ്.
>
> 2 കൊരി 6 : 2

പ്രസാദവർഷം പ്രസിദ്ധമാക്കി വിളംബരം ചെയ്തിട്ടും വചനം അംഗീകരിച്ച് രക്ഷയിലേക്ക് വരാതിരിക്കുന്നവർക്ക് ദൈവത്തിന്റെ പ്രതികാരദിവസം അഥവാ ന്യായവിധിയുടെ അനുഭവം എന്നാണ് യെശയ്യാവ് എഴുതിരിയിരിക്കുന്നത്.

പ്രിയ സ്നേഹിതാ, ഇന്ന് ഈ നല്ല പ്രസാദകാലത്ത് രക്ഷയെ സ്വന്തമാക്കരുതോ? എന്തിന് താമസിക്കണം? നിന്റെ പാപങ്ങളെ ഏറ്റുപറഞ്ഞുപേക്ഷിച്ച് പുതിയ ജീവിതം തുട ങ്ങാൻ ഇനി എന്തിന് വൈകണം? "ആർക്കും പ്രവർത്തിച്ചു കൂടാത്ത രാത്രി" വരുന്നതിനു മുമ്പ്, ഇപ്പോൾ തന്നെ നെറ്റി യിൽ മുദ്രയേൽക്കുക. ഒട്ടും താമസിക്കരുത്.

മുദ്രയെക്കുറിച്ച് തിരുവചനത്തിൽ മറ്റു ചില ഭാഗങ്ങളിലും പറയുന്നുണ്ട്.

> "അവനിൽ നിങ്ങൾക്കും നിങ്ങളുടെ രക്ഷയെ ക്കുറിച്ചുള്ള സുവിശേഷം എന്ന സത്യവചനം നിങ്ങൾ കേൾക്കയും അവനിൽ വിശ്വസിക്കുകയും ചെയ്തിട്ട്, തന്റെ സ്വന്തജനത്തിന്റെ വീണ്ടെടുപ്പിനു വേണ്ടി തന്റെ മഹത്വത്തിന്റെ പുകഴ്ചയ്ക്കായിട്ട്, നമ്മുടെ അവകാശത്തിന്റെ അച്ചാരമായ വാഗ്ദത്ത ത്തിൻ പരിശുദ്ധാത്മാവിനാൽ മുദ്രയിട്ടിരിക്കുന്നു."
>
> എഫേസ്യർ 1 : 13-14

വാഗ്ദത്തത്തിൻ പരിശുദ്ധാത്മാവ് എന്ന മുദ്രലഭിച്ചു. ആർക്കാണ് ലഭിക്കുന്നത്?

ഒന്ന്, രക്ഷയെക്കുറിച്ചുള്ള സത്യവചനം കേൾക്കുന്നവർക്ക്

രണ്ട്, ക്രിസ്തുവിൽ വിശ്വസിക്കുകയും ചെയ്യുന്നവർക്ക്.

മൂന്ന്, വീണ്ടെടുപ്പിനുവേണ്ടി പരിശുദ്ധാത്മാവിനാൽ മുദ്ര ലഭിക്കുന്നു.

രക്ഷയെക്കുറിച്ചുള്ള സത്യവചനം കേട്ട്, വിശ്വസിച്ച് ജീവിക്കുന്നവർക്കാണ് പരിശുദ്ധാത്മാവ് മുദ്രയിടുന്നത്.

> "ഞങ്ങളെ നിങ്ങളോടുകൂടെ ക്രിസ്തുവിൽ ഉറപ്പിക്കുന്നതും നമ്മെ അഭിഷേകം ചെയ്തതും ദൈവമല്ലോ. അവൻ നമ്മെ മുദ്രയിട്ടും ആത്മാവ് എന്ന അച്ചാരം നമ്മുടെ ഹൃദയങ്ങളിൽ തന്നുമിരിക്കുന്നു."
>
> 2 കൊരിന്ത്യർ 1 : 21-22

ഈ മുദ്ര പരിശുദ്ധാത്മാവിനെ അച്ചാരമായി ലഭിക്കുന്നർക്കാണ് കിട്ടുന്നത്.

> ഈ പരിശുദ്ധാത്മാവിന്റെ മുദ്രയെക്കുറിച്ചുള്ള നല്ല മനോബോദ്ധ്യം ഉണ്ടായിരുന്നതിനാലാണ് പൗലോസ് പറയുന്നത് : ഇനി ആരും എനിക്ക് പ്രയാസം വരുത്തരുത്, ഞാൻ യേശുവിന്റെ ചൂടടയാളം എന്റെ ശരീരത്തിൽ വഹിക്കുന്നു.
>
> ഗലാത്യർ 6 : 17

"From now on, please don't argue with me about these things, for I carry on my body the scars of the whippings and wounds from Jesus' enemies that mark me as His slave." L.B.

ഞാൻ ക്രിസ്തുവിന്റെ അടിമയെന്ന് വിളിച്ചുപറയുന്ന അടയാളം എന്റെ ശരീരത്തിലുണ്ട്. പലപ്പോഴും ഏറ്റ അടികളും

ഉപദ്രവങ്ങളും പീഡകളും മൂലം പൗലോസിന്റെ ശരീരത്തിലുള്ള പാടുകൾ ക്രിസ്തുവിന്റെ അടിമയാണ് ഞാൻ എന്ന സത്യം വ്യക്തമാക്കുന്നു.

> അടിമയ്ക്ക് ലഭിക്കുന്ന ഒരടയാളത്തെപ്പറ്റി പുറപ്പാടു പുസ്തകത്തിലും ആവർത്തനപ്പുസ്തകത്തിലും രേഖപ്പെടുത്തിയിട്ടുണ്ട്.
>
> പുറപ്പാട് 21 : 1-10, ആവ. 15 : 12-18

അടിമയെ ഏഴാം സംവത്സരത്തിൽ സ്വതന്ത്രനായി പോകാൻ അനുവദിക്കണമെന്നാണ് കല്പന.

> "എന്നാൽ ദാസൻ : ഞാൻ എന്റെ യജമാനനെയും എന്റെ ഭാര്യയെയും മക്കളെയും സ്നേഹിക്കുന്നു, ഞാൻ സ്വതന്ത്രനായി പോകയില്ല എന്ന് തീർത്തു പറഞ്ഞാൽ യജമാനൻ അവനെ ദൈവസന്നിധിയിൽ കൂട്ടിക്കൊണ്ടു ചെന്ന് കതകിന്റെയോ കട്ടളക്കാലിന്റെയോ അടുക്കൽ നിറുത്തീട്ട് സൂചികൊണ്ട് അവന്റെ കാത് കുത്തിത്തുളയ്ക്കേണം, പിന്നെ അവൻ എന്നേക്കും അവന്നു ദാസനായിരിക്കേണം."
>
> പുറ 21 : 56

ഈ കാതു കുത്തി അടിമത്തം നിലനിറുത്തുന്നതിനെപ്പറ്റി ചിന്തിച്ചുകൊണ്ടാണ് ദാവീദ് പറയുന്നത്.

"നീ ചെവികളെ എനിക്ക് തുളച്ചിരിക്കുന്നു." സങ്കീ. 40 : 6 എന്ന വാക്യം ഇംഗ്ലീഷ് വേദപുസ്തകത്തിൽ (L.B.)

"You nave accepted the offer of my life-long service" എന്നാണ്. "എന്റെ ജീവപര്യന്തമുള്ള സേവനത്തിനുള്ള സമർപ്പണം നീ അംഗീകരിച്ചിരിക്കുന്നു" എന്നർത്ഥം.

എന്നെന്നും ഞാൻ നിന്നടിമ എന്ന് സമർപ്പിക്കുന്ന ഒരു ദൈവപൈതലിന്റെ സമർപ്പണത്തിന്റെ ആഴത്തെയാണ് ചെവി കുത്തിത്തുളയ്ക്കുന്ന അയാളം സൂചിപ്പിക്കുന്നത്.

പ്രിയ സ്നേഹിതാ, യജമാനൻ സ്വാതന്ത്ര്യം നൽകുമ്പോൾ എനിക്ക് യജമാനനെ വിട്ടുള്ള സ്വാതന്ത്ര്യം വേണ്ട; എനിക്ക് യജമാനനോട് ചേർന്നുള്ള അടിമത്തം മതി - അതാണ് മധുരമായ അടിമത്തം എന്നുപറയുന്ന സമർപ്പണം. ഇതു നീ എടുത്തിട്ടുണ്ടോ? ഇനി ഞാനില്ല, എന്റെ യേശുമാത്രം. യേശുവിന്റെ തിരുഹിതം മാത്രം. എനിക്ക് സ്വന്തം ഭാവിയില്ല, സ്വന്തം താല്പര്യമില്ല, സ്വന്തം പദ്ധതിയില്ല, സ്വന്തം അഭിപ്രായമില്ല. ഞാൻ ജീവിക്കുന്നത് എന്റെ യേശുവിനുവേണ്ടി എന്ന് ഏല്പിച്ചുകൊടുക്കുന്ന സമർപ്പണം. അത് സ്നേഹത്തിന്റെ സമർപ്പണം. ആരും പ്രേരിപ്പിച്ചിട്ടില്ല, ആരെയും ബോധിപ്പിക്കാനുമല്ല. ക്രിസ്തു എനിക്ക് എന്താണ് ചെയ്തുതന്നത് എന്ന് തിരിച്ചറിഞ്ഞത് ക്രിസ്തുവിനെ സ്നേഹിക്കുന്ന, നിറഞ്ഞ നന്ദിയുടെ സമർപ്പണം. ആ സമർപ്പണമേ നിലനിൽക്കുകയുള്ളൂ.

> അല്ലാത്തതെല്ലാം മണലിൻമേൽ വീടു പണിത മനുഷ്യനെക്കുറിച്ച് കർത്താവ് അരുളിച്ചെയ്യുന്ന ഉപമയിൽ കാണുന്നതുപോലെ, കാലം മാറുമ്പോൾ, കൊടുങ്കാറ്റടിക്കുമ്പോൾ, വെള്ളം പൊങ്ങുമ്പോൾ, പെരുവെള്ളം ആ വീട്ടിൽ വന്നലയ്ക്കുമ്പോൾ തകർന്നടിഞ്ഞു പോകുന്നതത്രേ.
>
> മത്തായി 7 : 24-27

പാറമേൽ വീണ വിത്ത് മുളയ്ക്കുമെങ്കിലും വേരില്ലാത്തതിനാൽ ചൂടു തട്ടുമ്പോൾ കരിഞ്ഞു പോകുന്നതുപോലെ ഉപരിപ്ലവമായ സമർപ്പണങ്ങൾ മാത്രമായിത്തീർന്നുപോകും, അപ്രകാരമുള്ളവ.

"അടയാളമുള്ള ഒരുത്തനെയും തൊടരുത്" എന്ന വചനം വളരെ ഗൗരവത്തോടെ നാം ഓർക്കേണ്ടതാണ്. ഈ ഭൂമിയിൽ നാം ശരീരത്തിൽ വസിക്കുന്ന കാലത്തുതന്നെ അടയാളം നാം പ്രാപിക്കേണ്ടതാണ്.

അതിനുള്ള വ്യവസ്ഥ പറഞ്ഞിരിക്കുന്നത് ഒന്നുകൂടി ശ്രദ്ധി

ക്കൂ.

"ആലയത്തിൽ നടക്കുന്ന സകല മ്ലേച്ഛതകളും നിമിത്തം നെടുവീർപ്പിട്ടു കരയുന്ന പുരുഷൻമാരുടെ നെറ്റിയിൽ അടയാളമിടുക" എന്നാണ് ദൈവകല്പന.
യെഹ 9 : 4

പ്രിയ സഹോദരീ, നിന്റെ ശരീരമാകുന്ന ദേവാലയം വിശുദ്ധമാണോ? അതിൽ മ്ലേച്ഛതകൾക്ക് നീ ഇടം കൊടുത്തിട്ടില്ലേ? നിന്റെ ഭർത്താവല്ലാതെ, അന്യൻ നിന്റെ ശരീരം കാണുവാനോ തൊടുവാനോ ഇടയായിട്ടുണ്ടോ? നിന്റെ ശരീരം പരിശുദ്ധാത്മാവിന്റെ കുടിയിരുപ്പു ഭവനമാക്കിത്തീർക്കണമേ എന്ന് പ്രാർത്ഥന ഉരുവിട്ടിട്ടില്ലേ? "ശുദ്ധമുള്ള റൂഹാ, ശുദ്ധമുള്ള നിന്റെ കുടിയിരിപ്പിന്ന് ഭവനങ്ങളാക്കി ഞങ്ങളെ നീ ചമയ്ക്കണമേ" എന്ന പ്രാർത്ഥന കാണാതെ നീ ചൊല്ലിയിട്ടില്ലേ?

എന്നാൽ വാസ്തവത്തിൽ പരിശുദ്ധാത്മാവിന് വസിക്കാൻ തക്കവണ്ണം വിശുദ്ധമാണോ നിന്റെ ശരീരം?

മാന്യയുവാവേ, നിന്റെ ശരീരം മദ്യകൊണ്ട് നീ അശുദ്ധമാക്കിയിട്ടില്ലേ? ഒരു നിസ്സാര സിഗരറ്റിനുപോലും കീഴ്പ്പെടുത്തുവാൻ കഴിയുന്നതല്ലേ നിന്റെ ആളത്വം? പുകവലിക്കുന്നത് ഉപേക്ഷിക്കാൻ പറ്റാത്തവിധം അത്രയ്ക്കു നീ സിഗരറ്റിന്റെയോ ബീഡിയുടെയോ അടിമയല്ലേ? ചിന്തിക്കൂ! നിന്റെ ഏതെങ്കിലും അവയവങ്ങളെ നിയന്ത്രിക്കാൻ നിനക്ക് കഴിയുന്നുണ്ടോ? നീ ഇന്ന് കോപത്തിന്റെ അടിമയല്ലേ? നീ പറയുന്ന വാക്കുകൾ നിന്റെതന്നെ നിയന്ത്രണത്തിൽ നിന്ന് വിട്ടുനിൽക്കുന്നവയല്ലേ?

"ആത്മസംയമം ഇല്ലാത്ത പുരുഷൻ മതിൽ ഇല്ലാതെ ഇടിഞ്ഞു കിടക്കുന്ന പട്ടണം പോലെയാകുന്നു."
സദൃശ്യവാക്യങ്ങൾ. 25 : 28.

"തന്റെ നടപ്പിനെ ക്രമപ്പെടുത്തുന്നവന്നു ഞാൻ ദൈവത്തിന്റെ രക്ഷയെ കാണിക്കും."
സങ്കീ. 50 : 23

ഇതുവരെയും തിരുരക്തത്തിന്റെ അടയാളം നിനക്കില്ലെങ്കിൽ ഇപ്പോൾതന്നെ ക്രിസ്തുവിന്റെ ക്രൂശിക്കപ്പെട്ട തിരുമുറിവുകളിലേക്ക് നോക്കിക്കൊണ്ട്, നീ ഉടമ്പടി ചെയ്യുക : "ഇന്നുവരെയും ഞാൻ അനേകം കറകളും അന്യായമായ അടയാളങ്ങളും കൊണ്ട് എന്റെ ജീവിതത്തെ മലിനപ്പെടുത്തി. ഇനി മേലിൽ ക്രിസ്തുവിന്റെ തിരുരക്തത്തിന്റെ അടയാളത്തെ മാനിച്ച്, ഒരു പുതിയ മനുഷ്യനായി ഞാൻ ജീവിക്കും"

പ്രിയ ദൈവപൈതലേ, യേശു നിന്റെ അരികത്ത് വന്നു നിൽക്കുന്നുണ്ട്. നിന്റെ തീരുമാനം കേൾക്കാൻ, നിന്റെ മേൽ തന്റെ മുദ്ര പതിപ്പിക്കാൻ, നിന്നെ സംഹാരകന്റെ കൊടിയ നാശത്തിൽ നിന്ന് വിടുവിക്കുവാൻ, നിന്റെമേൽ തന്റെ തിരുരക്തത്തിന്റെ അടയാളം പതിപ്പിക്കുവാൻ, അരുമരക്ഷകൻ ഇതാ, നിന്റെ സമീപത്ത് വന്നു നിൽക്കുന്നു. ക്രിസ്തുവിനോട് നീ പറയുക.

നാഥാ, ഇക്കാലമത്രയും ഞാൻ പാഴാക്കിക്കളഞ്ഞു. എന്നെ സ്നേഹിക്കുന്ന സ്നേഹത്തെ അറിയാതെ സാത്താന്റെ വഞ്ചനയിൽ കുടുങ്ങി അനേകം പാപങ്ങളുടെ ബന്ധനത്തിൽ കുരുങ്ങി ഞാൻ എന്നെത്തന്നെ അശുദ്ധനാക്കിപ്പോയി. ഇപ്പോൾ നാഥാ, ഞാൻ പൂർണ്ണഹൃദയത്തോടെ സാത്താനെയും അവന്റെ സൈന്യത്തെയും എന്നന്നേക്കുമായി ഉപേക്ഷിക്കുന്നു. എനിക്കുവേണ്ടി കുറ്റമറ്റ രക്തം ചിന്തി, ക്രൂശിൽ മരിച്ച യേശുവിനെ എന്റെ സ്വന്ത കർത്താവും രക്ഷിതാവുമായി ഞാൻ സ്വീകരിക്കുന്നു. എന്നിൽ മനസ്സലിഞ്ഞ് അവിടുത്തെ തിരുരക്തത്തിന്റെ അടയാളം എനിക്കു തരണമേ. എന്റെ ഈ സമർപ്പണത്തെ അവിടുന്ന് പൂർത്തീകരിച്ച് തികയ്ക്കണമേ. പിതൃപുത്രപരിശുദ്ധാത്മാവാം ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ എന്റെ യാചനകൾക്ക് മറുപടി നൽകണമേ.

## മൂന്ന്

"മുദ്രയേറ്റവരുടെ എണ്ണവും ഞാൻ കേട്ടു, യിസ്രാ യേൽ മക്കളുടെ സകലഗോത്രത്തിൽ നിന്നും മുദ്ര യേറ്റവർ നൂറ്റി നാല്പത്തിനാലായിരം പേർ."

വെളിപ്പാട് 7 : 4

യാക്കോബിന്റെ മക്കൾ പന്ത്രണ്ടുപേരാണ്. അവരുടെ പേരിൽ പന്ത്രണ്ടു ഗോത്രങ്ങളുണ്ടായി. യാക്കോബിന്റെ മക്ക ളിൽ ഒരാളായിരുന്നു ദാൻ. ദാൻ ഗോത്രവും മറ്റു ഗോത്ര ങ്ങളുടെ കൂട്ടത്തിൽ പരിഗണിക്കപ്പെട്ടിരുന്നു. എന്നാൽ നിത്യ തയിലേക്കുള്ള രേഖയിൽ ദാൻ ഗോത്രത്തെ കാണുന്നില്ല. മുദ്രയേറ്റവരുടെ കൂടെ ദാൻ ഗോത്രം പരിഗണിക്കപ്പെടുന്നി ല്ല. എന്നാൽ പ്രസ്തുത പന്ത്രണ്ടു ഗോത്രത്തിൽ പെടാത്ത മനശ്ശെ ഗോത്രം മുദ്രയേറ്റവരുടെ നിരയിൽ വരുന്നുണ്ട്. മനശ്ശെ ഗോത്രം ആ ലിസ്റ്റിൽ പ്രതീക്ഷിക്കാത്തതാണ്.

പ്രതീക്ഷിച്ചിരുന്ന ദാൻ ഗോത്രം മുദ്രയേറ്റവരുടെ നിരയി ലില്ല. പ്രതീക്ഷിക്കാത്ത മനശ്ശെ ഗോത്രം മുദ്രയേറ്റവരുടെ കൂടെ വരുന്നുമുണ്ട്.

ഭൂമിയിൽ നാം പ്രതീക്ഷിക്കുന്ന പലരും നിത്യസ്വർഗ്ഗത്തി

ലെത്തണമെന്നില്ല. നാം പ്രതീക്ഷിക്കാത്ത ചിലർ അവിടെ എത്തുന്നുമുണ്ട്.

ജംഗ്സ്റ്റില്ലിങ്ങ് (One of the fathers of Pietism) ആത്മാവിൽ കണ്ടത് പുസ്തകരൂപത്തിൽ വെളിപ്പെടുത്തിയിട്ടുണ്ട്. ആ ഗ്രന്ഥത്തിന്റെ പേര് Scenes from the realm of spirits (ആത്മാക്കളുടെ ലോകത്തിലെ ചില രംഗങ്ങൾ) എന്നാണ്.

അദ്ദേഹത്തിന്റെ സമകാലീനരായ ചില ആളുകൾ മരിച്ചതിനു ശേഷം വളരെ ദുഃഖിതരും ആകുലരുമായി അലയുന്നതിനെപ്പറ്റി അദ്ദേഹം വിവരിക്കുന്നു.

മരണാനന്തര ലോകത്ത് എത്തിയ ഒരാത്മാവ് പറയുന്നു.

“ഞാൻ വീണ്ടും ജനിച്ച വ്യക്തിയാണ്. എന്നെ പക്ഷേ, ഒരു മാലാഖയും പരിഗണിക്കുന്നില്ല. എന്നാൽ വീണ്ടും ജനിക്കാത്ത എത്രയോ പേരെ വളരെ വേഗം മഹത്വത്തിലേക്ക് ആനയിക്കുന്നു.”

വളരെ വാക്ചാതുരിയും കഴിവുമുള്ള ഒരു ദൈവഭക്തന്റെ ആത്മാവ് നിത്യസന്തോഷത്തിൽ പ്രവേശിച്ചില്ല. അത് ദൈവമഹത്വത്തിൽ നിന്ന് വിദൂരതയിലേക്ക് എറിയപ്പെടുന്നതുപോലെ പായുന്നതു കണ്ടു.

ആത്മലോകത്തിലെ മറ്റാത്മാക്കൾ ഇതിൽ വളരെ ആകുലരായി അദ്ദേഹത്തിന്റെ കഴിവുകൾ കണ്ട് അദ്ദേഹത്തെ സഭാനേതാവാക്കിയിരുന്നതാണ്. അവർ പരസ്പരം പറയുകയാണ് : "His exemplarary life in the presence of God, his detachment from world, and his faithfullness in pointing out what was in our lives convinced us all that he would receive a glorious inheritance here!"

(ദൈവസന്നിധിയിൽ അദ്ദേഹത്തിന്റെ മികവേറിയ ജീവിതം, ലോകത്തോടു പറ്റുമാനമില്ലാത്ത അനുഭവം, ഞങ്ങളുടെ ജീവിതത്തിലെ കുറവുകളെ ചൂണ്ടിക്കാണിച്ചു തരുന്ന

തിലുള്ള അദ്ദേഹത്തിന്റെ വിശ്വസ്തത - ഇവയെല്ലാം സ്വർഗ്ഗ ത്തിൽ മഹത്വകരമായ ഒരു അവകാശം അദ്ദേഹം നേടും എന്ന നല്ല ബോദ്ധ്യം ഞങ്ങൾക്കുളവാക്കിയിരുന്നു.)

എന്നാൽ അവർ നോക്കി നിൽക്കെ ആ ആത്മാവ് അന്ധ കാരത്തിലേക്ക് എറിയപ്പെടുന്നതും വളരെ വികൃതവും ബീഭ ത്സവുമായ രൂപം പ്രാപിക്കുന്നതും കണ്ടു. ക്രിസ്തുവിന്റെ ഛായ അയാൾക്കുണ്ടായിരുന്നില്ല.

നാം പ്രതീക്ഷിക്കുന്ന ചിലർ നിത്യസന്തോഷത്തിലെത്തു ന്നില്ല. നാം പ്രതീക്ഷിക്കാത്ത ചിലർ അവിടെ എത്തുകയും ചെയ്യുന്നു.

ഭൂമിയിൽ രോഗിയായി കിടന്ന ഒരദ്ധ്യാപകനായിരുന്നു ഏലിയാസ്. അദ്ദേഹം മരിച്ച് സ്വർഗ്ഗശാന്തിയിലെത്തി. അപ്പോൾ അവിടെ അദ്ദേഹം ഒരു പരിശുദ്ധനായി കാണ പ്പെട്ടു.

അപ്പോൾ ഒരാത്മാവ് പറഞ്ഞു : ഇത് ഏലിയാസ് ആയി രിക്കുകയില്ല. അയാൾ വീണ്ടും ജനിച്ചിട്ടുപോലുമില്ലായിരു ന്നല്ലോ. ഈ ആത്മാവാകട്ടെ, രൂപാന്തരം പ്രാപിച്ച് ഒരു പരിശുദ്ധനായി തേജസ്സോടെ നിൽക്കുന്നു.

ആ ആത്മാവ് അവിടെ നിന്ന ഒരു മാലാഖയോട് ചോദിച്ചു :

“വീണ്ടും ജനനം എന്താണെന്ന് സ്വർഗ്ഗത്തിലെ ദൂതൻമാർക്ക് അറിയില്ലായിരിക്കുമോ? ഏലിയാസ് വീണ്ടും ജനനാനുഭവമി ല്ലാതെ ഇപ്പോൾ എങ്ങനെ ഇത്ര തേജസ്സോടെ നില്ക്കുന്നു?”

മാലാഖ പറഞ്ഞു : ഞങ്ങൾക്കതറിയാമോ അറിയില്ലയോ എന്നതല്ല പ്രശ്നം. നിങ്ങൾക്കിതറിയാമോ എന്നതാണ് ചിന്തി ക്കേണ്ടത്.”

“എനിക്കറിയാമോ എന്നോ? കൊള്ളാം. ദൈവത്തിനു

സ്തോത്രം. ഞാൻ നാല്പതു വർഷത്തിലേറെയായി വീണ്ടും ജനിച്ച വ്യക്തിയാണ്. ഒരാൾ തന്റെ പാപമലീമസമായ നികൃഷ്ടാവസ്ഥ തിരിച്ചറിയുകയും അവന്റെ ഹീനാവസ്ഥയെ ഓർത്ത് ഹൃദയംഗമമായി അനുതപിക്കുകയും പൂർണ്ണമനസ്സോടെ ദൈവത്തിങ്കലേക്ക് തിരിയുകയും ചെയ്യുന്നതാണ് വീണ്ടും ജനനനം."

മാലാഖ പറഞ്ഞു :

"നിങ്ങൾ പറഞ്ഞത് പദാനുപദം സത്യമാണ്. മുഴുവൻ ശരിയാണ്. തത്വത്തിൽ നിങ്ങൾ പറഞ്ഞത് പൂർണ്ണമായും ശരിതന്നെ. എന്നാൽ നിങ്ങൾ പ്രകടമായ പാപങ്ങൾ ഉപേക്ഷിക്കുകയും വേദവചനധ്യാനം, പ്രാർത്ഥന, ജാഗരണം, ധ്യാനാത്മകമായ ഗാനങ്ങൾ പാടുക, ഭക്തിസംവർദ്ധകമായ ധ്യാനങ്ങൾ നടത്തുക തുടങ്ങിയ മതപരമായ ചില ചടങ്ങുകൾ ചിട്ടയായി ആചരിക്കുകയും ചെയ്യുന്നുണ്ടെങ്കിലും, പ്രകടമായ പാപങ്ങളെക്കാൾ എത്രയോ ഗുരുതരമായ ആത്മീയ നിഗളം, പരീശമനോഭാവം, കപടഭക്തി, വ്യാജവിനയം, നിങ്ങളെക്കാൾ ഭേദപ്പെട്ടവരെക്കുറിച്ച് പുച്ഛവും വിമർശനവും ദൂഷണവും - ഇങ്ങനെയുള്ള പാപങ്ങൾ ജീവിതത്തിൽ നിലനിൽക്കുന്നു. മാത്രമല്ല, ഈ സ്വഭാവം ദൈവമക്കൾക്ക് അത്യാവശ്യമായും വേണ്ടതായ ആത്മീയ എരിവാണെന്ന് ധരിക്കുകയും ചെയ്യുന്നു."

"All mortification and crucifixion (of self) without true and active love is an abomination to God, for it only fosters pride."

"യഥാർത്ഥമായ, സജീവമായ സ്നേഹത്താൽ പ്രേരിതമല്ലാത്ത സ്വയത്യാഗവും സ്വയക്രൂശീകരണവും ദൈവതിരുമുമ്പാകെ അറപ്പുളവാക്കുന്നതും നിഗളത്തെ വളർത്തുക മാത്രം ചെയ്യുന്നതും ആണ്.

നാം പ്രതീക്ഷിക്കുന്ന ചിലർ സ്വർഗ്ഗരാജ്യത്തിൽ എത്തുന്നില്ല. നാം പ്രതീക്ഷിക്കാത്ത ചിലർ അവിടെ എത്തുകയും

ചെയ്യുന്നു.

ദാൻ യാക്കോബിന്റെ മകനാണ്. യാക്കോബ് മരണശയ്യയിൽ കിടന്ന് മക്കളെ അനുഗ്രഹിക്കുമ്പോൾ ദാനെയും അനുഗ്രഹിച്ചതാണ്. പന്ത്രണ്ടു ഗോത്രത്തിൽ ഒന്നാണ് ദാൻ ഗോത്രം.

എന്നാൽ നിത്യതയിൽ മുദ്രയിടപ്പെട്ടവരുടെ ലിസ്റ്റിൽ ദാൻ ഗോത്രമില്ല, നേരെമറിച്ച്, മനശ്ശെ ഗോത്രം ആ ലിസ്റ്റിൽ വരുന്നുമുണ്ട്. എണ്ണപ്പെട്ട പന്ത്രണ്ടു ഗോത്രത്തിൽ പെട്ടതല്ല മനശ്ശെ ഗോത്രം. പക്ഷേ നിത്യതയിൽ മനശ്ശെ ഗോത്രത്തിനു മുദ്ര കിട്ടുന്നു.

എന്തായിരിക്കാം ദാൻ ഗോത്രത്തിന് മുദ്ര ലഭിക്കാതിരിക്കാൻ കാരണം?

അതാതു സമയത്ത് ദൈവത്തിന്റെ സ്നേഹം വ്യക്തമായി ചൂണ്ടിക്കാണിച്ച സ്വഭാവ വൈകല്യങ്ങൾ തിരുത്തുവാൻ ദാൻ തയ്യാറായില്ല. സ്വന്തം പിതാവ് ദാനെക്കുറിച്ച് മുഖം നോക്കാതെ പറഞ്ഞ വാക്കുകൾ ദാൻ തെല്ലും ഗൗനിച്ചില്ല. ദൈവവചനത്തിന് ശ്രദ്ധ കൊടുത്തില്ല.

സഹോദരാ, ദൈവത്തിന്റെ ആത്മാവ് നിനക്ക് നിന്റെ തെറ്റുകൾ ചൂണ്ടിക്കാണിച്ചു തരുമ്പോൾ, അത് സന്തോഷത്തോടെ കൈക്കൊള്ളണമെങ്കിൽ എന്നെ സ്നേഹിക്കുന്ന ദൈവമാണ് എനിക്ക് തെറ്റുകൾ ചൂണ്ടിക്കാണിച്ചു തരുന്നത് എന്ന് വിശ്വാസം വേണം. പരിശുദ്ധാത്മാവിന്റെ ശാസന ലഭിക്കുന്നത് വാസ്തവത്തിൽ ഒരു ഭാഗ്യമാണ്. അതുകൊണ്ടാണ് തിരുവെഴുത്ത് പറയുന്നത്.

> "നീതിമാൻ എന്നെ അടിക്കുന്നത് ദയ, അവൻ എന്നെ ശാസിക്കുന്നത് തലയ്ക്ക് എണ്ണ;
>
> സങ്കീ. 141 : 5

ദാന് വചനം ലഭിച്ചതാണ്. സ്വന്തം പിതാവിൽ നിന്ന്

തന്നെ ദിവ്യ ആലോചനകൾ ലഭിച്ചതാണ്. അന്ന് വചനം കിട്ടിയപ്പോൾ അതിന് ചെവി കൊടുത്തിരുന്നുവെങ്കിൽ നിത്യ നാശത്തിൽ നിന്ന് രക്ഷപ്പെടാമായിരുന്നു.

> "അനന്തരം യാക്കോബ് തന്റെ പുത്രൻമാരെ വിളിച്ച് അവരോട് പറഞ്ഞത് : കൂടിവരുവിൻ, ഭാവി കാലത്ത് നിങ്ങൾക്ക് സംഭവിപ്പാനുള്ളത് ഞാൻ നിങ്ങളെ അറിയിക്കും. യാക്കോബിന്റെ പുത്രൻമാരേ, കൂടിവന്ന് കേൾപ്പിൻ. നിങ്ങളുടെ അപ്പനായ യിസ്രായേലിന്റെ മൊഴിയ്ക്ക് ചെവി തരുവിൻ!" ഉല്പത്തി 49 : 1–2

അന്ന് ദാന് ലഭിച്ച വചനത്തിന് ദാൻ വില കൊടുത്തിരുന്നുവെങ്കിൽ നിത്യസ്വർഗ്ഗീയാവകാശത്തിന്റെ മുദ്ര നഷ്ടപ്പെടുകയില്ലായിരുന്നു.

മുദ്രയേറ്റവരുടെ കൂട്ടത്തിൽ ദാൻ എണ്ണപ്പെടാതിരിക്കാൻ അഞ്ചു കാരണം തിരുവചനത്തിൽ നിന്ന് നമുക്ക് ഗ്രഹിക്കാൻ കഴിയും.

> ഒന്ന്, ദാൻ വഴിയിൽ ഒരു പാമ്പും പാതയിൽ ഒരു സർപ്പവും ആകുന്നു; അവൻ കുതിരയുടെ കുതികാൽ കടിക്കും; പുറത്തു കയറിയവൻ മലർന്നു വീഴും." ഉല്പത്തി 49 : 17

പാമ്പിന്റെ വിഷം, പാമ്പിന്റെ ചതിവ്, വഞ്ചനാസ്വഭാവമെല്ലാം ദാനിൽ ദൈവം കാണുകയാണ്. വിഷം വമിക്കുന്ന പാമ്പിന്റെ പ്രകൃതി ഉള്ളവരുണ്ട്.

> "സർപ്പവിഷം അവരുടെ അധരങ്ങൾക്കു കീഴെയുണ്ട്." റോമർ 3 : 13.

പ്രത്യക്ഷമായല്ല, പരോക്ഷമായി, വ്യഞ്ജിപ്പിക്കുന്ന ചതിവും സൂത്രവും വഞ്ചനയും ഏഷണിയും പകയും വിദ്വേഷവും

മറച്ചുവെച്ചിരിക്കുന്ന വാക്കുകൾ. അതുമൂലം അനേകമാത്മീയ യോദ്ധാക്കൾ മലർന്നടിച്ചു വീഴാൻ സംഗതിയാകുന്നു.

> "നാവുകൊണ്ട് അവർ ചതിക്കുന്നു; സർപ്പവിഷം അവരുടെ അധരങ്ങൾക്ക് കീഴെയുണ്ട്. അവരുടെ വായിൽ ശാപവും കൈയ്പും നിറഞ്ഞിരിക്കുന്നു."
> റോമർ 3 : 14

ഈ വഞ്ചനാസ്വഭാവമുള്ളവർ തങ്ങൾ പാപികളാണന്ന് സ്വയം അറിയുന്നില്ല. പാമ്പിന്റെ വിഷം പോലെ, വാക്കുകളുടെ വ്യംഗ്യത്തിൽ വിഷം വ്യാപിച്ചിരിക്കുന്നു എന്ന് അവർ ഗ്രഹിക്കുന്നില്ല. അതുകൊണ്ട് അവർക്ക് അനുതാപം ലഭിക്കാൻ വളരെ പ്രയാസമാണ്.

പന്ത്രണ്ടു മക്കളെക്കുറിച്ചും മരണക്കിടക്കയിൽവെച്ച് യാക്കോബ് പറയുന്നുണ്ട്. എന്നാൽ ദാനെക്കുറിച്ച് സംസാരിച്ചു കഴിയുമ്പോൾ മാത്രം യാക്കോബ് പ്രാർത്ഥിക്കുന്നു :

> "യഹോവേ, ഞാൻ നിന്റെ രക്ഷയ്ക്കായി കാത്തിരിക്കുന്നു."
> ഉല്പത്തി 49 : 18

ദൈവം രക്ഷിച്ചാലേ ദാന് ഒരു ഭാവിയുള്ളൂ എന്ന് യാക്കോബ് കണ്ടപ്പോൾ ഉള്ളഴിഞ്ഞ് ദൈവകരുണയ്ക്കായി പ്രാർത്ഥിക്കുകയാണ്.

പാമ്പ് തിരുവെഴുത്തിലെല്ലായിടത്തും സാത്താന്റെ പ്രതീകമാണ്. ഏദൻതോട്ടത്തിൽ ആദിമനുഷ്യനെ വഞ്ചിച്ച പഴയ പാമ്പ് വെളിപ്പാടു പുസ്തകത്തിൽ ഉഗ്രമൂർത്തിയായി പ്രത്യക്ഷപ്പെടുന്നു. ഉല്പത്തിപ്പുസ്തകത്തിൽ ഏദൻതോട്ടത്തിൽ പാമ്പിന്റെ വിജയം വിവരിക്കുന്നു. വെളിപ്പാടു പുസ്കത്തിൽ പാമ്പിന്റെ പരാജയം വിവരിക്കുന്നു. ഉല്പത്തിപ്പുസ്തകത്തിൽ പാമ്പിന്റെ ജയം മൂലം ഏദൻപറുദീസയിലേക്കുള്ള വാതിൽ അടയുന്നു. വെളിപ്പാടു പുസ്തകത്തിൽ പാമ്പിന്റെ പരാജയം മൂലം പറുദീസയിലേക്കുള്ള വാതിൽ

തുറക്കുന്നു. ഉൽപ്പത്തിപ്പുസ്തകത്തിൽ പാമ്പിന്റെ വിജയം മൂലം മനുഷ്യൻ തോൽക്കുന്നു. വെളിപ്പാടു പുസ്തകത്തിൽ പാമ്പിന്റെ പരാജയം മൂലം മനുഷ്യൻ ജയിക്കുന്നു. ഉല്പ ത്തിപ്പുസ്തകത്തിൽ പാമ്പിന്റെ വിജയം മൂലം മനുഷ്യൻ ദൈവസാന്നിദ്ധ്യത്തിൽ നിന്ന് ഇറങ്ങിപ്പോകുന്നു. വെളിപ്പാടു പുസ്തകത്തിൽ പാമ്പിന്റെ പരാജയം മൂലം മനുഷ്യൻ ദൈവ സാന്നിദ്ധ്യത്തിലേക്ക് കയറിച്ചെല്ലുന്നു. ഉല്പത്തിപ്പുസ്തകത്തിൽ പാമ്പിന്റെ വിജയം മൂലം മുഷ്യൻ മരിക്കുന്നു. വെളിപ്പാടു പുസ്തകത്തിൽ പാമ്പിന്റെ പരാജയം മൂലം മനുഷ്യൻ ജീവി ക്കുന്നു.

> "പിന്നെ സ്വർഗ്ഗത്തിൽ യുദ്ധം ഉണ്ടായി; മീഖാ യേലും അവന്റെ ദൂതൻമാരും മഹാസർപ്പത്തോടു പടവെട്ടി; തന്റെ ദൂതൻമാരുമായി മഹാസർപ്പവും പടവെട്ടി, ജയിച്ചില്ലതാനും. സ്വർഗ്ഗത്തിൽ അവരുടെ സ്ഥലം പിന്നെ കണ്ടതുമില്ല. ഭൂതലത്തെ മുഴുവൻ തെറ്റിച്ചുകളയുന്ന പിശാചും സാത്താനും എന്ന മഹാസർപ്പമായ പഴയ പാമ്പിനെ ഭൂമിയിലേക്ക് തള്ളിക്കളഞ്ഞു. അവന്റെ ദൂതൻമാരെയും അവ നോടുകൂടെ തള്ളിക്കളഞ്ഞു. അപ്പോൾ ഞാൻ സ്വർഗ്ഗത്തിൽ ഒരു മഹാശബ്ദം പറഞ്ഞുകേട്ടത് : ഇപ്പോൾ നമ്മുടെ ദൈവത്തിന്റെ രക്ഷയും ശക്തിയും രാജ്യവും അവന്റെ ക്രിസ്തുവിന്റെ ആധിപത്യവും തുടങ്ങിയിരിക്കുന്നു; നമ്മുടെ സഹോദരന്മാരെ ദൈവസന്നിധിയിൽ രാപ്പകൽ കുറ്റം ചുമത്തുന്ന അപവാദിയെ തള്ളിയിട്ടു കള ഞ്ഞുവല്ലോ. അവർ അവനെ കുഞ്ഞാടിന്റെ രക്തം ഹേതുവായിട്ടും തങ്ങളുടെ സാക്ഷ്യവചനം ഹേത വായിട്ടും ജയിച്ചു. വെളിപ്പാട് 12 : 7

> "അനന്തരം ഒരു ദൂതൻ അഗാധത്തിന്റെ താക്കോലും ഒരു വലിയ ചങ്ങലയും പിടിച്ചുകൊണ്ട് സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങുന്നത് ഞാൻ കണ്ടു.

അവൻ പിശാചും സാത്താനും എന്ന പഴയ പാമ്പായ മഹാസർപ്പത്തെ പിടിച്ച് ആയിരം ആണ്ടേയ്ക്ക് ചങ്ങലയിട്ടു. ആയിരം ആണ്ട് കഴിയുവോളം ജാതികളെ വഞ്ചിക്കാതിരിക്കാൻ അവനെ അഗാധത്തിൽ തള്ളിയിട്ടു അടച്ചു പൂട്ടുകയും മീതെ മുദ്രയിടുകയും ചെയ്തു. വെളിപ്പാട് 20 : 1-3

"ആകാശത്തു നിന്ന് തീ ഇറങ്ങി അവരെ ദഹിപ്പിച്ചു കളയും. അവരെ വഞ്ചിച്ച പിശാചിനെ മൃഗവും കള്ളപ്രവാചകനും കിടക്കുന്ന ഗന്ധകത്തീപ്പൊയ്കയിലേയ്ക്ക് തള്ളിയിടും. അവർ എന്നന്നേക്കും രാപ്പകൽ ദണ്ഡനം സഹിക്കേണ്ടിവരും; വെളിപ്പാട് 20 :9-10

പ്രിയ സ്നേഹിതാ, പഴയ പാമ്പായ പിശാച് നിന്നിൽ അവകാശം പറയുന്നതായി ഏതെങ്കിലും പാപം നിന്നിലുണ്ടെങ്കിൽ നിത്യസന്തോഷ സൗഭാഗ്യ സോപാനത്തിൽ നീ എത്തിച്ചേരുകയില്ല. ഏതെല്ലാം കാര്യങ്ങളിൽ സാത്താൻ നിന്നെ കുറ്റം ചുമത്തുന്നുണ്ട് എന്ന് നീ കണ്ടെത്തുക. ദാന്റെ സ്വഭാവത്തിൽ പാമ്പിന്റെ വഞ്ചനയും ചതിവും വിഷപ്രകൃതിയും മറഞ്ഞിരുന്നതുപോലെ നിന്നിൽ എന്തെല്ലാം പൈശാചിക സ്വഭാവങ്ങൾ ഉണ്ടെന്ന് നീ കണ്ടുപിടിക്കുക. അവയെ കുഞ്ഞാടിന്റെ രക്തം ഹേതുവായി ജയിക്കാൻ നിനക്കു കഴിയും. കുഞ്ഞാടിന്റെ രക്തം ഗുണകരമായി സംസാരിക്കുകയാണ്. ആ തിരുരക്തത്തിൽ ശരണപ്പെട്ടുകൊണ്ട് ഇപ്പോൾത്തന്നെ നീ മനംതിരിയുക. ഊനമില്ലാത്ത കുഞ്ഞാട് ഇന്ന് യൂദായുടെ സിംഹമായി ഉയിർത്തെഴുന്നേറ്റ് ജീവിക്കുന്നു. അവനിൽ ചാരുക. അവനിൽ ആശ്രയിക്കുക. അവന്നായി നിന്റെ ജീവിതം വേർതിരിക്കുക. അവനോട് നീ ഉടമ്പടി ചെയ്യുക :

നാഥാ, ഇതുവരെയും പൈശാചികന് ഇടം കൊടുത്ത് അനേകം പാപങ്ങളിൽ ഞാൻ വീണുപോയി. ഇപ്പോൾ

ഞാനിതാ, സാത്താനോട് യാത്ര പറഞ്ഞ്, എന്റെ വീണ്ടെടുപ്പുകാരനായ യേശുവിന്റെ അരുമപാദത്തിൽ വരുന്നു. അവിടത്തെ തിരുരക്തത്താൽ എന്നെ കഴുകണമേ. ഇന്നു മുതൽ യേശുവിന്റെ വകയായി ഞാൻ ജീവിക്കും. എന്നിൽ മനസ്സലിയണമേ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും മഹത്വത്തിന്നായിത്തന്നേ.

## നാല്

"മുദ്രയേറ്റവരുടെ എണ്ണവും ഞാൻ കേട്ടു. യിസ്രാ യേൽ മക്കളുടെ സകല ഗോത്രത്തിൽ നിന്നും മുദ്ര യേറ്റവർ നൂറ്റിനാല്പത്തിനാലായിരം പേർ."

വെളിപ്പാട് 7 : 4

പ്രതീക്ഷിക്കുന്ന ദാൻ ഗോത്രം മുദ്രയേറ്റവരുടെ ഗണ ത്തിൽ എണ്ണപ്പെടുന്നില്ല. എന്നാൽ പ്രതീക്ഷിക്കാത്ത മനശ്ശെ ഗോത്രം മുദ്രയേറ്റവരിൽ ഉൾപ്പെടുന്നുണ്ടുതാനും.

പ്രതീക്ഷയ്ക്ക് വകയുള്ള ചിലർ തള്ളപ്പെടും. പ്രതീക്ഷാ വിരുദ്ധമായി ചിലർ അംഗീകരിക്കപ്പെടുകയും ചെയ്യും. ദാൻ തള്ളപ്പെട്ടത് എന്തുകൊണ്ട്?

ദാൻ വഴിയിൽ ഒരു പാമ്പും പാതയിൽ ഒരു സർപ്പവും ആകുന്നു. ഉല്പത്തി 49 : 17

മറ്റു കാരണങ്ങൾ ഇന്ന് നമുക്ക് ചിന്തിക്കാം.

രണ്ടാമതായി, "ദാനെക്കുറിച്ച് അവൻ പറഞ്ഞത് : ദാൻ ബാലസിംഹമാകുന്നു. അവൻ ബാശാ നിൽനിന്ന് ചാടുന്നു." അവർത്തനം 33 : 22

മോശ യിസ്രായേൽ മക്കളെ ഒടുവിലായി അനുഗ്രഹിക്കു

കയാണ്. ദാനെക്കുറിച്ച് ദൈവപുരുഷനായ മോശ പറയുന്നത്, "ദാൻ ബാലസിംഹമാകുന്നു. അവൻ ബാശാനിൽ നിന്ന് ചാടുന്നു എന്നാണ്.

മുൻപിൻ നോക്കാതെ എടുത്തുചാടുന്ന പ്രകൃതിയാണ് ബാലസിംഹത്തിനുള്ളത്. മൃഗരാജാവ് എന്ന ഉഗ്രഭാവവും കടിച്ചുകീറുന്ന പ്രകൃതിയും ബാലസിംഹത്തിനുണ്ട്. മറ്റു മൃഗങ്ങളെയെല്ലാം അടക്കിവാഴുന്ന പ്രകൃതിയും സിംഹത്തിന്റേതാണ്.

ഇന്ന് അനേകം മനുഷ്യർ ആർക്കും വഴങ്ങാത്ത സ്വഭാവമുള്ളവരാണ്. അവർ എപ്പോഴും മറ്റുള്ളവരെ ഭരിക്കാൻ പ്രത്യേക ഉത്സാഹമുള്ളവരാണ്. ആരുടെയും അഭിപ്രായം അവർക്ക് സ്വീകാര്യമല്ല.

മറ്റുള്ളവരെയെല്ലാം തന്നെക്കാൾ തരം താണവരായിട്ടാണ് അവർ കാണുന്നത്. എല്ലാവരെയും ഒരു പുച്ഛവും തുച്ഛീകരണവും അവരുടെ കൂടെപ്പിറപ്പായിരിക്കും. അഹന്തയും നിഗളവും അവരുടെ മുഖമുദ്രയായിരിക്കും.

> ദൈവം എതിർത്തു നിൽക്കുന്നത് ആരോടാണ് എന്നറിയാമോ? "ദൈവം നിഗളികളോട് എതിർത്തു നിൽക്കുകയും താഴ്മയുള്ളവർക്ക് കൃപ നൽകുകയും ചെയ്യുന്നു."
>
> യാക്കോബ് 4 : 6, 1 പത്രോസ് 5 : 5

ഈ നിഗള പ്രകൃതിയുള്ളവർക്ക് തെറ്റുതിരുത്താൻ ആരെങ്കിലും ഉപദേശിച്ചാൽ ഇഷ്ടപ്പെടുകയില്ല. അവർക്ക് എന്തെങ്കിലും തെറ്റുണ്ടെന്ന് അവർ അംഗീകരിക്കുകയില്ല.

> "അവൾ വാക്കു കേട്ടനുസരിച്ചിട്ടില്ല, പ്രബോധനം കൈക്കൊണ്ടിട്ടില്ല, യഹോവയിൽ ആശ്രയിച്ചിട്ടില്ല, തന്റെ ദൈവത്തോട് അടുത്തു വന്നിട്ടുമില്ല."
>
> സെഫന്യാവ് 3 : 2

"In her pride, she won't listen even to the voice of God. No one can tell her anything. She reuses all correction. She does not trust the Lord nor seeks for God." L.B. എന്നാണ് ഇംഗ്ലീഷ് വേദപുസ്തക ത്തിൽ ഈ ഭാഗം കാണുന്നത്.

സിംഹത്തിന്റെ ക്രൂരത പ്രസിദ്ധമാണല്ലോ. മറ്റേതൊരു ജീവി യെയും ആക്രമിക്കുകയും നശിപ്പിക്കുകയും ചെയ്യുന്ന ക്രൂര തയാണ് സിംഹത്തിനുള്ളത്.

ദാനെ ബാലസിംഹത്തോടാണ് സാദൃശ്യപ്പെടുത്തിയിരിക്കു ന്നത്. ബാലസിംഹപ്രകൃതിയുള്ളതു കൊണ്ടാണ് നിത്യതയി ലേക്കുള്ള മുദ്ര ലഭിക്കാതെ പോയത്.

അപ്പനായ യാക്കോബ് കൊടുത്ത മുന്നറിയിപ്പു അവഗണി ച്ചെങ്കിലും പ്രവാചക ശ്രേഷ്ഠനായ മോശയുടെ നാവിൽക്കൂടെ വീണ്ടും ദാൻ ഗോത്രത്തിന് ദൈവം വചനം നൽകുകയാണ്. മൂന്നാമതായി, ദാൻ യുദ്ധസമയത്ത് അലസനായിരുന്നു.

"ദാൻ കപ്പലുകൾക്കരികെ താമസിക്കുന്നതെന്ത്?"
ന്യായാധിപൻമാർ 5 : 17

യിസ്രായേൽ ജനം കനാന്യരാജാവിന്റെ നിരന്തരമായ ആക്ര മണത്താലും പീഡയാലും വലഞ്ഞു കഴിയുകയായിരുന്നു. അവർ ഒറ്റക്കെട്ടായി ശത്രുവിനോട് പോരാടേണ്ട കാലമായി രുന്നു.

യുദ്ധത്തിനു പോകാൻ ആളെ നോക്കിയപ്പോൾ സെബൂ ലൂനും നഫ്താലിയും മുന്നോട്ടു വന്നു. അവർ താത്പര്യ പൂർവ്വം വരുന്നതു കണ്ടപ്പോൾ അതുവരെ മടിച്ചു നിന്ന യിസ്സാഖാർ മുന്നോട്ടു വന്നു.

ദെബോര എന്ന പ്രവാചകി അന്ന് യുദ്ധസന്നദ്ധരായി വന്നവരെ പുകഴ്ത്തുകയും പ്രശംസിക്കയും ചെയ്യുന്നുണ്ട്.

"അന്നു ശ്രേഷ്ഠൻമാരുടെ ശിഷ്ടവും പടജ്ജ നവും ഇറങ്ങി വന്നു. വീരൻമാരുടെ മദ്ധ്യേ യഹോ

വയും എനിക്കായി ഇറങ്ങി വന്നു.” ബെന്യാമീൻ വന്നു, സെബൂലൂൻ വന്നു, എഫ്രയീം വന്നു, യിസ്സാ ഖാർ വന്നു - ന്യായാധിപൻമാർ 5 : 13-16

“സെബൂലൂൻ പ്രാണനെ ത്യജിച്ച ജനം, നഫ്താലി പോർക്കള മേടുകളിൽ തന്നെ.” 5 : 18.

ദാൻ കപ്പലുകൾക്കരികെ താമസിച്ചു. ആശേർ സമുദ്രതീരത്ത് അനങ്ങാതിരുന്നു. രൂബേൻ തൊഴുത്തുകൾക്കിടയിൽ പാർത്തു.

യുദ്ധം ചെയ്യാൻ സഹോദരങ്ങൾ പോയപ്പോൾ ദാൻ അലസനായി മാറി നിന്നു. ദൈവത്തിനുവേണ്ടിയും ദൈവ ജനത്തിനു വേണ്ടിയും ജീവനെ ത്യജിച്ച് സ്വന്തം സഹോദരങ്ങൾ അടർക്കളത്തിൽ പോരാടുമ്പോൾ ദാൻ മടിച്ചു നിന്നു.

മാർട്ടിൻ ലൂഥറിന്റെ ഒരു സ്നേഹിതൻ ലൂഥറിനുവേണ്ടി പ്രാർത്ഥിച്ചു കൊണ്ടിരുന്നു. അദ്ദേഹം ഒരു സ്വപ്നം കണ്ടു. ലൂഥർ തനിയെ നിന്ന് കൊയ്യുകയാണ്. ഇടയ്ക്ക് ലൂഥർ ക്ഷീണിച്ചുപോകുന്നു. അപ്പോൾ ഉയരത്തിലേക്ക് പ്രാർത്ഥനാ നിരതനായി നിൽക്കുന്നു. താമസിയാതെ ഉയരത്തിൽ നിന്ന് ശക്തി പ്രാപിച്ചു പിന്നെയും കൊയ്യുന്നു. അപ്പോൾ ആ സ്നേഹിതൻ ചിന്തിച്ചു. “ഞാൻ ഇനി മടിച്ചു നിൽക്കാതെ ലൂഥറിനോടൊപ്പം കൊയ്യാനിറങ്ങണം.”

ദൈവത്തിന്റെ വേലയിൽ തളരാതെ നാം അദ്ധ്വാനിക്കേണ്ടവരാണ്. അനേകർ പീഡകളേറ്റും യാതനകളും ദുരിതങ്ങളും സഹിച്ച് ദൈവവേല ചെയ്തുകൊണ്ടിരിക്കുകയാണ്. നാമവർക്ക് കൈത്താങ്ങൽ കൊടുക്കേണ്ടതാണ്.

“എന്നാൽ അവരുടെ ശ്രേഷ്ഠൻമാർ കർത്താവിന്റെ വേലയ്ക്ക് ചുമൽ കൊടുത്തില്ല” എന്ന് നെഹമ്യാവിന്റെ പുസ്തകത്തിൽ ഒരു വാക്യമുണ്ട്. 3 : 5. “വേല വലിയതും വിശാലമായതും ആകുന്നു” എന്നറിഞ്ഞ് നാം ദൈവത്തിന്റെ വേലയിൽ ഒറ്റക്കെട്ടായി, ഒരു മുനയായി പ്രവർത്തിക്കേണ്ട

താണ്.

സഹോദരങ്ങൾ യുദ്ധഭൂമിയിലായിരിക്കുമ്പോൾ നാം യുദ്ധ രംഗത്തേക്ക് പോകാതെ മാറി നിൽക്കുന്നത് അലസതയാണ്. ക്രിസ്തുവിന്റെ വേലയിൽ ഉദാസീനത വരാൻ നാം സമ്മതിക്കരുത്.

> "യഹോവയുടെ പ്രവൃത്തി ഉദാസീനതയോടെ ചെയ്യുന്നവൻ ശപിക്കപ്പെട്ടവൻ" എന്ന് യിരമ്യാവ് പറയുന്നു. 48 : 10

ദാൻ വേലയിൽ നിന്ന് അലസനായി മാറി നിന്നതു കൊണ്ട് അവന് മുദ്ര ലഭിക്കാതെപോയി.

നാലാമത്, ദാൻ വിഗ്രഹാരാധിയായിരുന്നു.

> "യുദ്ധസന്നദ്ധരായ ദാന്യർ അറുന്നൂറുപേരും വാതിൽക്കൽ നിന്നു. ദേശം ഒറ്റുനോക്കുവാൻ പോയിരുന്നവർ അഞ്ചുപേരും അകത്തു കടന്നു കൊത്തുപണിയായ വിഗ്രഹവും ഏഫോദും ഗൃഹബിംബവും വാർപ്പുപണിയായ വിഗ്രഹവും എടുത്തു." ന്യായാധിപൻമാർ 18 : 16-17

വിഗ്രഹാരാധന നിത്യനായ ദൈവം വെറുക്കുന്ന അതിഭയാനകമായ ഒരു പാപമാണ്.

> "ഞാനല്ലാതെ അന്യദൈവങ്ങൾ നിനക്ക് ഉണ്ടാകരുത്. ഒരു വിഗ്രഹം ഉണ്ടാകരുത്; മീതെ സ്വർഗ്ഗത്തിലെങ്കിലും താഴെ ഭൂമിയിലെങ്കിലും ഭൂമിക്ക് കീഴെ വെള്ളത്തിലെങ്കിലും ഉള്ള യാതൊന്നിന്റെയും പ്രതിമയും അരുത്. അവയെ നമസ്ക്കരിക്കുകയോ സേവിക്കുകയോ ചെയ്യരുത്."
>
> പുറപ്പാട് 20 : 3-5

> "നിങ്ങളുടെയിടയിൽ ഒരു പ്രവാചകനോ സ്വപ്നക്കാരനോ എഴുന്നേറ്റ് : നീ അറിഞ്ഞിട്ടില്ലാത്ത അന്യ

ദൈവങ്ങളെ നാം ചെന്ന് സേവിക്ക എന്ന് പറഞ്ഞുംകൊണ്ട് ഒരു അടയാളമോ അത്ഭുതമോ മുന്നറിയിക്കുകയും അവൻ പറഞ്ഞ അടയാളമോ അത്ഭുതമോ സംഭവിക്കുകയും ചെയ്താൽ ആ പ്രവാചകന്റെയോ സ്വപ്നക്കാരന്റെയോ വാക്ക് നീ കേട്ടനുസരിക്കരുത്." ആവ. 13 : 2-4

അതുകൊണ്ട് പ്രയൻമാരെ, വിഗ്രഹാരാധന വിട്ടോടുവിൻ." 1 കൊരിന്ത്യർ 10 : 14

ക്രിസ്തുവിനെക്കാൾ കൂടുതൽ എന്തിനെ സ്നേഹിച്ചാലും അത് വിഗ്രാഹാധന ആകുന്നു. നമ്മിൽ പലരും കല്ലിനെയും മരത്തെയും ഊമവിഗ്രഹങ്ങളെയും സേവിക്കുന്നവരായിരിക്കില്ല. എന്നാൽ ജീവിതത്തിൽ ഇന്നും വെച്ചു പൂജിക്കുന്ന വിഗ്രഹങ്ങളുണ്ടായിരിക്കാം.

ചിലർക്ക് ചില പ്രേമബന്ധങ്ങൾ വിഗ്രഹങ്ങളാണ്. ചിലർക്ക് പണം വിഗ്രഹമാണ്. ചിലർക്ക് ജോലി വിഗ്രഹമാണ്. ചിലർക്ക് ഭാര്യ അല്ലെങ്കിൽ ഭർത്താവ് വിഗ്രഹമാണ്. ചിലർക്ക് മക്കൾ വിഗ്രഹമാണ്. ദൈവത്തെക്കാൾ അധികം ആരെയും സ്നേഹിക്കരുത്. വ്യക്തിപൂജയും വിഗ്രഹാരാധനയാണ്.

ഈ കാലങ്ങളിൽ അനേകം വ്യക്തിപൂജകൾ വർദ്ധിച്ചു വരുന്നുണ്ട്. ഭൂമിയിലെ ഏതെങ്കിലും വ്യക്തിയെ ദൈവം എന്ന് വിളിക്കുന്ന 'Cult' വിഗ്രഹാരാധനയാണെന്ന് അറിയാതെ ആ വലയിൽ അനേകർ കുടുങ്ങിപ്പോകുന്നുണ്ട്. കേരളത്തിലെ ക്രൈസ്തവരിൽ ഒരു നല്ല വിഭാഗം ആളുകൾ ഒരു സ്ത്രീയെ ദൈവം എന്ന് വിളിച്ച് സ്തുതിക്കുന്ന വിഗ്രഹാരാധനയുടെ ഊരാക്കുടുക്കിൽ കുടുങ്ങിക്കിടക്കുന്നുണ്ട്.

"ദുർന്നടപ്പുകാരൻ, അശുദ്ധൻ, വിഗ്രഹാരാധിയായ ദ്രവ്യാഗ്രഹി ഇവർക്ക് ആർക്കും ക്രിസ്തുവിന്റെയും ദൈവത്തിന്റെയും രാജ്യത്തിൽ അവകാ

ശമില്ല എന്ന് നിങ്ങൾ അറിയുന്നുവല്ലോ.”
എഫേസ്യർ 5 : 5

വിഗ്രഹാരാധന മൂലം ദാൻ മുദ്രയേറ്റവരുടെ ഗണത്തിൽ ഉൾപ്പെട്ടില്ല.

അഞ്ചാമതായി, ദാൻ ദുഷ്ടതയേറിയ ഭയാനക കൃത്യങ്ങൾ ചെയ്തു.

> “ദാന്യർ മീഖാവ് തീർപ്പിച്ചവയെയും അവന്നുണ്ടായിരുന്ന പുരോഹിതനെയും അവർ കൊണ്ടുപോയി, ലയീശിൽ സ്വൈരവും നിർഭയവുമായിരുന്ന ജനത്തിന്റെ അടുക്കൽ എത്തി അവരെ വാളിന്റെ വായ്ത്തലയാൽ വെട്ടി, പട്ടണം തീവെച്ച് ചുട്ടുകളഞ്ഞു.” ന്യായാധിപൻമാർ 18 : 27

ഏറ്റവും ഭയങ്കരമായ നിഷ്ഠൂര പ്രവൃത്തി ദാൻ ചെയ്തു. സ്വൈരമായും നിർഭയമായുമിരുന്ന നിർദ്ദോഷികളും സാധുക്കളുമായ ഒരു ദേശത്തെ ജനത്തെ വെട്ടിക്കൊല്ലുക മാത്രമല്ല, ആ ദേശത്തെ തീവച്ച് ചുട്ടുകളകയും ചെയ്തു.

ശാപകരമായ ദോഷമാണ് ദാൻ ചെയ്തത്. പാവപ്പെട്ടവനെ ഉപദ്രവിച്ചാൽ അവന്റെ നിലവിളി ദൈവസന്നിധിയിൽ ചെന്ന് ഉപദ്രവിച്ചവന്റെ മേൽ ദൈവകോപം വരും.

> “അല്ലയോ ധനവാൻമാരേ, നിങ്ങളുടെമേൽ വരുന്ന ദുരിതങ്ങൾ നിമിത്തം കരഞ്ഞു മുറയിടുവിൻ. നിങ്ങളുടെ ധനം ദ്രവിച്ചും ഉടുപ്പ് പുഴുവരിച്ചും പോയി. നിങ്ങളുടെ പൊന്നും വെള്ളിയും കറപിടിച്ചു, ആ കറ നിങ്ങളുടെ നേരെ സാക്ഷിയാകും. അത് തീ പോലെ നിങ്ങളുടെ ജഡത്തെ തിന്നുകളയും..... നിങ്ങൾ ഭൂമിയിൽ ആഡംബരത്തോടെ സുഖിച്ച് പുളച്ച് കുലദിവസത്തിൽ എന്നപോലെ നിങ്ങളുടെ ഹൃദയത്തെ പോഷിപ്പിച്ചിരിക്കുന്നു.

നിങ്ങൾ നീതിമാനെ കുറ്റം വിധിച്ച് കൊന്നു, അവൻ നിങ്ങളോട് മറുത്തു നിൽക്കുന്നതുമില്ല.”

യാക്കോബ് 5 : 1–6

ഓർക്കുവിൻ, നിങ്ങളുടെ പാപം നിശ്ചയമായും നിങ്ങളെ കണ്ടെത്തും. ദുഷ്ടതയ്ക്ക് തിരിച്ചടി നേരിടേണ്ടിവരും. എത്രയോ നിഷ്ഠൂരൻമാർ അവരുടെ കാലത്തും അവരുടെ മക്കളുടെ കാലത്തും കഠോരമായ ശാപങ്ങളുടെ ദോഷ ഫലം അനുഭവിക്കേണ്ടി വന്നിട്ടുണ്ട്.

ദുരിതം നിറഞ്ഞ ജീവിതാനുഭവങ്ങളിലൂടെ കടന്നുപോയ ഒരു ഭവനത്തെക്കുറിച്ച് കേട്ടിട്ടുണ്ട്. ആ വീട്ടിൽ പിറന്ന മൂന്നു കുഞ്ഞുങ്ങളും കണ്ണുകാഴ്ചയില്ലാത്തവരായി ജനിച്ചു. എന്തിയാരിക്കാം ഇതിന്റെ കാരണം? ആ കുട്ടികളുടെ അപ്പൻ ഒരു ചുമതലപ്പെട്ട ജോലിയുള്ള ഒരു ഉദ്യോഗസ്ഥനായിരുന്നു. അഴിമതിയും കൈക്കൂലിയും കൊണ്ട് അനേകരുടെ ന്യായത്തെ മറിച്ചുകളയുകയും വളരെ കഠിനമായി ചിലരെ തന്റെ ഔദ്യോഗിക പദവി ഉപയോഗിച്ച് ഉപദ്രവിക്കുകയും ചെയ്തു. അതിന്റെ കനത്ത ശിക്ഷ അടുത്ത തലമുറ അനുഭവിക്കേണ്ടിവരികയാണ്.

വേറൊരു സംഭവം ഇതിനെക്കാൾ മർമ്മഭേദകമാണ്. ഒരു ഗ്രാമത്തിലൊരിടത്ത് ഒരാളുടെ പശു അടുത്തുള്ള ഒരാളുടെ പറമ്പിൽ കടന്ന് ആ പറമ്പിലെ പല സാധനങ്ങളും നശിപ്പിച്ചു. പറമ്പിന്റെ ഉടമസ്ഥൻ ആ പശുവിനെ പിടിച്ചു കെട്ടിയിട്ടു. അതിനെ കഠിനമായി അടിക്കാൻ തുടങ്ങി. പശുവിന്റെ നിലവിളി കേട്ട് ഉടമസ്ഥൻ ഓടിവന്നു.

പറമ്പിലെ കൃഷിക്ക് വന്ന നഷ്ടത്തിന് ഇരട്ടി പകരം കൊടുത്തു കൊള്ളാം, ഈ മിണ്ടാപ്രാണിയെ ഉപദ്രവിക്കരുതേ എന്ന് കരഞ്ഞു പറഞ്ഞു. പക്ഷേ ആ പറമ്പിന്റെ ഉടമസ്ഥൻ നല്ല ആൾസ്വാധീനമുള്ളവനും നാട്ടിലെ ഒരു പ്രമാണിയും ആയിരുന്നു. യാതൊരു കരുണയും കൂടാതെ ആ പശുവിനെ കെട്ടിയിട്ട് അയാളുടെ മക്കളെക്കൊണ്ട് അതിനെ

പിടിച്ചു നിറുത്തിക്കൊണ്ട് ജീവനോടെ അതിന്റെ തൊലി ഉരിഞ്ഞു. നല്ല മൂർച്ചയുള്ള അരിവാൾകൊണ്ട് തൊലി ഉരിഞ്ഞു മാറ്റിയപ്പോൾ ചോര വാർന്നൊഴുകി. ആ സാധു മൃഗത്തിന്റെ അമറലും അലർച്ചയും ആരുടെയും കരളലി യിക്കുന്നതായിരുന്നു. കുറേ നേരം അമറി, അമറി ആ പശു ചോരയിൽ ചത്തു കിടന്നു. ഇതു ചെയ്ത മനുഷ്യനോ ഒട്ടും മനസ്സലിവുണ്ടായില്ല.

തുടർന്ന് സംഭവിച്ചതെന്താണെന്നോ? ആ പശുവിനെ തോലു രിഞ്ഞ മനുഷ്യന് അന്നു തുടങ്ങി ദുരിതങ്ങൾ. അയാളുടെ മക്കൾ അംഗവൈകല്യമുള്ളവരായി. ഓരോ അപകടങ്ങളും രോഗങ്ങളും മൂലം അവരുടെ അവയവങ്ങൾക്ക് കേടുപറ്റി. പിന്നീടുണ്ടായ കുഞ്ഞുങ്ങൾ അംഗവൈകല്യത്തോടെ ജനി ച്ചു. ആ മനുഷ്യൻ ഒരു തീരാരോഗിയായി മാറി. ആ കുടുംബം ശാപഗ്രസ്തമായി തീർന്നു.

പ്രിയ ദൈവപൈതലേ, ദുഷ്ടതയും, ക്രൂരതയും ദാന് ഇഹത്തിലും പരത്തിലും വിനയായി ഭവിച്ചു. നിത്യതയിൽ മുദ്രയേൽക്കുന്നതിന് ദാന് അത് തടസ്സമായിത്തീർന്നു. ആ നിരയിൽ മുദ്രയേറ്റ് നിൽക്കുമെന്ന് നാം പ്രതീക്ഷിക്കുന്ന ദാന്റെ പേര് അവിടെ കാണുന്നില്ല.

മാന്യ സ്നേഹിതാ, കർത്താവായ യേശുവിന്റെ രണ്ടാ മത്തെ വരവിൽ പറന്നുയരുന്ന വിശുദ്ധൻമാരുടെ നിരയിൽ നീ കാണുമോ? നിന്റെ പാപങ്ങളെയെല്ലാം കണ്ടുപിടിച്ച്, അനുതപിച്ച്, ക്രിസ്തുവിന്റെ രക്തത്തിൽ വിശ്വസിച്ച്, ആശ്ര യിച്ച് ഏറ്റു പറഞ്ഞ് ഒരു പാപക്ഷമ നീ നേടിയോ?

> "ലംഘനം ക്ഷമിച്ചും പാപം മറച്ചും കിട്ടിയവൻ ഭാഗ്യവാൻ, യഹോവ അകൃത്യം കാണക്കിടാ തെയും ആത്മാവിൽ കപടം ഇല്ലാതെയുമിരിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ." സങ്കീ. 32 : 1

പാപക്ഷമയുടെ സൗഭാഗ്യം, സ്നേഹിതാ, നീ നേടിയോ?

നിത്യതയിലെത്തുമ്പോൾ നീ ഉപേക്ഷിക്കപ്പെട്ടല്ലോ എന്നറിയുന്നതിൽ പ്രയോജനമില്ല. ഇവിടെവച്ച് നീ സത്യം അറിയുക. സത്യം നിന്നെ സ്വതന്ത്രനാക്കും. ക്രിസ്തുവിനോടു പറയൂ : അരുമരക്ഷകനായ യേശുവേ, ആത്മീയം എന്തെന്ന് അറിയാതെയും ചിന്തിക്കാതെയും ഞാൻ ഇതുവരെ ജീവിച്ചു. നിത്യസ്വർഗ്ഗത്തിന്റെ അവകാശം ഞാൻ പ്രാപിച്ചില്ല എന്ന് അനുതാപത്തോടെ ഞാനേറ്റുപറയുന്നു. ഇന്നു മുതൽ ഒരു പുതിയ മനുഷ്യനായി ഞാൻ ജീവിക്കുമെന്ന് ഞാനിതാ ഉടമ്പടി ചെയ്യുന്നു. എന്നോട് മനസ്സലിയണമേ. എന്നെ സ്വീകരിക്കണമേ. യേശുവിന്റെ നിസ്തുലനാമത്തിൽ എന്റെ പ്രാർത്ഥനയും യാചനകളും കേൾക്കുമാറാകണമേ.

## അഞ്ച്

നിങ്ങളും പ്രാപിപ്പാന്തക്കവണ്ണം ഓടുവിൻ
1 കൊരിന്ത്യർ 9 : 24

ക്രിസ്തീയ ജീവിതം ഒരു ഓട്ടക്കളമായി ചിത്രീകരിച്ചു കൊണ്ട് അനേകം പ്രസ്താവനകൾ തിരിവെഴുത്തിലുണ്ട്. അപ്പോസ്തലനായ പൗലോസിന്റെ ലേഖനങ്ങളിൽ പല ഭാഗങ്ങളിൽ ഈ ക്രിസ്തീയ ജീവിതമാകുന്ന ഓട്ടം ഓടേണ്ടതെങ്ങനെയെന്ന് വിവരിക്കുന്നുണ്ട്.

സ്വന്തം അനുഭവത്തോടനുബന്ധിച്ച് പൗലോസ് പറയുന്ന :

> "ലഭിച്ചു കഴിഞ്ഞു എന്നോ, തികഞ്ഞവനായി എന്നോ അല്ല, ഞാൻ ക്രിസ്തുയേശുവിനാൽ പിടിക്കപ്പെട്ടിരിക്കുന്നതുകൊണ്ട് എനിക്കും അത് പിടിക്കാമോ എന്നുവെച്ച് പിൻതുടരുന്നതേയുള്ളൂ. സഹോദരൻമാരേ, ഞാൻ പിടിച്ചിരിക്കുന്നു എന്ന് നിരൂപിക്കുന്നില്ല. ഒന്നു ഞാൻ ചെയ്യുന്നു : പിമ്പിലുള്ളത് മറന്നും മുമ്പിലുള്ളതിന് ആഞ്ഞും കൊണ്ട് ക്രിസ്തുയേശുവിൽ ദൈവത്തിന്റെ പരമവിളിയുടെ വിരുതിന്നായി ലാക്കിലേക്ക് ഓടുന്നു."
>
> ഫിലിപ്യർ 3 : 12-14

ഓട്ടക്കളത്തിലാണ് നിൽക്കുന്നതെന്ന് പൗലോസിന് നല്ല നിർണ്ണയമുണ്ടായിരുന്നു. പക്ഷേ ഓടി വിരുത് പ്രാപിച്ചു

എന്ന് പറയാറായിട്ടില്ല. പിമ്പിലുള്ളതെല്ലാം മറന്ന് മുമ്പിലുള്ള ലാക്കിലേക്ക് നോക്കി മുന്നോട്ട് ലക്ഷ്യം തെറ്റാതെ ഓടുകയാണ്.

ഫിലിപ്യലേഖനം എഴുതുന്നത് റോമൻ കാരാഗൃഹത്തിൽ കിടന്നുകൊണ്ടാണ്. അത് റോമൻ ജയിലിലെ ആദ്യത്തെ ബന്ധനകാലമാണ്. രണ്ടാമത് റോമൻ കാരാഗൃഹത്തിലായപ്പോൾ എഴുതിയ ലേഖനങ്ങളാണ് ഇടയലേഖനങ്ങൾ മൂന്നും. തീമോഥെയോസിനുള്ള ഒന്നും രണ്ടും ലേഖനങ്ങളും തീതോസിന് എഴുതിയ ലേഖനവുമാണ് ഇടയലേഖനങ്ങൾ.

ഒന്നാം കാരാഗൃഹവാസക്കാലത്ത് എഴുതിയ ലേഖനങ്ങളാണ് എഫെസ്യലേഖനം, കൊലോസ്യലേഖനം, ഫിലെമോന് എഴുതിയ ലേഖനം, ഫിലിപ്യലേഖനം എന്നിവ. ഇവയിൽ ഫിലിപ്യലേഖനത്തിൽ എഴുതിയ വാക്യമാണ്, "ഞാൻ ലാക്കിലേക്ക് ഓടുന്നു" എന്നത്.

എന്നാൽ ഒടുവിലത്തെ ലേഖനമായ തിമോഥെയോസിന് എഴുതിയ രണ്ടാം ലേഖനത്തിൽ അപ്പോസ്തലന് മനസ്സിലായി, താമസിയാതെ രക്തസാക്ഷിയാകും. അതുകൊണ്ടാണ് അദ്ദേഹം പറഞ്ഞത്:

> "ഞാനോ ഇപ്പോൾത്തന്നെ പാനീയയാഗമായി ഒഴിക്കപ്പെടുന്നു, എന്റെ നിര്യാണകാലവും അടുത്തിരിക്കുന്നു. ഞാൻ നല്ല പോർ പൊരുതു, ഓട്ടം തികച്ചു, വിശ്വാസം കാത്തു. ഇനി നീതിയുടെ കിരീടം എനിക്കായി വെച്ചിരിക്കുന്നു, അത് നീതിയുള്ള ന്യായാധിപതിയായ കർത്താവ് ആ ദിവസത്തിൽ എനിക്കു നൽകും, എനിക്കു മാത്രമല്ല, അവന്റെ പ്രത്യക്ഷതയിൽ പ്രിയംവെച്ച ഏവർക്കും കൂടെ."
> 2 തീമോഥെയോസ് 4 : 6-8

ഇത്ര പ്രാഗത്ഭ്യത്തോടെ അപ്പോസ്തലൻ മരണം നേരിടുമെന്ന് ഉറപ്പായപ്പോൾ പറഞ്ഞതിന്റെ പിന്നിൽ ഒരു വലിയ സത്യമുണ്ട്. അപ്പോസ്തലൻ എടുത്തിരുന്ന ഒരു സമർപ്പണ

മാണത് :

> "ഇതാ, ഞാൻ ആത്മാവിനാൽ ബന്ധിക്കപ്പെട്ടവനായി യരുശലേമിലേക്ക് പോകുന്നു. ബന്ധനങ്ങളും കഷ്ടങ്ങളും എനിക്കായി കാത്തിരിക്കുന്നു എന്ന് പരിശുദ്ധാത്മാവ് പട്ടണംതോറും സാക്ഷ്യം പറയുന്നതല്ലാതെ അവിടെ എനിക്ക് നേരിടുവാനുള്ളതൊന്നും ഞാൻ അറിയുന്നില്ല. എങ്കിലും ഞാൻ എന്റെ പ്രാണനെ വിലയേറിയതായി എണ്ണുന്നില്ല, എന്റെ ഓട്ടവും ദൈവകൃപയുടെ സുവിശേഷത്തിന് സാക്ഷ്യം പറയേണ്ടതിന് കർത്താവായ യേശു തന്ന ശുശ്രൂഷയും തികയ്ക്കേണം എന്നേ എനിക്കുള്ളൂ." അപ്പോ. പ്രവൃ. 20 : 22-24

എന്റെ ഓട്ടം തികയ്ക്കണം എന്ന് അപ്പോസ്തലൻ പറയുന്നതിൽ ഊന്നൽ നൽകുന്നത് എന്റെ ജീവിതം ദൈവസന്നിധിയിൽ പ്രസാദയോഗ്യമായി സൂക്ഷിക്കണം എന്ന വസ്തുതയാണ്. സംശുദ്ധമായ ഒരു ജീവിതം നയിച്ചാൽ മാത്രമേ ദൈവകൃപയുടെ സുവിശേഷത്തിന് സാക്ഷ്യം പറയേണ്ടതിന് കർത്താവായ യേശു തന്ന ശുശ്രൂഷ തികയ്ക്കാൻ കഴിയുകയുള്ളൂ എന്നും അപ്പോസ്തലൻ അറിഞ്ഞിരുന്നു.

"So I run straight to the goal with purpose in every step. I fight to win. I'm not just shadow-boxing or playing around." L.B.

> "ഓരോ ചുവടിലും വ്യക്തമായ ഉദ്ദേശത്തോടെ ലാക്കിലേക്ക് ഞാൻ ഓടുകയാണ്. ജയം നേടാൻ ഞാൻ പോരാടുന്നു. എന്റേത് കേവലം നിഴൽ യുദ്ധമോ ലക്ഷ്യമില്ലാത്ത വട്ടം ചുറ്റിക്കളിയോ അല്ല." (ആകയാൽ ഞാൻ നിശ്ചയമില്ലാത്തവണ്ണമല്ല ഓടുന്നത്, ആകാശത്തെ കുത്തുന്നതുപോലെയല്ല ഞാൻ മുഷ്ടിയുദ്ധം ചെയ്യുന്നത്.)
>
> 1 കൊരിന്ത്യർ 9 : 26

ക്രിസ്തീയ ജീവിതമാകുന്ന ഓട്ടത്തിൽ നമ്മുടെ വിജ യത്തെ തകർക്കുന്ന പല പല കാര്യങ്ങളുണ്ട്.

ഗ്രീക്കുപുരാണത്തിൽ ഒരു രസകരമായ കഥയുണ്ട്.

ഗ്രീസിൽ ഒരു സുന്ദരിയായ രാജകുമാരിയുണ്ടായിരുന്നു. അതി ബുദ്ധിമതി, ബഹുസുന്ദരി, അത്ഭുതാവഹമായ കഴി വുള്ള ഒരു ഓട്ടക്കാരി. ഓട്ടത്തിൽ അവളെ ജയിക്കാനാർക്കും കഴിയുമായിരുന്നില്ല. അതിന്റെ അഹങ്കാരം അവൾക്കുണ്ടാ യിരുന്നുതാനും.

ഈ സുന്ദരിപ്പെൺകുട്ടിയെ വിവാഹം കഴിക്കാൻ അനേകം യുവാക്കൾ ആഗ്രഹിച്ചു. രാജകുമാരൻമാർ, പ്രഭു കുമാരൻമാർ, കായികാഭ്യാസികൾ, ബുദ്ധിജീവികൾ ഇങ്ങനെ വളരെപ്പേർ. പക്ഷേ അവൾ വിവാഹത്തിന് ഒരു വ്യവസ്ഥ വച്ചു.

ഓട്ടത്തിൽ എന്നെ ജയിക്കുന്ന ആൾ ആരായാലും അയാളെ ഞാൻ വിവാഹം കഴിക്കും. ഓരോരുത്തരും അവ ളോട് മത്സരിച്ച് ഓടാൻ തയ്യാറായി. പക്ഷേ ആരും അവ ളോട് ജയിച്ചില്ല. എല്ലാവരും ലജ്ജിച്ച് പിൻമാറി.

ഒരു യുവാവ് വളരെ ഉത്സാഹത്തോടെ മത്സര ഓട്ട ത്തിന് തയ്യാറായി വന്നു. അവൻ നേരത്തെ അന്വേഷിച്ചറി ഞ്ഞിരുന്നു, രാജകുമാരിക്ക് ഏറ്റവും ഇഷ്ടമായ സാധനമെ ന്തെന്ന്. ആപ്പിൾ രാജകുമാരിയുടെ ഒരു ഹരമാണെന്നും അത് കണ്ടാൽ അവൾ എല്ലാം മറക്കുമെന്നും അയാൾ അറി ഞ്ഞിരുന്നു.

ഓട്ടം ആരംഭിച്ചു. രാജകുമാരി കുതിച്ചോടി വളരെ മുമ്പി ലായി. ചെറുപ്പക്കാരൻ ഒരാപ്പിൾ എടുത്ത് രാജകുമാരി യുടെ മുന്നിൽ ഒരു വശത്തേക്ക് എറിഞ്ഞു. ആപ്പിൾ കാണുകയുമല്ല, അവൾ അതിന്റെ പിന്നാലെ ഓടി. അതെ ടുത്തു വരുമ്പോഴേക്കും അവൻ വളരെ മുമ്പിലായി. വീണ്ടും അവൾ മുമ്പിൽ കടന്നു. അപ്പോൾ അവൻ രണ്ടാമത്തെ

ആപ്പിൾ ഒരു വശത്തേക്ക് എറിഞ്ഞു. അതെടുക്കാൻ അവൾ പോയപ്പോഴേക്കും അവൻ പിന്നെയും മുന്നിലായി. പിന്നെയും അവൾ കുതിച്ചുപാഞ്ഞ് മുന്നിലെത്തി. മൂന്നാമതും ഒരാപ്പിൾ അവൻ എറിഞ്ഞു. അതിന്റെ പിന്നാലെ അതെടുക്കാൻ അവൾ പോയി ഓടിവന്നപ്പോഴേക്കും അവൻ ലക്ഷ്യസ്ഥാനത്ത് എത്തി. ഓട്ടത്തിൽ അവൻ ജയിച്ചു. അവൻ അവളുടെ ഭർത്താവായിത്തീർന്നു.

ഇതൊരു കഥയാണ്. പക്ഷേ, അതിന്റെ ആശയം വ്യക്തമല്ലേ? മുന്നോട്ട് ഓടുമ്പോൾ മറ്റൊന്നും നമ്മെ ആകർഷിക്കരുത്. ഒന്നും നമ്മുടെ ശ്രദ്ധയെ പിടിച്ചുപറ്റരുത്. ലക്ഷ്യത്തിലേക്ക് ഏകതാനതയോടെ, ശ്രദ്ധയോടെ കുതിച്ച് പാഞ്ഞുകൊള്ളണം.

ഇതൊരത്ഭുതമല്ലേ? ക്രിസ്തീയ ജീവിതം എന്താണെന്നറിയാത്ത നമ്മെ നമ്മുടെ കർത്താവ് ഓട്ടക്കളത്തിൽ കൊണ്ടുവന്നു നിറുത്തിയത്! ആത്മീയ ജീവിതത്തിൽ ഒരു തഴക്കവും പരിചയവുമില്ലാത്തവരെയല്ലേ കർത്താവ് ഈ ഓട്ടക്കളത്തിൽ എത്തിച്ചത്?

നമ്മുടെ ക്രിസ്തീയ ജീവിതമാകുന്ന ഓട്ടത്തിൽ നമുക്കബദ്ധം പറ്റാൻ സാദ്ധ്യതയുള്ള ഒരു കാര്യമാണ് ട്രാക്കുതെറ്റി ഓടുക എന്നത്. ഓടുന്നതിന് നമുക്ക് വെച്ചിരിക്കുന്ന പാതയിൽ നിന്ന് വ്യതിചലിച്ച് ഓടിയാൽ എത്ര നന്നായിട്ട് ഓടിയാലും നമുക്ക് വിരുത് ലഭിക്കുകയില്ല. ഒരു പക്ഷേ ഏറ്റവും നന്നായി ഓടിയിരിക്കാം. പക്ഷേ ഓടുന്നതിന് നിർദ്ദേശിച്ചിരിക്കുന്ന ലൈൻ വിട്ടുമാറി ഓടി എന്നതുകൊണ്ട് ഓട്ടത്തിൽ തോറ്റുപോകും.

ഒരു പശുവും അതിന്റെ കിടാവും. ഒരു റയിൽവെപ്പാളത്തിനടുത്ത് മേയുകയായിരുന്നു. പാളത്തിനുള്ളിൽ കല്ലുകളുടെ ഇടയിലും ധാരാളം പുല്ലു തഴച്ചുവളരുന്നുണ്ടായിരുന്നു. പശുവും കിടാവും നല്ല സുഖമായി പാളത്തിനുള്ളിൽ നിന്ന് പുല്ലു തിന്നുകയായിരുന്നു.

പെട്ടെന്നിതാ ഒരു ട്രെയിൻ ചൂളം വിളിച്ച് കൂകിപ്പാഞ്ഞു വരുന്നു. പശുവും കിടാവും ചെവി വട്ടം പിടിച്ചു. എന്തോ വലിയ ശബ്ദം അടുത്തു വരുന്നു. രണ്ടും ഭയന്നോടാൻ തുടങ്ങി. പശു പാളത്തിൽ നിന്നും മാറി ഓടി. കിടാവ് പാളത്തിലൂടെ തന്നെ ഓടി. നല്ല വേഗത്തിലാണ് അത് ഓടിയത്. പക്ഷേ അപകടം പാഞ്ഞുവരുന്ന പാളത്തിൽക്കൂടിയാണ് അത് ഓടിയത്. നിമിഷങ്ങൾക്കുള്ളിൽ ആ കന്നുകുട്ടി കഷണങ്ങളായി അവിടെ ചിതറി വീണു.

മാന്യ സ്നേഹിതാ, ഇന്ന് നീ നല്ല വേഗത്തിൽ ഓടുന്നുണ്ട്. പക്ഷേ അപകടത്തിന്റെ വഴിയിൽ കൂടിയാണ്. നാശം ഇതാ നിന്റെ അടുത്തെത്തിക്കഴിഞ്ഞു. എത്രയോ തവണ പ്രബോധനങ്ങളും ശാസനകളും നിനക്ക് ലഭിച്ചിട്ടും ഇതുവരെയും നിന്റെ പാതവിട്ട് നീ മാറിയിട്ടില്ല. തിരുവചനം പറയുന്നു.

> “കൂടെക്കൂടെ ശാസന കേട്ടിട്ടും ശാഠ്യം കാണിക്കുന്നവൻ നീക്കുപോക്കില്ലാതെ പെട്ടെന്ന് നശിച്ചുപോകും.” സദൃശ വാക്യങ്ങൾ 29 : 1
>
> എന്നാൽ ദുഷ്ടനോട് ദൈവം അരുളിച്ചെയ്യുന്നു : നീ എന്റെ ചട്ടങ്ങളെ അറിയിപ്പാനും എന്റെ നിയമത്തെ നിന്റെ വായിൽ എടുപ്പാനും നിനക്കെന്തു കാര്യം? നീ ശാസനയെ വെറുത്ത് എന്റെ വചനങ്ങളെ നിന്റെ പുറകിൽ എറിഞ്ഞു കളയുന്നുവല്ലൊ. കള്ളനെ കണ്ടാൽ നീ അവന് അനുകൂലപ്പെടുന്നു, വ്യഭിചാരികളോട് നീ പങ്കു കൂടുന്നു. നിന്റെ വായ് നീ ദോഷത്തിന് വിട്ടുകൊടുക്കുന്നു, നിന്റെ നാവ് വഞ്ചന പിണയ്ക്കുന്നു, നിന്റെ അമ്മയുടെ മകനെക്കുറിച്ച് അപവാദം പറയുന്നു. ഇവ നീ ചെയ്ത് ഞാൻ മിണ്ടാതിരിക്കയാൽ ഞാൻ നിന്നെപ്പോലെയുള്ളവനെന്ന് നീ നിരൂപിച്ചു, എന്നാൽ ഞാൻ നിന്നെ ശാസിച്ച് നിന്റെ കണ്ണിൽ മുമ്പിൽ അവയെ നിരത്തിവെയ്ക്കും.

ദൈവത്തെ മറക്കുന്നവരേ, ഇത് ഓർത്തുകൊൾവിൻ, അല്ലെങ്കിൽ ഞാൻ നിങ്ങളെ കീറിക്കളയും. വിടുവിപ്പാൻ ആരും ഉണ്ടാകയില്ല."

സങ്കീ. 50 : 16-22.

ഓടണം, ശരിയായ പാതയിൽ ഓടണം. ഓടണം, ശരിയായ ലാക്കിലേക്ക് ഓടണം. അപ്പോൾ സമ്മാനം ലഭിക്കും.

ഏറെക്കാലം ശരിയായ ലാക്കോ, ശരിയായ പാതയോ അറിയാതെ ജീവിച്ച ഒരു യുവാവാണ് അമേരിക്കയിൽ ന്യൂയോർക്കിൽ സ്ഥിരതാമസമാക്കിയിരിക്കുന്ന മി. റോബിൻ കോശി. റോബിന്റെ മാതാപിതാക്കൾ - കോശിയും ഓമനയും - കേരളത്തിൽ പത്തനാപുരത്ത് ജനിച്ചു വളർന്നവരാണ്. റോബിന്റെ അനുഭവങ്ങൾ ഇപ്പോൾ കേൾക്കാം.

എന്റെ പതിനേഴാമത്തെ വയസ്സുവരെ ഞാൻ ദൈവത്തെ തിരിച്ചറിയാതെ ജീവിച്ചു. പള്ളിയാരാധനയിലും പ്രാർത്ഥനായോഗത്തിലും എല്ലാം പോകാറുണ്ടെങ്കിലും ദൈവം ആരാണെന്നോ ആത്മീയം എന്താണെന്നോ ഞാൻ അറിഞ്ഞിരുന്നില്ല. പള്ളിയിൽ മദ്ബഹായിലെ ശുശ്രൂഷയിലെല്ലാം ഞാൻ സ്ഥിരമായി കൂടിയിരുന്നെങ്കിലും വി. കുർബ്ബാന എന്തെന്നോ, പ്രാർത്ഥനയുടെ അർത്ഥമെന്തെന്നോ ഞാൻ ചിന്തിച്ചിരുന്നില്ല. ചടങ്ങുപോലെ എല്ലാം നടത്തിയിരുന്നു. എന്റെ ഹൃദയത്തിൽ ഒരു ശൂന്യത അനുഭവപ്പെട്ടിരുന്നു. ഒരു സമാധാനവും എനിക്കില്ലായിരുന്നു.

എന്റെ പപ്പായ്ക്ക് ശരീരം ഒരു വശം തളർന്നുപോകുന്ന ഒരു വലിയ രോഗമുണ്ടായി. ഒരു മേജർ ഓപ്പറേഷൻ വേണമെന്ന് ഡോക്ടർ പറഞ്ഞു. എന്നാലും ആശയ്ക്ക് വകയില്ല എന്നായിരുന്നു ഡോക്ടറുടെ അഭിപ്രായം. ചില ദൈവദാസൻമാർ ഞങ്ങളുടെ വീട്ടിൽ വന്ന് പപ്പായ്ക്കുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. അവരുടെ ആത്മാർത്ഥതയും സ്നേഹവും എന്നെ ആകർഷിച്ചു.

അങ്ങനെയിരിക്കെ കേരളത്തിൽ നിന്ന് ഓർത്തഡോക്സ് സഭയിലെ ഒരു ദൈവദാസൻ ന്യൂയോർക്കിൽ വന്ന് അദ്ദേഹത്തിന്റെ മകളുടെ കൂടെ കുറേക്കാലം ജീവിച്ചു. അദ്ദേഹം കോലഞ്ചേരി ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിൽ സ്ഥിരമായി സംബന്ധിക്കുന്ന ആളായിരുന്നു. ഇതേ ഫെല്ലോഷിപ്പിൽ ഏറെക്കാലം പ്രവർത്തിച്ചിരുന്ന മഴുവന്നൂർ യാക്കോബായ പള്ളിയിടവകയിലെ ചമ്പിലിൽ ബേബിച്ചായനും ന്യൂയോർക്കിൽ ജോലിക്കായി വന്ന് താമസിക്കുന്നുണ്ടായിരുന്നു. ബേബിച്ചായന്റെ ഉത്സാഹത്തിൽ ഞങ്ങളുടെ പ്രദേശത്ത് പ്രാർത്ഥനായോഗം നടന്നു വരികയായിരുന്നു. ഒരു ഞായറാഴ്ച ഞങ്ങളുടെ പ്രാർത്ഥനായോഗത്തിൽ വചനം കേട്ടുകൊണ്ടിരുന്നപ്പോൾ കർത്താവ് എന്റെ ഉള്ളത്തെ തൊട്ടു. ഞാൻ പൂർണ്ണമായി എന്നെത്തന്നെ ക്രിസ്തുവിന്റെ കരങ്ങളിലേക്ക് സമർപ്പിച്ചു.

ഞാൻ തിരിഞ്ഞു നോക്കുമ്പോൾ എന്റെ പപ്പയും മമ്മിയും കരഞ്ഞുകൊണ്ടിരിക്കുന്നത് കണ്ടു. അവരും കർത്താവായ യേശുവിനെ സ്വന്തം കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. വലിയ ഒരു സമാധാനവും സന്തോഷവും എന്റെ ഹൃദയത്തിലേക്കും എന്റെ വീട്ടിലേക്കും കടന്നുവന്നു.

ഇന്ന് ഞാൻ പൂർണ്ണസന്തോഷമായി കഴിയുന്നു. എനിക്ക് ചിക്കാഗോയിൽ ഈറ്റൺ യൂണിവേഴ്സിറ്റിയിൽ മെഡിസിന് പഠിക്കാൻ അഡ്മിഷൻ കിട്ടി. പക്ഷേ ഞാനവിടെ ചെന്നപ്പോൾ എനിക്കതിയായ ആഗ്രഹമുണ്ടായി Bachelor of Ministry എന്ന ഡിഗ്രിക്ക് പഠിക്കണമെന്ന്. സുവിശേഷ പ്രവർത്തനങ്ങൾക്ക് പരിശീലനം നൽകുന്ന ആ കോഴ്സിൽ ചേർന്ന് ഞാനിപ്പോൾ ചിക്കാഗോയിൽ ഈറ്റൺ സർവ്വകലാശാലയിൽ പഠിക്കുകയാണ്.

വീട്ടിൽ നിന്നകന്ന് ചിക്കാഗോയിൽ താമസിക്കുമ്പോഴും ഞാൻ ക്രിസ്തുവിന്റെ സാന്നിദ്ധ്യം നിരന്തരം അനുഭവിച്ചു കൊണ്ട് സമാധാനമായി കഴിയുന്നു. ഞാനിപ്പോൾ കേരളത്തിൽ വന്നത്

ഈ ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിന്റെ സുവിശേഷ പ്രവർത്തനങ്ങളിൽ പങ്കുചേരാനും എനിക്ക് ആഴമേറിയ ആത്മീയാനുഭവങ്ങൾ പ്രാപിക്കാനുമാണ്. ക്രിസ്തീയജീവിതം എത്ര നല്ല ഒരു മധുരാനുഭവമാണെന്നും ഈ ഓട്ടത്തിൽ നേർപ്പാതയിൽ കൂടെ ഓടിയാൽ അവർണ്ണ്യമായ സന്തോഷം അനുഭവിക്കണമെന്നും ഞാനിപ്പോൾ മനസ്സിലാക്കുന്നു.

റോബിന്റെ ജീവിതം ശരിയായ വഴിയിലേക്ക് തിരിച്ചുവിട്ട കർത്താവായ യേശുക്രിസ്തു, ദൈവപൈതലേ, നിന്റെ ജീവിതത്തിലും അത്ഭുതകരമായ ചില അനുഭവങ്ങൾ തരാൻ നിന്റെ അടുത്തു നിൽക്കുന്നുണ്ട്. ഈ ഓട്ടക്കളത്തിൽ തളരാതെ ഓടി വിരുത് പ്രാപിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഇപ്പോൾത്തന്നെ ക്രിസ്തുവിനോട് പറയുക. നാഥാ, ഇന്നു മുതൽ ഞാൻ നിന്റെ വക. യേശുവേ, ഇതുവരെ ലോകത്തിന്റെ ഇമ്പങ്ങളുടെ വഴിയിൽക്കൂടെ ഞാൻ ഓടി. ഇന്നു മുതൽ നാഥാ, നിന്റെ വിശുദ്ധിയുടെയും സ്നേഹത്തിന്റെയും ക്രൂശിന്റെ പാതയിലൂടെ ഓടുവാൻ ഞാനിതാ എന്നെത്തന്നെ സമർപ്പിക്കുന്നു.

സമർപ്പിക്കുക. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

## ആറ്

"നിങ്ങളും പ്രാപിപ്പാൻ തക്കവണ്ണം ഓടുവിൻ"
1 കൊരിന്ത്യർ 9 : 24

ക്രിസ്തീയ ജീവിതം ഒരു ഓട്ടക്കളത്തിൽ ഒരു കായികാഭ്യാസി മത്സര ഓട്ടം നടത്തുന്നതുപോലെയാണ് എന്ന് കഴിഞ്ഞയാഴ്ച നാം ധ്യാനിച്ചല്ലൊ.

ദൈവത്തിന്റെ മനുഷ്യൻ ഓട്ടക്കളത്തിൽ ഓടുമ്പോൾ പരിത്യജിക്കേണ്ട ചില കാര്യങ്ങളുണ്ട്. അപ്പൊസ്തലനായ പൗലോസ് അതിനെക്കുറിച്ച് തന്റെ ലേഖനങ്ങളിൽ പ്രതിപാദിക്കുന്നുണ്ട്.

"ദ്രവ്യാഗ്രഹം സകലവിധ ദോഷത്തിനും മൂലമല്ലോ. ഇത് ചിലർ കാംക്ഷിച്ചിട്ട് വിശ്വാസം വിട്ടുഴന്നു ബഹുദുഃഖങ്ങൾക്ക് അധീനരായിത്തീർന്നിരിക്കുന്നു.

> നീയോ ദൈവത്തിന്റെ മനുഷ്യനായുള്ളോവേ, അത് വിട്ടോടി നീതി, ഭക്തി, വിശ്വാസം, സ്നേഹം, ക്ഷമ, സൗമ്യത എന്നിവയെ പിന്തുടരുക. വിശ്വാസത്തിന്റെ നല്ല പോർ പൊരുതുക, നിത്യജീവനെ പിടിച്ചുകൊൾക, അതിനായി നീ വിളിക്കപ്പെട്ടു അനേകം സാക്ഷികളുടെ മുമ്പാകെ നല്ല സ്വീകാരം

> കഴിച്ചുവല്ലൊ. നീ നിഷ്ക്കളങ്കനും നിരപവാദ്യനുമായി ഈ കല്പന നമ്മുടെ കർത്താവായ യേശുവിന്റെ പ്രത്യക്ഷതവരെ പ്രമാണിച്ചുകൊള്ളേണം."
>
> 1 തീമോഥെയോസ് 6 : 10-13

ഈ വേദഭാഗത്ത് ഏഴു കാര്യങ്ങൾ പൗലോസ് പറയുന്നുണ്ട്.

ഒന്ന്, flee - ഓടുക

രണ്ട്, follow - പിന്തുടരുക

മൂന്ന്, fight - നല്ല പേർ പൊരുതുക

നാല്, hold fast - പിടിച്ചു കൊൾക.

അഞ്ച് fearless testimony - നല്ല സ്വീകാരം - സാക്ഷ്യം.

ആറ് fulfil - കല്പന പ്രമാണിക്കണം

ഏഴ് faultless - നിഷ്കളങ്കനും നിരപവാദ്യനും

ഒന്നാമതായി തിരുവെഴുത്ത് അനുശാസിക്കുന്നത് flee - വിട്ട് ഓടുക എന്നാണ്. ചിലതെല്ലാം പരിത്യജിച്ച് ഓടിയാലേ ലക്ഷ്യത്തിലെത്തി വിരുത് പ്രാപിക്കുകയുള്ളൂ.

എന്തെല്ലാമാണ് വിടേണ്ടത്?

ഒന്നാമതായി, ദ്രവ്യാഗ്രഹം വിട്ട് വേണം ഓടാൻ.

> "നീയോ ദൈവത്തിന്റെ മനുഷ്യനായുള്ളോവേ, അത് (ദ്രവ്യാഗ്രഹം) വിട്ടോടുക."
>
> 1 തീമോഫെയോസ് 6 : 11

ഈ വേദഭാഗത്ത് ദ്രവ്യാഗ്രഹത്തിന്റെ ദൂഷ്യങ്ങളെക്കുറിച്ച് വളരെ വ്യക്തമായ ഒരു ചിത്രം നമുക്ക് ലഭിക്കുന്നുണ്ട്.

"അവർ ദൈവഭക്തി ആദായസൂത്രം എന്ന് വിചാരിക്കുന്നു. അലംഭാവത്തോടുകൂടിയ ദൈവഭക്തി വലുതായ

ആദായം ആകുന്നുതാനും. ഇഹലോകത്തിലേക്ക് നാമൊന്നും കൊണ്ടുവന്നിട്ടില്ല, ഇവിടെ നിന്ന് യാതൊന്നും കൊണ്ടു പോകാൻ കഴിയുന്നതുമല്ല. ഉൺമാനും ഉടുപ്പാനും ഉണ്ടെ ങ്കിൽ മതി എന്ന് നാം വിചാരിക്ക. ധനികൻമാരാകുവാൻ ആഗ്രഹിക്കുന്നവർ പരീക്ഷയിലും കണിയിലും കുടുങ്ങു കയും മനുഷ്യർ സംഹാരനാശങ്ങളിൽ മുങ്ങിപ്പോകുവാൻ ഇടവരുന്ന മൗഢ്യവും ദോഷകരവുമായ പല മോഹ ങ്ങൾക്കും ഇരയായിത്തീരുകയും ചെയ്യുന്നു. ദ്രവ്യാഗ്രഹം സകലവിധ ദോഷത്തിനും മൂലമല്ലോ. ഇത് ചിലർ കാംക്ഷി ച്ചിട്ട് വിശ്വാസം വിട്ടുഴന്ന് ബഹുദുഃഖങ്ങൾക്ക് അധീനരായി ത്തീർന്നിരിക്കുന്നു.

"നീയോ, ദൈവത്തിന്റെ മനുഷ്യനായുള്ളോവേ, അത് വിട്ടോടുക." 1 തിമോ. 6 : 5-11

ആത്മീയ ജീവിതത്തിലെ ഒരു കനത്ത തടസ്സമാണ് ദ്രവ്യാ ഗ്രഹം. അനേകം വിശ്വാസവീരൻമാർ തകർന്നുപോയത് ഈ ദ്രവ്യാഗ്രഹമാകുന്ന ഇടർച്ചക്കല്ലിൽ തട്ടിവീണാണ്. പണ ത്തോടുള്ള ഒരു വലിയ ആകർഷണം ദൈവത്തിൽ നിന്ന് അകന്നു മാറുന്നതിന് ദൈവമക്കളെ പ്രേരിപ്പിക്കുന്നു.

ഇക്കാര്യം മനഃശാസ്ത്രജ്ഞൻമാർ പോലും പറയുന്ന ഒരു സത്യമാണ്.

ഫ്രോയിഡ് പറഞ്ഞു : സകല ചോദനകളുടെ പിന്നിൽ മനുഷ്യന്റെ ജീവിതത്തിൽ ഏറ്റവും മുൻപു നിൽക്കുന്നത് Sex-ലൈംഗികാസക്തിയാണ്.

(What man needs is pleasure - sexual pleasure)

അഡ്ലർ പറഞ്ഞു : മനുഷ്യന്റെ ഏറ്റവും പ്രധാന വിഷയം അധികാരം (Power) ആണ്.

(Whar man needs is power)

Jung - യുങ് - പറഞ്ഞു. ജ്ഞാനം, അഗാധമായ ജ്ഞാന

മാണ് മനുഷ്യന്റെ ഏറ്റവും വലിയ ആവശ്യം.

(What man needs is knowledge - deep knowledge)

അധികാരം, ജ്ഞാനം - ഇതു രണ്ടും സ്വയത്തിന്റെ പ്രവണതയിൽ നിന്ന് ഉരുത്തിരിഞ്ഞു വരുന്നതാണ്. സ്വയം - self - മനുഷ്യ ജീവിതത്തെ മുഴുവൻ സ്വാധീനിക്കുന്നു എന്നാണ് അഡ്ലറും യുങ്ങും പറഞ്ഞതിന്റെ ആകെത്തുക. എന്നാൽ സ്വയം എന്നുള്ളതിൽ വരുന്ന അധികാരം, ജ്ഞാനം ഇതു രണ്ടും പണത്തിന്റെ കൊഴുപ്പിനെ ഒരളവിൽ ആശ്രയിച്ചിരിക്കുന്നു.

എന്നാൽ സുപ്രസിദ്ധ വേദശാസ്ത്രജ്ഞനും തത്വജ്ഞാനിയുമായ പാസ്കൽ പറഞ്ഞു,

"These are the three ways by which man runs away from God."

"ഈ മൂന്നു വഴികളിലൂടെയാണ് മനുഷ്യൻ ദൈവത്തിൽ നിന്ന് ഓടിയകലുന്നത്.

ഒരു സുവിശേഷകന്റെ മൂന്നു ശത്രുക്കൾ ആരെല്ലാമെന്ന് വളരെ സുചിന്തിതമായ അഭിപ്രായം ഒരു ഭക്തനായ ചിന്തകൻ പറഞ്ഞിട്ടുണ്ട്.

1. Girl - Sex (സ്ത്രീ – ലൈംഗികാസക്തി)

2. Gold - Silver (ധനം)

3. Glory - Self (സ്വയം)

ഇതിൽ sex-നും self-നും ഉള്ള അതേ പ്രാധാന്യം തന്നെയാണ് ധനത്തിന് നൽകിയിരിക്കുന്നത്. അതുകൊണ്ടാണ്

> "ദ്രവ്യാഗ്രഹം സകലവിധ ദോഷത്തിലും മൂലമല്ലൊ" എന്ന് തിരുവെഴുത്ത് പറയുന്നത്.
>
> 1 തീമോഥിയോസ് 6 : 10

നമ്മുടെ കർത്താവിന്റെ ഗിരിപ്രഭാഷണത്തിൽ ഇക്കാര്യം വളരെ ഊന്നിപ്പറയുന്നുണ്ട്.

> "പുഴുവും തുരുമ്പും കെടുക്കയും കള്ളൻമാർ തുരന്ന് മോഷ്ടിക്കുകയും ചെയ്യുന്ന ഈ ഭൂമിയിൽ നിങ്ങൾ നിക്ഷേപം സ്വരൂപിക്കരുത്. പുഴുവും തുരുമ്പും കെടുക്കാതെയും കള്ളൻമാർ തുരന്ന് മോഷ്ടിക്കാതെയുമിരിക്കുന്ന സ്വർഗ്ഗത്തിൽ നിക്ഷേപം സ്വരൂപിച്ചു കൊൾവിൻ. നിന്റെ നിക്ഷേപം ഉള്ളേടത്ത് നിന്റെ ഹൃദയവും ഇരിക്കും."
> മത്തായി 6 : 19–21

"സകല ദ്രവ്യാഗ്രവും സൂക്ഷിച്ചു ഒഴിഞ്ഞു കൊൾവിൻ, ഒരുത്തന് സമൃദ്ധി ഉണ്ടായാലും അവന്റെ വസ്തുവകയല്ല അവന്റെ ജീവന്ന് ആധാരമായിരിക്കുന്നത്." (ലൂക്കോസ് 12 : 15) എന്ന് വാഴ്ത്തപ്പെട്ട കർത്താവ് അരുളിച്ചെയ്തിട്ടുണ്ട്.

ഒന്ന്, ദ്രവ്യാഗ്രഹം വിട്ടോടുവിൻ.

ലണ്ടൻ പട്ടണത്തിന്റെ തെരുവീഥിയിൽ ഒരു ഭിക്ഷു ഒരിക്കൽ മരിച്ചു കിടന്നു. അയാളുടെ കീറിപ്പറിഞ്ഞ പുറംകോട്ടിൽ ആയിരം പവനുള്ള കറൻസി നോട്ടുകൾ ഉണ്ടായിരുന്നു. ഇത്രയേറെ രൂപയുണ്ടായിരുന്നിട്ടും സ്വന്തമായി ഒരു കിടപ്പാടമില്ലാതെ അയാൾ ജീവിച്ചു. കീറിപ്പറിഞ്ഞ വസ്ത്രങ്ങൾ ധരിച്ച് അയാൾ ജീവിച്ചു. നല്ല ഭക്ഷണം കഴിക്കാതെ അയാൾ ജീവിച്ചു. പണമുണ്ടായിട്ടും അത് ചെലവഴിക്കാതെ അയാൾ ജീവിച്ചു. അയാൾ ദ്രവ്യാഗ്രഹി ആയിരുന്നു.

ഈ സംഭവത്തിനു നേരെ വിരുദ്ധമായ സംഭവങ്ങളും ഉണ്ട്. റോക്ക്ഫെല്ലർ എന്ന മഹാസമ്പന്നനായ മനുഷ്യൻ തന്റെ സ്വത്തിന്റെ സിംഹഭാഗവും ദൈവവേലയ്ക്കു വേണ്ടി ചെലവഴിക്കുകയുണ്ടായി.

അദ്ദേഹത്തിന്റെ ജീവിതത്തിന്റെ ഒരു സമയംവരെ അദ്ദേഹം ധനം ധാരാളം സമ്പാദിച്ചെങ്കിലും ഒരു സ്വസ്ഥ

തയും ഇല്ലായിരുന്നു. "ഞാൻ ഈ പണമെല്ലാം കുന്നുകൂട്ടിയിട്ടു എനിക്കൊരു സമാധാനവുമില്ലല്ലൊ." എന്നദ്ദേഹം ഓർത്തു. തന്റെ സ്വത്ത് ഒരു വലിയ ഭാഗം സുവിശേഷ പ്രവർത്തനങ്ങൾക്കു വേണ്ടി അദ്ദേഹം മാറ്റിവച്ചു. അതോടു കൂടി അലൗകികമായ ഒരു സമാധാനം അദ്ദേഹം അനുഭവിക്കാൻ തുടങ്ങി.

വളരെ ധനാഢ്യനായ ഒരു മനുഷ്യൻ ഉണ്ടായിരുന്നു. അദ്ദേഹം മരിക്കുന്നതിനു മുമ്പ് അദ്ദേഹത്തിന്റെ വിൽപത്രം തയ്യാറാക്കി. ആ വിൽപ്പത്രത്തിന് മുപ്പത്തേഴ് അദ്ധ്യായങ്ങളിലായി പതിനായിരത്തിലേറെ വാക്കുകളുണ്ടായിരുന്നു.

ആത്മാവിന് മാത്രമാണ് ജീവിതത്തിൽ അദ്ദേഹം മുൻതൂക്കം നൽകിയത് എന്ന് വ്യക്തമാക്കുന്നതായിരുന്നു അദ്ദേഹത്തിന്റെ വിൽപ്പത്രം.

അതിൽ ഒരു ഭാഗത്ത് അദ്ദേഹം എഴുതിയിരിക്കുകയാണ്. "എന്റെ ആത്മാവിനെ എന്റെ രക്ഷിതാവും വീണ്ടെടുപ്പുകാരനുമായ ക്രിസ്തുവിന്റെ കരങ്ങളിലേക്ക് ഞാൻ ഭരമേല്പിക്കുന്നു. ക്രിസ്തുവിന്റെ വിലയേറിയ രക്തത്താൽ അവൻ എന്നെ വീണ്ടെടുക്കുകയും എന്റെ ജീവിതം മുഴുവനായി അവൻ ഏറ്റെടുക്കുകയും ചെയ്തു. നിത്യസ്വർഗ്ഗീയ പിതാവിന്റെ സന്നിധിയിൽ കുറ്റമറ്റവനായി നിൽക്കുന്നതിന് അവൻ എന്നെ കാത്തുകൊള്ളും, അവൻ നിത്യതയിൽ എന്നെ പരിശുദ്ധ പിതാവിന്റെ സന്നിധിയിൽ എത്തിക്കും. എന്തെല്ലാം നഷ്ടമായാലും ഈ വിശ്വാസം കാത്തുസൂക്ഷിച്ച് പരിപാവനമായി പരിപാലിക്കുവാൻ ഞാൻ എന്റെ മക്കളെ പ്രത്യേകം ചുമതലപ്പെടുത്തുന്നു. നിത്യസ്വർഗ്ഗീയ സമ്പത്ത് അവരാർജ്ജിക്കാനായി ക്രിസ്തു നൽകിയ നിത്യജീവൻ അവർക്കായി ഞാനിതാ ഭരമേല്പിക്കുന്നു."

ഒന്ന്, ദ്രവ്യാഗ്രഹം വിട്ട് ഓടുവിൻ.

രണ്ട്, സകല ഭാരവും വിട്ട് ഓടുവിൻ.

"ആകയാൽ നാമും സാക്ഷികളുടെ ഇത്ര വലിയോരു സമൂഹം നമുക്ക് ചുറ്റും നിൽക്കുന്നതു കൊണ്ട് സകല ഭാരവും മുറുകെപ്പറ്റുന്ന പാപവും വിട്ട് നമുക്ക് മുമ്പിൽ വെച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക. വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിനെ നോക്കുവിൻ."
എബ്രായർ 12 : 1

അനേക വിശ്വാസികൾ ഓട്ടത്തിൽ തളരുന്നത് തലയിൽ ചുമടുള്ളതുകൊണ്ടാണ്. ഭാരം വഹിച്ചുകൊണ്ട് ഓടാൻ നിർവ്വാഹമില്ല. ഭാരം ഇറക്കി താഴെവെച്ചുകൊണ്ട് ഓടണം.

എല്ലാ ഭാരങ്ങളും ഏറ്റെടുക്കാൻ നമ്മുടെ നാഥനായ യേശുവുണ്ടല്ലോ നമ്മുടെ അരികത്ത്. നമുക്കുവേണ്ടി ഭാരമേറിയ കുരിശുവഹിച്ച് സ്വയം ത്യജിച്ച്, തളർന്ന് അവശനായി ഗോഗുൽത്തായിലേക്ക് നടന്നുനീങ്ങിയ ക്രിസ്തുവിന്റെ ചുമലിലേക്ക് സകല ഭാരങ്ങളും ഏല്പിച്ചു കൊടുക്കുക.

"നിന്റെ ഭാരം യഹോവയുടെ മേൽ വെച്ചുകൊൾക, അവൻ നിന്നെ പുലർത്തും. നീതിമാൻ കുലുങ്ങിപ്പോകുവാൻ അവൻ ഒരു നാളും സമ്മതിക്കയില്ല."
സങ്കീ. 55 : 22

ഭീതിയും ആശങ്കയും ആകുലവും ദൈവം അകറ്റിത്തന്നു എന്ന നല്ല അനുഭവമുണ്ടായിരുന്നതു കൊണ്ടാണ് ദാവീദ് പറഞ്ഞത് :

"നമ്മുടെ രക്ഷയാകുന്ന ദൈവമായി, നാൾതോറും നമ്മുടെ ഭാരങ്ങളെ ചുമക്കുന്ന കർത്താവ് വാഴ്ത്തപ്പെടുമാറാകട്ടെ. ദൈവം നമുക്ക് ഉദ്ധാരണങ്ങളുടെ ദൈവമാകുന്നു. മരണത്തിൽ നിന്നുള്ള നീക്കുപോക്കുകൾ കർത്താവായ യഹോവയ്ക്കുള്ളവ തന്നെ."
സങ്കീ. 68 : 19-20

ഒരു മനുഷ്യൻ ഒരു വലിയ ചുമടും ചുമന്ന് ഒരു വഴി

യിൽ കൂടെ പോകുകയായിരുന്നു. ചുമടിന്റെ കനംകൊണ്ട് അദ്ദേഹത്തിന്റെ ചുമലും തോളും നല്ലതുപോലെ വേദനിക്കുന്നുണ്ടായിരുന്നു. വേച്ചുവേച്ച് തളർന്നവശനായി, അയാൾ അങ്ങനെ പോകുമ്പോൾ ഒരു വലിയ വാൻ ആ വഴി വന്നു. വാൻ ഓടിക്കുന്ന മനുഷ്യന് ഈയാളെ കണ്ടപ്പോൾ വലിയ സഹതാപം തോന്നി.

അയാൾ വണ്ടി നിറുത്തി, ആ സാധു മനുഷ്യനോട് വണ്ടിയിൽ കയറിക്കൊള്ളാൻ പറഞ്ഞു. അയാൾ വണ്ടിയിൽ കയറി. വണ്ടി കുറേനേരം പോയപ്പോൾ വണ്ടി ഓടിക്കുന്നയാൾ യദൃച്ഛയാ പുറകിലേക്ക് തിരിഞ്ഞുനോക്കി. അപ്പോഴുണ്ട് ആ മനുഷ്യൻ ആ ചുമട് തലയിൽ നിന്നിറക്കിവെക്കാതെ അതും ചുമന്നുകൊണ്ട് നിൽക്കുകയാണ്! പാവം! അയാൾക്ക് ചുമട് താഴെ ഇറക്കിവെക്കാൻ ധാരാളം സ്ഥലമുണ്ട്. സ്വസ്ഥമായും സുഖമായും ഇരിക്കാനും നല്ല സൗകര്യമുണ്ട്.

എല്ലാമുണ്ടായിട്ടും ആ സൗകര്യങ്ങൾ അയാൾ പ്രയോജനപ്പെടുത്തിയില്ല. ഇന്നും അനേകമാളുകളും ഇങ്ങനെയാണ്. എല്ലാ ആവലാതികളും ആകുലങ്ങളും പ്രശ്നങ്ങളും ക്ലേശങ്ങളും ഏറ്റെടുക്കാനും നമുക്ക് സ്വാതന്ത്ര്യം തരുവാനും ക്രിസ്തു നമ്മുടെ അരികെ നിൽക്കുന്നുണ്ട്. നാമോ അതറിയുന്നില്ല.

പ്രിയ സ്നേഹിതാ, നിന്റെ ഭാരങ്ങളെല്ലാം അവന്റെമേൽ വെക്കുക. അവൻ എല്ലാം ഏറ്റെടുക്കും. അവൻ നിനക്ക് ആശ്വാസം തരും. അവൻ പറഞ്ഞിട്ടുണ്ട്.

> "അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായുള്ളോരേ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും. ഞാൻ സൗമ്യതയും താഴ്മയും ഉള്ളവനാകയാൽ എന്റെ നുകം ഏറ്റുകൊണ്ട് എന്നോട് പഠിപ്പിൻ, എന്നാൽ നിങ്ങളുടെ ആത്മാക്കൾക്ക് ആശ്വാസം കണ്ടെത്തും.

എന്റെ നുകം മൃദുവും എന്റെ ചുമട് ലഘുവുമാകുന്നു.” മത്തായി 11 : 28-30

അഞ്ചും ആറും നിലകളുള്ള കെട്ടിടം പണിയുന്നത് കണ്ടിട്ടുണ്ട്. ഇപ്പോഴത്തേതുപോലെ ലിഫ്റ്റും ക്രെയിനും ഒന്നും ഇല്ലാത്ത കാലം. പല നിലകൾ കെട്ടി ഓരോ നിരയിലും ആൾ നിൽക്കും. താഴെനിന്ന് ഒന്നാം നിലയിലേക്ക് ഇഷ്ടിക എറിഞ്ഞു കൊടുക്കും. അവിടെ നിൽക്കുന്ന ആൾ അത് പിടിച്ച് ഉടനെ മുകളിലേക്ക് എറിയും. അവിടെ നിൽക്കുന്ന ആൾ അതു വാങ്ങി നേരെ മുകളിലേക്ക് എറിയും. മുകളിലെത്തുന്നത് എടുത്ത് കെട്ടിടം പണി പുരോഗമിക്കുന്നു.

ഏതെങ്കിലും തട്ടിൽ നിൽക്കുന്നയാൾ അലസനായാൽ പണി മുടങ്ങും. ഓരോരുത്തരും തങ്ങളുടെ കൈയിൽ വരുന്ന ഭാരം ഉടനെ മുകളിലേക്ക് എറിയണം. ആരും അത് സ്വന്തം കൈയിൽ വെച്ചുകൊണ്ടിരിക്കരുത്. മുകളിലേക്ക് എറിഞ്ഞാൽ അവിടെ അത് ഏറ്റു വാങ്ങാനൊരാളുണ്ട്.

സ്നേഹിതരേ, നിങ്ങളുടെ കൈയിൽ വരുന്ന ഭാരം നേരെ മുകളിലേക്കെറിയൂ. അവിടെ അത് ഏറ്റു വാങ്ങാൻ രണ്ട് ആണിപ്പാടുള്ള കരങ്ങൾ നീട്ടിയിട്ടുണ്ട്. ഏതു ഭാരവും ഏറ്റെടുക്കാൻ മതിയായവനും മനസ്സായവനുമത്രേ യേശുക്രിസ്തു.

ബഹുമാന്യ സ്നേഹിതാ, പ്രിയ സഹോദരീ, സകല ഭാരവും വിട്ട് ഓടുവാൻ നീ തയ്യാറാണോ? എങ്കിൽ നിന്റെ അരികത്ത്. ഇപ്പോൾ വന്നു നിൽക്കുന്ന ക്രിസ്തുവിനോട് ഒരു വാക്ക് നീ പറയൂ:

നാഥാ, നീ എന്റെ പാപവും എന്റെ ശാപവും എന്റെ ഭാരവും വഹിച്ചാണ് ക്രൂശിൽ പിടഞ്ഞു മരിച്ചതെന്ന് ഞാൻ വിശ്വസിക്കുന്നു. ഇത്രയും കാലം അനേകമനേകം പാപങ്ങളും ഭാരങ്ങളും ചുമന്ന് ഞാൻ വശം കെട്ടിരിക്കയാണ്. എന്റെ ആളത്വം മുഴുവനായി ഞാനിതാ നിന്റെ മുറിഞ്ഞ കരങ്ങളിലേക്ക് സമർപ്പിക്കുന്നു. ഈ നിമിഷം മുതൽ

ക്രിസ്തു വസിക്കുന്ന ഒരാളായി ഞാൻ ജീവിക്കുമെന്ന് സമർപ്പിക്കുന്നു. നിന്റെ കരങ്ങളിൽ ഞാൻ വിശ്രമിക്കട്ടെ. നിന്നിൽ ഞാൻ മറയട്ടെ. നിന്നിൽ ഞാനാശ്വസിക്കട്ടെ.

തീരുമാനമെടുക്കൂ. സമർപ്പിക്കൂ.
ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

## ഏഴ്

"നിങ്ങളും പ്രാപിപ്പാന്തക്കവണ്ണം ഓടുവിൻ"
1 കൊരിന്ത്യർ 9 : 24

ഒന്ന്, ദ്രവ്യാഗ്രഹം വിട്ട് ഓടുവിൻ.
രണ്ട്, സകല ഭാരവും വിട്ട് ഓടുവിൻ.
മൂന്ന്, മുറുകെപ്പറ്റുന്ന പാപം വിട്ട് ഓടുവിൻ.

> "ആകയാൽ നാമും സാക്ഷികളുടെ ഇത്ര വലിയൊരു സമൂഹം നമുക്ക് ചുറ്റും നിൽക്കുന്നതുകൊണ്ട് സകല ഭാരവും മുറുകെപ്പറ്റുന്ന പാപവും വിട്ട് നമുക്ക് മുമ്പിൽ വെച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക. വിശ്വാസത്തിന്റെ നായകനും പൂർത്തിവരുന്നവനുമായ യേശുവിനെ നോക്കുക."
> എബ്രായർ 12 : 1-2

"Since we have such a huge crowd of men of faith watching us from the grandstands, let us strip off anything that shows us down or holds us back, and especially those sins that wraps them selves so tightly around our feet and trip us up." L.B.

മുറുകെപ്പറ്റുന്ന പാപം വിട്ട് ഓടുവിൻ. ഓടുന്ന ആളുടെ കാലിൽ എന്തെങ്കിലും ബന്ധനമുണ്ടെങ്കിൽ ഓട്ടം ശരിയാ

കുകയില്ല, കുതിച്ചോടാൻ പറ്റുകയില്ല. “നമ്മുടെ പാദത്തിനു ചുറ്റും മുറുക്കിക്കെട്ടിയിരിക്കുന്ന പാപം” എന്നാണ് Living Bible-ൽ നിന്ന് നേരെ തർജ്ജമ ചെയ്യേണ്ടത്. കാലിൽ എന്തെങ്കിലും മുറുക്കിക്കെട്ടിയിട്ടുണ്ടെങ്കിൽ സുഗമമായി ഓടാൻ സാധിക്കുകയില്ല.

അനേകം ദൈവമക്കളെ മുറുകെപ്പറ്റുന്ന പാപം, പെട്ടെന്ന് കോപിക്കുന്ന പ്രകൃതം, മുൻശുണ്ഠി, ക്രോധത്തോടെ, മുൻപിൻ നോക്കാതെ, ഗർജ്ജിക്കുന്ന സ്വഭാവം ഇവയെല്ലാം ചില മുറുകെപ്പറ്റുന്ന പാപങ്ങളാണ്. അനേക കുടുംബങ്ങൾ തകരുന്നത് ഭാര്യയുടെ അല്ലെങ്കിൽ ഭർത്താവിന്റെ കോപശീലം കൊണ്ടാണ്. “ഇനി ഞാൻ കോപിക്കുകയില്ല” എന്ന് തീരുമാനമെടുത്ത് കുറെനാൾ വളരെ പരിശ്രമിച്ച് പിടിച്ചു നിൽക്കുന്ന ആളുകൾ ഒരു ദിവസം നിസ്സാര കാര്യത്തിന് പൊട്ടിത്തെറിച്ച് കോപിക്കുന്നത് കാണാം. കാരണം, ആ പാപം അവരിൽ നിന്ന് നിശ്ശേഷം മാറിയിട്ടില്ല. പുറമേ കുറേ നാളത്തേയ്ക്ക് അത് പ്രകടമായ ഭാവം കാണിച്ചില്ല എന്നേയുള്ളൂ. ബന്ധനം അങ്ങനെതന്നെ നിൽക്കുകയാണ്.

അനേകം യുവാക്കളുടെ പാപം അവരുടെ അമിതമായ ലൈംഗികാസക്തിയാണ്. ലൈംഗികാസക്തിമൂലം ചില ദുഷിച്ച പരിചയങ്ങളും ശീലങ്ങളും വിട്ടുമാറാൻ പാടില്ലാത്തവിധം അവരെ മുറുകെപ്പറ്റി നിൽക്കുന്നതു കാണാം. യൗവ്വനത്തിന്റെ വീര്യവും ഓജസ്സും ദുഷ്പരിചയം മൂലം ചോർത്തിക്കളഞ്ഞ് പഠനവും ഭാവിയുമെല്ലാം താറുമാറാക്കുന്ന എത്രയോ ആളുകളുണ്ട്.

സ്നേഹിതാ, നിന്നെ മുറുകെപ്പറ്റുന്ന പാപം എന്താണ്? നീ പല പ്രാവശ്യം ഏറ്റു പറഞ്ഞിട്ടും നിന്നിൽനിന്ന് പിരിഞ്ഞുമാറാതെ നിന്നെ ചുറ്റിപ്പറ്റി നിൽക്കുന്ന പാപം ഏതാണ്? ഏത് ദുസ്സ്വഭാവമാണ് നിനക്ക് ഇന്നും ജയം കിട്ടാനാകാതെ നീ വലയുന്നത്?

മദ്യപാനം ചിലരുടെ മുറുകെപ്പറ്റുന്ന പാപമാണ്.

ഒരു സ്ത്രീ എന്നോട് പറഞ്ഞു. “സാറേ, കുറച്ച് ഭൂമിയുണ്ടായിരുന്നതെല്ലാം മദ്യപാനം മൂലം എന്റെ ഭർത്താവ് വിറ്റു. ഇനി കിടപ്പാടവും അതിനോടു ചേർന്നുള്ള അല്പ സ്ഥലവും മാത്രമേയുള്ളൂ. ഇങ്ങനെ ജീവിച്ചാൽ നമ്മുടെ കുഞ്ഞുങ്ങളുടെ ഭാവിയെന്തെന്ന് ഒന്ന് ചോദിച്ചാൽ മതി. എന്നെ പൊതിരെ തല്ലും.

രാവിലെ എന്നോടു പറയും ഞാൻ നിന്നെ വളരെ ഉപദ്രവിച്ചു അല്ലേ? നീ എന്നോട് ക്ഷമിക്കണം. ഇനി ഒരിക്കലും ഞാൻ മദ്യപിക്കുകയില്ല, നിശ്ചയം. എന്നാൽ അന്ന് വൈകുന്നേരമാകുമ്പോൾ വീടു വിട്ടറങ്ങും. എന്തു പറഞ്ഞാലും നിൽക്കുകയില്ല. ആരാണ്ട് വലിച്ചുകൊണ്ടു പോകുന്നതുപോലെയാണ്. എത്ര തടഞ്ഞാലും ഫലമില്ല. അന്നും മദ്യപിച്ച് വന്ന് എന്നെ തല്ലും.

എത്ര ദയനീയമാണ് ആ കുടുംബത്തിന്റെ അവസ്ഥ. മദ്യപിക്കരുത് എന്നും ഇനിമേൽ മദ്യപിക്കുകയില്ല എന്നും എല്ലാമുണ്ട്. പക്ഷേ മദ്യപിച്ചു പോകുന്നു. മുറുകെപ്പറ്റുന്ന പാപം.

ഒരു ചെറുപ്പക്കാരൻ എന്നോടു പറഞ്ഞു. സാറേ ഞാൻ എന്റെ കൈയിൽ സൂചികൊണ്ട് കുത്തി ചോരയുണ്ടാക്കി എന്റെ വേദപുസ്തകത്തിൽ എഴുതിയിട്ടു. ഇനി ഞാൻ പുകവലിക്കുകയില്ല എന്ന്. ഏതാനും ദിവസത്തേക്ക് ഞാൻ കടിച്ചുപിടിച്ചു നിന്നു. പിന്നീട് ഞാൻ പരാജയപ്പെട്ടുപോയി.

സോദ്ദ്യോമ്യ പാപം ചിലരെ മുറുകെപ്പറ്റുന്ന പാപമാണ്. ആണോട് ആൺ അവലക്ഷമമായത് പ്രവർത്തിക്കുക എന്ന പാപത്തെക്കുറിച്ച് തിരുവെഴുത്ത് പറയുന്നുണ്ടല്ലോ.

“അതുകൊണ്ട് ദൈവം അവരെ തങ്ങളുടെ ഹൃദയങ്ങളിലെ മോഹങ്ങളിൽ സ്വന്ത ശരീരങ്ങളെ തമ്മിൽത്തമ്മിൽ അവമാനിക്കേണ്ടതിന്ന് അശുദ്ധിയിൽ ഏല്പിച്ചു. അതു

കൊണ്ട് ദൈവം അവരെ അപമാനരാഗങ്ങളിൽ ഏല്പിച്ചു. അവരുടെ സ്ത്രീകൾ സ്വാഭാവിക ഭോഗത്തെ സ്വഭാവവിരുദ്ധമാക്കിക്കളഞ്ഞു. (Even their women turned against God's natural plan for them and indulged in sexual sin with each other - L.B)

> അവ്വണ്ണം പുരുഷൻമാരും സ്വാഭാവിക സ്ത്രീഭോഗം വിട്ട് അന്യോന്യം കാമം ജ്വലിച്ച് ആണോട് ആൺ അവലക്ഷണമായത് പ്രവർത്തിച്ചു."
> റോമർ 1 : 24-27

ഇതുമൂലം വിവാഹ ജീവിതത്തിലേക്ക് വരുമ്പോൾ അനേകം പൊരുത്തക്കേടുകളും താളപ്പിഴകളും ഉണ്ടാകുവാനിടയാകുന്നു. വൈവാഹിക ജീവിതാസംതൃപ്തിക്ക് കാരണമാവുകയും കുടുംബങ്ങൾ തന്നെ തകരാനത് ഹേതുവാകുകയും ചെയ്യുന്നു.

മുറുകെപ്പറ്റുന്ന പാപങ്ങൾ മൂലം വിജയകരമായി ഓട്ടം ഓടാൻ സാധിക്കാത്തവരോട് പൗലോസ് അപ്പോസ്തലൻ വ്യക്തമായി പറയുന്നു.

> "പാപത്തോട് പോരാടുന്നതിൽ നിങ്ങൾ പ്രാണത്യാഗത്തോളം എതിർത്തു നിന്നിട്ടില്ല."
> എബ്രായർ 12 : 4

"പാപത്തോടുള്ള പോരാട്ടത്തിൽ നിങ്ങൾ ഇതുവരെ രക്തം വിയർപ്പുതുള്ളിയായി ചൊരിയുവോളം യുദ്ധം ചെയ്തിട്ടില്ല" എന്ന് ഈ വാക്യം ലിവിങ് ബൈബിളിൽ നിന്ന് തർജ്ജമ ചെയ്യാം.

"You have not yet struggled against sin and temptation until you sweat great drops of blood." L.B.

"മരിക്കേണ്ടി വന്നാലും ഈ പാപത്തിന് ഞാൻ ഇടം കൊടുക്കുകയില്ല" എന്ന കനത്ത തീരുമാനമുള്ളവർക്കു

മാത്രമേ മുറുകെപ്പറ്റുന്ന പാപത്തിൽ നിന്ന് മോചനം നേടാൻ സാധിക്കുകയുള്ളൂ.

ഒരു കഥ കേട്ടിട്ടുണ്ട്. ഒരു പാമ്പാട്ടി ഒരിടത്തിരുന്ന് പാമ്പുകളെ പ്രദർശിപ്പിച്ച് കളിച്ചുകൊണ്ടിരിക്കുകയായിരുന്നു. ആളുകൾ അവിടെ ധാരാളം വന്നുകൂടി കാണികളേറെയായപ്പോൾ പാമ്പാട്ടി പറഞ്ഞു - ഞാനൊരു പുതിയ കളി കാണിക്കാൻ പോകയാണ്. ജനം ഉത്സാഹഭരിതരായി നിന്നു.

പാമ്പാട്ടി ഒരു കൂട്ടിൽ നിന്ന് വളരെ നീളവും വണ്ണവുമുള്ള ഒരു കരിമൂർഖൻ പാമ്പിനെ പുറത്തിറക്കി. പാമ്പ് പത്തി വിരിച്ച് തല വളരെ ഉയർത്തി നിന്നു. പാമ്പാട്ടി ആ പാമ്പിനോട് എന്തോ പറഞ്ഞു. ആ പാമ്പ് ഉടനെ പാമ്പാട്ടിയുടെ ശരീരത്തിലോട് കയറി വയറിൽ ചുറ്റി. പാമ്പാട്ടി വീണ്ടും എന്തോ പറഞ്ഞു. അപ്പോൾ പാമ്പ് താഴെ ഇറങ്ങി. ഇങ്ങനെ പലപ്രാവശ്യം പാമ്പ് കയറി വയറിൽ ചുറ്റുകയും താഴോട്ട് ഇറങ്ങുകയും ചെയ്തു.

ജനങ്ങൾ അത്ഭുതസ്തിമിതരായി നിൽക്കുകയാണ്. ഒട്ടേറെ ജനം തടിച്ചുകൂടിയിട്ടുണ്ട്.

ഒടുവിൽ പാമ്പ് വയറിൽ ചുറ്റി. പിന്നെ പാമ്പാട്ടി പറഞ്ഞിട്ടും ഇറങ്ങുന്നില്ല. അത് കൂടുതൽ കൂടുതൽ മുറുകെ ചുറ്റുകയാണ്. പാമ്പാട്ടിക്ക് ശ്വാസം കിട്ടാതായിത്തുടങ്ങി. അയാൾ കണ്ണു മിഴിക്കുകയും എന്തോ ചില അപശബ്ദങ്ങളും ഞരക്കങ്ങളും കേൾപ്പിക്കുകയും ചെയ്യുന്നുണ്ട്. പാമ്പ് പിന്നെയും പിന്നെയും മുറുക്കി വരിഞ്ഞുകൊണ്ടിരിക്കുകയാണ്. അയാളുടെ മരണ വെപ്രാളമെല്ലാം കളിയുടെ ഒരു ഭാഗമായിട്ടേ അധികമാളുകൾക്കും തോന്നിയുള്ളൂ. ഒടുവിൽ അയാൾ ബോധംകെട്ട് താഴെവീണു. ആളുകൾ അടിച്ചിട്ടും ഒച്ചവച്ചിട്ടുമൊന്നും ആ പാമ്പ് മാറിയില്ല. ഒടുവിൽ ആ മനുഷ്യൻ മരിച്ചു എന്നുറപ്പായപ്പോൾ ആളുകൾ കത്തികൊണ്ട് മുറിച്ച് ആ പാമ്പിനെ ശരീരത്തിൽ നിന്ന് മാറ്റേണ്ടി വന്നു.

ഇതുപോലെയാണ് മുറുകെപ്പറ്റുന്ന പാപങ്ങൾ. തത്ക്കാലം രസമെന്ന് തോന്നാം. അല്പനേരത്തെ ലഹരിയും രസവും ആനന്ദാനുഭൂതിയും തന്നെന്ന് വരാം. പക്ഷേ പാപം ആയുസ്സിനെ മുഴുവൻ ബാധിക്കും. മരണമുളവാക്കും. നിത്യതയിലെ നാശത്തിലേക്ക് അത് നയിക്കുകയും ചെയ്യും.

ഒരിക്കൽ ഒരാൾക്ക് കാട്ടിൽ നിന്ന് ഒരു പുലിക്കുട്ടിയെ കിട്ടി. ഒരു നല്ല പൂച്ചയെപ്പോലിരിക്കുന്നു. നല്ല ഓമനത്തമുള്ള പുലിക്കുട്ടി.

അതിനെ അയാൾ വളർത്താൻ തുടങ്ങി. നല്ല ഭക്ഷണമെല്ലാം കൊടുത്ത് അതിനെ വളർത്തി. വീട്ടിലെ കുട്ടി ആ പുലിക്കുട്ടിയെ എടുത്ത് ഓമനിക്കും. അയാളും ഭാര്യയും അതിനെ താലോലിക്കും. മടിയിലിരുത്തി ലാളിക്കും. നല്ല രസമുള്ള പ്രകൃതമുള്ള പുലിക്കുട്ടി.

ഒരു ദിവസം വീട്ടിലെ കുട്ടി ഒന്ന് വീണ് കാൽമുട്ട് അല്പം പൊട്ടി. കുറച്ചു ചോരപോയി. കുറേ നേരെ കുട്ടി കരഞ്ഞെങ്കിലും പിന്നീട് വേദന കുറഞ്ഞ് ആ കരച്ചിൽ മാറി.

എപ്പോഴോ ഒരു സമയം കുട്ടിയും പുലിക്കുട്ടിയും കളിച്ചുകൊണ്ടിരിക്കുകയായിരുന്നു. അപ്പനും അമ്മയും അപ്പുറത്ത് എന്തോ ജോലി ചെയ്തുകൊണ്ടിരിക്കുകയാണ്.

പുലിക്കുട്ടി കുട്ടിയുടെ കാലിലെ മുറിവ് നക്കിക്കൊണ്ടിരുന്നു. ചോര രുചിച്ചതോടെ പുലിയുടെ തനിപ്രകൃതം ഉണർന്നു. അത് ആ കുട്ടിയെ അടിച്ചും കടിച്ചും കൊന്നു. കുട്ടിയുടെ കരിച്ചിൽ കേട്ട് അപ്പനും അമ്മയും വന്നപ്പോഴേക്കും കുട്ടി മരിച്ചുപോയിരുന്നു. പുലിക്കുട്ടിയെ അവർ കൊന്നു. പക്ഷേ അവർക്ക് അവരുടെ ഓമനപ്പൈതൽ നഷ്ടപ്പെട്ടല്ലോ. തീരാനഷ്ടം!

പ്രിയ സുഹൃത്തെ, നീ ഇന്ന് പുലിക്കുട്ടിയെ താലോലിക്കുകയാണോ? നിന്റെ മുറുകെപ്പറ്റുന്ന പാപം നിന്നെ

തീരാനഷ്ടത്തിലേക്ക് നയിക്കുമെന്ന് നീ ഇപ്പോഴെങ്കിലും അറിയുക. മുറുകെപ്പറ്റുന്ന പാപം വിട്ട് ഓടുക.

നാല്, വിഗ്രാഹാരാധന വിട്ടോടുവിൻ

> "അതുകൊണ്ട് പ്രിയൻമാരേ, വിഗ്രഹാരാധന വിട്ടോടുവിൻ." 1 കൊരിന്ത്യർ 10 : 14

ക്രിസ്തുവിനേക്കാൾ കൂടുതൽ നാം എന്തിനെ സ്നേഹിച്ചാലും അത് വിഗ്രഹാരാധനയാണ്. ഓരോരുത്തരും സ്വയ ശോധന ചെയ്യണം, എന്റെ വിഗ്രഹമെന്താണെന്ന്.

മന്ത്രവാദം, കൂടോത്രം, ക്ഷുദ്രപ്രയോഗങ്ങൾ, കവടി നിരത്തൽ മുതലായവയെല്ലാം വിഗ്രഹാരാധനയാണ്. ദൈവത്തെ ആരാധിക്കുകയും പള്ളിയാരാധനകളിൽ പങ്കെടുക്കുകയും ചെയ്യുന്ന എത്രയോ ആളുകൾ വിഗ്രഹാരാധികളായി ജീവിക്കുന്നു. മഹാപാപമാണ് ഈചെയ്യുന്നതെന്ന് ചിന്തിക്കാതെ അനേകമാളുകൾ വിഗ്രഹാരാധനയിൽ ആശ്രയിച്ചു കഴിയുന്നു! വിഗ്രഹാരാധന വിട്ടോടുവിൻ.

അഞ്ച്, ദുർന്നടപ്പ് വിട്ടോടുവിൻ

> "ദുർനടപ്പ് വിട്ടോടുവിൻ. മനുഷ്യൻ ചെയ്യുന്ന ഏത് പാപവും ശരീരത്തിന് പുറത്താകുന്നു. ദുർന്നടപ്പുകാരനോ സ്വന്ത ശരീരത്തിന് വിരോധമായി പാപം ചെയ്യുന്നു. ദൈവത്തിന്റെ ദനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലയ്ക്കു വാങ്ങിയിരിക്കയാൽ നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ നിങ്ങളുടെ ശരീരംകൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ." 1 കൊരിന്ത്യർ 6 : 18-20

ഈ തലമുറ വഷളത്വം തിങ്ങിയതായി നശിച്ചുകൊണ്ടിരിക്കുകയാണ്. ഭാരതത്തിന് സനാതനമായ ഒരു സാംസ്കാ

രിക പാരമ്പര്യമുണ്ട്. ആർഷ സംസ്ക്കാരം വിലപ്പെട്ടതാണ്. സാൻമാർഗ്ഗികത്വത്തിന് ഊന്നൽ നൽകുന്ന പാരമ്പര്യമാണ് ഭാരതീയ സംസ്ക്കാരത്തിനുള്ളത്.

എന്നാൽ പാശ്ചാത്യ സമ്പ്രദായങ്ങളുടെ അതിപ്രസരം മൂലം ഇക്കാലത്ത് ഭാരതത്തിലും സാൻമാർഗ്ഗികത്വം തകർന്നുകൊണ്ടിരിക്കുകയാണ്. എത്രയോ ബലാൽസംഗങ്ങളും സ്ത്രീപീഡനങ്ങളുമാണ് ഇന്ന് നടക്കുന്നത്. യുദ്ധാനന്തര കൊസാവൊയിലെ ബലാൽസംഗങ്ങളും അഴിഞ്ഞാട്ടങ്ങളും നാം ഈയടുത്തകാലത്ത് അറിഞ്ഞ കാര്യങ്ങളാണല്ലോ. അതുപോലെ ഭാരതത്തിലെ പല ഭൂഭാഗങ്ങളും ദുർന്നടപ്പിന്റെ നീരാളിപ്പിടുത്തത്തിൽ അമർന്നിരിക്കയാണ്.

കുടുംബ ബന്ധങ്ങൾ തകർന്നുകൊണ്ടിരിക്കുന്നു. സ്വന്തം ഭർത്താവിനെ വിട്ട് അന്യപുരുഷൻമാരെ തേടിപ്പോകുന്ന സ്ത്രീകളും അന്യസ്ത്രീകളിൽ ആസക്തിപൂണ്ട് സ്വന്തം കുടുംബത്തിന്റെ കെട്ടുറപ്പ് തകർക്കുന്ന ഭർത്താക്കന്മാരും ഇന്ന് ദുർന്നടപ്പിന്റെ തിക്തകഫലം അനുഭവിക്കുന്നു.

വിവാഹത്തിനു മുമ്പുള്ള ലൈംഗികവേഴ്ച മഹാപാപമാണെന്ന് ഗ്രഹിക്കാത്ത എത്രയോ യുവതീയുവാക്കൾ ഉണ്ട്. അഥവാ പാപമെന്ന് ഗ്രഹിച്ചാലും അതിന്റെ ഭവിഷ്യത്തോർക്കാതെ പാപത്തിൽ കുടുങ്ങിക്കഴിയുന്നു.

രണ്ടു മക്കളുള്ള ഒരു സ്ത്രീയെക്കുറിച്ച് കേൾക്കുകയുണ്ടായി. മന്ദബുദ്ധികളായ കുട്ടികൾ. മാത്രമല്ല രണ്ടു കുഞ്ഞുങ്ങൾക്കും നടക്കാൻ നല്ല സ്വാധീനമില്ലായിരുന്നു. ആ സ്ത്രീ ഒരു വിധവയായിരുന്നു. കുഞ്ഞുങ്ങളുടെ ഭാവിയോർത്ത് അവൾ കണ്ണീരും കൈയുമായി കഴിയുന്നു.

പിന്നീടാണ് അവളുടെ ജീവിതത്തിലെ ചില രഹസ്യങ്ങൾ അറിയുന്നത്. അവളുടെ വിവാഹത്തിനു മുമ്പ് ഒരു നിയന്ത്രണവുമില്ലാതെ അവൾ ജീവിച്ചു. അവളുടെ മാതാപിതാക്കളുടെ അനുസരണത്തിലായിരുന്നില്ല അവൾ. അവൾ

അനേകം യുവാക്കളെ വഴിതെറ്റിച്ചു. അനേകം കുടുംബ ങ്ങളെ നശിപ്പിച്ചു. അനേകം ഭാര്യമാർ ഇവൾമൂലം തീരാദുഃ കത്തിനിരയായി. അവളുടെ ദുർന്നടപ്പുമൂലം കുഞ്ഞുങ്ങൾ രണ്ടും മഹാശാപത്തിൽ.

മാന്യ സ്നേഹിതാ, flee- ചെയ്യാൻ, വിട്ടോടുവിൻ ദൈവം കല്പിക്കുന്ന വചനങ്ങൾ നീ മറക്കരുതേ. ഒന്ന്, ദ്രവ്യാ ഗ്രഹം വിട്ടോടുവിൻ. രണ്ട്, സകല ഭാരവും വിട്ടോടുവിൻ. മൂന്ന്, മുറുകെപ്പറ്റുന്ന പാപം വിട്ടോടുവിൻ. നാല്, വിഗ്ര ഹാരാധന വിട്ടോടുവിൻ. അഞ്ച്, ദുർന്നടപ്പ് വിട്ടോടുവിൻ. നിങ്ങളും പ്രാപിപ്പാൻ തക്കവണ്ണം ഓടുവിൻ.

പ്രിയ സഹോദരി, മാന്യ സ്നേഹിതാ, നീ എന്തു വിചാ രിക്കുന്നു? നീ ഇപ്പോൾ എന്ത് തീരുമാനിക്കുന്നു? സക ലവും വിട്ട് ക്രിസ്തുപോയ വഴിയേ, കുരിശും പേറി ഓടാൻ നീ തീരുമാനിക്കുന്നുവോ? എങ്കിൽ ഒരു വാക്ക് നിന്റെ സമീപത്ത് നിൽക്കുന്ന ക്രിസ്തുവിനോട് പറയുക.

നാഥാ, ഇന്നു മുതൽ ഞാൻ നിന്റെ അടിമ. യേശുവേ, ഇന്നു മുതൽ ഞാൻ നിന്റെ അടിമ.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

# എട്ട്

"നിങ്ങളും പ്രാപിപ്പാന്തക്കവണ്ണം ഓടുവിൻ"
1 കൊരിന്ത്യർ 9 : 24

ഒന്ന്, flee - വിട്ട് ഓടുക

രണ്ട്, follow - പിന്തുടരുക

മൂന്ന്, fight - നല്ല പോർ പൊരുതുക

നാല്, hold fast - മുറുകെ പിടിച്ചുകൊൾക

അഞ്ച്, fearless testimony - നല്ല സ്വീകാരം

ആറ്, faultless - നിഷ്കളങ്കനും നിരപവാദ്യനും

ഏഴ്, fulfil - കല്പന പ്രമാണിക്കേണം

ദ്രവ്യാഗ്രഹത്തെയും ഭാരത്തെയും മുറുകെപ്പറ്റുന്ന പാപത്തെയും വിഗ്രഹാരാധനയെയും ദുർന്നടപ്പിനെയും വിട്ട് ഓടിയാൽ മാത്രംപോരാ, നീതിയെ പിന്തുടരണം. സ്നേഹത്തെ പിന്തുടരണം. ക്ഷമയെ പിന്തുടരണം, സൗമ്യതയെ പിന്തുടരണം.

പിന്തുടരുക - follow

പാപത്തെയും ശാപത്തെയും വിട്ടാൽ മാത്രംപോരാ,

ക്രിസ്തുവിനെ - സകല നൻമകളുടെയും അനുഗ്രഹങ്ങളുടെയും വിളനിലമായ ക്രിസ്തുവിനെ-നാം പിൻപറ്റുകയും ചെയ്യണം.

ക്രിസ്തു ഒരിക്കൽ പറഞ്ഞു.

“അശുദ്ധാത്മാവ് ഒരു മനുഷ്യനെ വിട്ട് പുറപ്പെട്ടശേഷം നീരില്ലാത്ത സ്ഥലങ്ങളിൽ കൂടി തണുപ്പ് അന്വേഷിച്ചുകൊണ്ട് സഞ്ചരിക്കുന്നു, കണ്ടെത്തുന്നില്ലാതാനും. ഞാൻ പുറപ്പെട്ടു പോന്ന എന്റെ വീട്ടിലേക്ക് മടങ്ങിച്ചെല്ലും എന്ന് അവൻ പറയുന്നു, ഉടനെ വന്നു, അത് ഒഴിഞ്ഞതും അടിച്ചുവാരി അലങ്കരിച്ചതുമായി കാണുന്നു. പിന്നെ അവൻ പുറപ്പെട്ടു, തന്നിലും ദുഷ്ടതയേറിയ വേറെ ഏഴാത്മാക്കളെ കൂട്ടിക്കൊണ്ടുവരുന്നു, അവരും അവിടെ കയറിപ്പാർക്കുന്നു, ആ മനുഷ്യന്റെ പിന്നത്തെ സ്ഥിതി മുമ്പിലത്തേതിലും വല്ലാതെയാകും.” മത്തായി 12 : 43-45

“ഒഴിഞ്ഞതും അടിച്ചുവാരി അലങ്കരിച്ചതും” എന്നതിന് clean but empty എന്ന് Living Bible-ലും swept clean and put in order എന്ന് New International Version-ലും കാണുന്നു. പാപവും പാപത്തിന്റെ അധികാരിയായ പിശാചും മാറിയാൽ ഉടൻതന്നെ ക്രിസ്തു വന്ന് അവിടെ വസിക്കണം.

എന്ന് പറഞ്ഞാലർത്ഥമാക്കുന്നത് എന്താണ്? ക്രിസ്തുവിനോടുള്ള സ്നേഹംകൊണ്ടും നന്ദികൊണ്ടും ഹൃദയം നിറയണം. ക്രിസ്തുവിന്റെ അത്ഭുത സ്നേഹം എനിക്ക് വെളിവ് തന്നല്ലോ, എനിക്ക് സുബോധം തന്നല്ലോ, പാപബോധം തന്നല്ലോ, മാനസാന്തരം തന്നല്ലോ, പാപത്തെ വെറുക്കാനുള്ള കൃപ തന്നല്ലോ, മുഴുവൻ ക്രിസ്തുവിന്റെ അത്ഭുത കൃപ മാത്രമാണല്ലോ, എന്റെ സ്വന്ത മേൻമകൊണ്ടോ കഴിവുകൊണ്ടോ തീരുമാനശക്തി കൊണ്ടോ അല്ലല്ലോ എന്ന സ്വയബോദ്ധ്യം മൂലം ക്രിസ്തുവിനോടുള്ള സ്നേഹവും നന്ദിയും ഹൃദയത്തിൽ നിറയും. അങ്ങനെ ക്രിസ്തു ഹൃദയത്തിൽ സ്ഥിരമായി വസിക്കും. ക്രിസ്തു വസിക്കുന്നിടത്ത് ശത്രുവായ പിശാചിന് അടുക്കാൻ സാദ്ധ്യമല്ല.

ഇങ്ങനെ ക്രിസ്തുവിനോടുള്ള നന്ദിയും സ്നേഹവും കടപ്പാടും നിറയുന്നതാണ് സത്യാരാധനയുടെ ഉറവിടം. അതാണ് സ്തുതിയുടെ ആരംഭം, അതാണ് നിരന്തരം സ്തോത്രം ചെയ്യാൻ നമ്മെ അർഹരാക്കുന്നത്, അതാണ് ആത്മാവിലുള്ള ആരാധന, അങ്ങനെയുള്ള ആരാധനയുള്ളിടത്ത് ശത്രു അടുക്കുകയില്ല.

അതുകൊണ്ടാണ് രക്ഷിക്കപ്പെട്ട ദൈവമക്കൾ നിരന്തരം സ്തുതിക്കണമെന്ന് പറയുന്നത്. സ്തുതിയും സ്തോത്രവും പ്രഭയും പുകഴ്ചയും മാഞ്ഞുപോകാത്ത നല്ല ആരാധനയും ഇടവിടാതെ അർപ്പിക്കുവാൻ ഭാഗ്യവും യോഗ്യതയും ലഭിക്കുന്നത് അപ്പോഴാണ്.

> "എപ്പോഴും സന്തോഷിപ്പിൻ, ഇടവിടാതെ പ്രാർത്ഥിപ്പിൻ. എല്ലാറ്റിനും സ്തോത്രം ചെയ്വിൻ." എന്ന് തിരുവെഴുത്ത് പറയുന്നതിന്റെ പൊരുൾ അനുഭവിക്കുന്നത് അപ്പോഴാണ്. 1 തെസ്സ. 5 : 16-18

അങ്ങനെ വിശ്വാസികൾ ഭയഭക്തിയോടെ കർത്താവിനെ സ്തോത്രം ചെയ്യുന്നത് യുക്തവും ന്യായവുമാകുന്നു എന്ന് പുണ്യവാന്മാരായ പിതാക്കൻമാർ അനുശാസിച്ചിട്ടുണ്ട്. ഈ സത്യാരാധനയുടെ സൗഭാഗ്യം സ്വായത്തമാക്കുമ്പോഴാണ് അതിപരിശുദ്ധ സ്ഥലത്തു നിന്ന് "നാം അട്ടഹസിച്ച് പറയണം" എന്ന് നിർദ്ദേശിക്കുന്നതിന്റെയും "പിതാവും പുത്രനും പരിശുദ്ധ റൂഹായുമായവൻ വന്ദിക്കപ്പെട്ടവനും സ്തുതിക്കപ്പെട്ടവനുമാകുന്നു. ആദിമുതൽ തലമുറ തലമുറ വരെയും തനിക്ക് സ്തുതി, ഹാലേലുയ്യാ" എന്ന് വിശ്വാസികൾ അട്ടഹസിച്ചു പറയുന്നതിന്റെയും അന്തസ്സത്ത അനുഭവവേദ്യമാകുന്നത്.

ആ അനുഭവം അനേകം ദൈവമക്കൾക്ക് നിലനിൽക്കുന്നില്ല. അതുകൊണ്ടാണ് പാപത്തിന്റെ മേൽ ജയം ലഭിക്കാത്തത്. എടുത്ത തീരുമാനങ്ങൾ ഇടയ്ക്ക് തകർന്നു പോകുന്നത്.

പാപത്തെ വിട്ട് ഓടിയാൽ മാത്രം പോരാ, (flee) ക്രിസ്തുവിനെ പിന്തുടരണം (follow), ക്രിസ്തു കാണിച്ച വഴിയിൽകൂടെ പോകണം.

"ക്രിസ്തുവും നിങ്ങൾക്കുവേണ്ടി കഷ്ടം അനുഭവിച്ചു, നിങ്ങൾ അവന്റെ കാൽച്ചുവട് പിന്തുടരുവാൻ ഒരു മാതൃക വെച്ചേച്ച പോയിരിക്കുന്നു. അവൻ പാപം ചെയ്തിട്ടില്ല. അവന്റെ വായിൽ വഞ്ചന ഒന്നും ഉണ്ടായിരുന്നില്ല. തന്നെ ശകാരിച്ചിട്ട് പകരം ശകാരിക്കാതെയും കഷ്ടം അനുഭവിച്ചിട്ട് ഭീഷണം പറയാതെയും ന്യായമായി വിധിക്കുന്നവങ്കൽ കാര്യം ഭരമേല്പിക്കയത്രേ ചെയ്തത്."
1 പത്രോസ് 2 : 21–23

പിന്തുടരുക - follow. എന്തിനെ പിന്തുടരണം? നീതി, ഭക്തി, വിശ്വാസം, സ്നേഹം, ക്ഷമ, സൗമ്യത എന്നിവയെ പിന്തുടരുക.

"ആത്മാവിന്റെ ഫലമോ : സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജം."
ഗലാത്യർ 5 : 22

മൂന്നാമതായി പോരാടുക - fight. "വിശ്വാസത്തിന്റെ നല്ല പോർ പൊരുതുക."

വിശ്വാസത്തിന്റെ യാത്ര ഒരു പോരാട്ടമാണ്. വിശ്വാസമില്ലെങ്കിൽ ക്രിസ്തീയ ജീവിതമില്ല. വിശ്വാസത്തിനു വേണ്ടി പോരാടിയേ മുന്നേറാൻ പറ്റൂ.

"ഞാൻ നല്ല പോർ പൊരുതു, ഓട്ടം തികച്ചു, വിശ്വാസം കാത്തു, ഇനി നീതിയുടെ കിരീടം എനിക്കായി വെച്ചിരിക്കുന്നു." 2 തിമോ. 4 : 7–8

എന്ന് പറയുവാനുള്ള പ്രാഗത്ഭ്യം സെ.പോളിന് നൽകി

യത് വിശ്വാസത്തിന്റെ നല്ല പോർ പൊരുതതുകൊണ്ടാണ്.

വിശ്വാസവും നല്ല മനസ്സാക്ഷിയുമില്ലെങ്കിൽ ജീവിതമാകെ തകർന്നു പോകുമെന്ന് സെ.പോൾ പറയുന്നുണ്ട്. തീമോഥെയോസിനെ പ്രബോധിപ്പിക്കുന്നു :

> "നീ വിശ്വാസവും നല്ല മനസ്സാക്ഷിയും ഉള്ളവനായി അവരെ അനുസരിച്ച് നല്ല യുദ്ധസേവ ചെയ്ക. ചിലർ നല്ല മനസ്സാക്ഷി തള്ളിക്കളഞ്ഞിട്ട് അവരുടെ വിശ്വാസക്കപ്പൽ തകർന്നുപോയി."
>
> 1 തീമോ. 1 : 18–19

വിശ്വാസത്തിന്റെ പോരാട്ടത്തിൽ ജയിക്കണമെങ്കിൽ നമ്മുടെ ലക്ഷ്യം ക്രിസ്തു ആയിരിക്കണം. ക്രിസ്തുവിന്റെ ഭാവമെന്ത്, ക്രിസ്തു എങ്ങനെ കാണുന്നു, ക്രിസ്തുവിന്റെ ഇഷ്ടമെന്ത്, എന്നിങ്ങനെയുള്ള കാര്യങ്ങൾ എപ്പോഴും അറിയാൻ ഉത്സാഹിക്കണം.

> "വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിനെ നോക്കി" ക്കൊണ്ട് ഓടുന്നു എങ്കിൽ തോൽവി ഭവിക്കയില്ല.
>
> എബ്രായർ 12 : 2

നാലാമതായി, പിടിച്ചുകൊൾക - Hold fast.

നിത്യജീവനെ പിടിച്ചുകൊൾക. 1 തീമോ 6 : 12

മുറുകെ പിടിക്കേണ്ടത് ഒന്നേയുള്ളൂ : നിത്യജീവൻ

> "തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു."
>
> യോഹ 3 : 16

നിത്യശിക്ഷയ്ക്കും നിത്യനരകത്തിനും യോഗ്യരായ നമുക്ക് നിത്യജീവൻ തരാൻ ദൈവം നമ്മിൽ കനിഞ്ഞു,

നമ്മെ സ്നേഹിച്ചു.

അതിനുള്ള വ്യവസ്ഥ നാം ക്രിസ്തുവിൽ വിശ്വസിക്കുക എന്നുള്ളത് മാത്രമാകുന്നു.

> "മോശ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയതു പോലെ മനുഷ്യപുത്രനെയും ഉയർത്തേണ്ടതാകുന്നു. അവനിൽ വിശ്വസിക്കുന്ന ഏവനും നിത്യജീവൻ പ്രാപിക്കേണ്ടതിനു തന്നേ."
>
> യോഹ 3 : 14-15

അഞ്ചപ്പവും രണ്ടു മീനുംകൊണ്ടു അയ്യായിരത്തിലേറെ പ്പേർക്ക് സുഭിക്ഷ ഭക്ഷണം ലഭിച്ച ബേത്സയിദായിൽ നിന്ന് യേശുക്രിസ്തു കഫർന്നഹൂമിലേക്കു പോയി. ജനം യേശുവിനെ ആർത്തിയോടെ തിരക്കി കടലക്കരെ ചെന്ന് കണ്ടെത്തി. അപ്പോൾ അവർ ചോദിച്ചു :

"റബ്ബീ, നീ എപ്പോൾ ഇവിടെ വന്നു?"

യേശു പറഞ്ഞു :

> "ആമേൻ, ആമേൻ ഞാൻ നിങ്ങളോട് പറയുന്നു. നിങ്ങൾ അടയാളം കണ്ടതുകൊണ്ടല്ല, അപ്പം തിന്ന് തൃപ്തരായതുകൊണ്ടത്രേ എന്നെ അന്വേഷിക്കുന്നത്. നശിച്ചുപോകുന്ന ആഹാരത്തിനുവേണ്ടിയല്ല, നിത്യജീവങ്കലേക്ക് നിലനിൽക്കുന്ന ആഹാരത്തിനായിട്ടു തന്നേ പ്രവർത്തിപ്പിൻ, അത് മനുഷ്യപുത്രൻ നിങ്ങൾക്കു തരും." യോഹ 6 : 25-27

ക്രിസ്തു തന്നെയാണ് നിത്യജീവൻ. ക്രിസ്തുവിനെ പ്രാപിക്കുന്നതാണ് നിത്യജീവൻ. ക്രിസ്തുവിനെ അനുഭവിക്കുന്നതാണ് നിത്യജീവൻ.

> "ഏകസത്യദൈവമായ നിന്നെയും നീ അയച്ചിരിക്കുന്ന യേശുക്രിസ്തുവിനെയും അറിയുന്നതു തന്നേ നിത്യജീവൻ." യോഹ 17 : 3

പ്രിയ സോദരാ, നിത്യജീവൻ നീ മുറുകെ പിടിച്ചിരിക്കുന്നുവോ? ഇന്ന് മരിച്ചാൽ ഞാൻ ക്രിസ്തുവിന്റെ സന്നിധിയിൽ ചെന്നുചേരും എന്ന ഉറപ്പ് നിനക്കുണ്ടോ? ക്രിസ്തു നിന്നിൽ വസിക്കുന്നുവോ? നിത്യജീവനായ ക്രിസ്തു നിന്റെ സ്വന്തമോ? ക്രിസ്തു നിന്നെ സ്നേഹിച്ചു. നീ ക്രിസ്തുവിനെ സ്നേഹിക്കുന്നുവോ?

അഞ്ചാമതായി നല്ല സ്വീകാരം - നല്ല സാക്ഷ്യം - fearless testimony.

> "അനേകം സാക്ഷികളുടെ മുമ്പാകെ നല്ല സ്വീകാരം കഴിച്ചുവല്ലൊ." 1 തീമോ. 6 : 12

> "മനസ്സാക്ഷിയുടെ സാക്ഷ്യം തന്നേ ഞങ്ങളുടെ പ്രശംസ" എന്ന് പൗലോസ് അപ്പോസ്തലൻ പറയുന്നുണ്ട്. 2 കൊരി 1 : 12.

"നിൻസാക്ഷിയെ ലജ്ജിതനാക്കരുതേ" എന്നാണ് പരിശുദ്ധൻമാരായ പിതാക്കൻമാർ പാടിയിട്ടുള്ളത്.

തീമോഥെയോസിനെക്കുറിച്ചു പറയുമ്പോൾ തിരുവെഴുത്ത് രേഖപ്പെടുത്തുന്നത്.

> "അവൻ ലുസ്ത്രയിലും ഇക്കൊന്യയിലുമുള്ള സഹോദരൻമാരാൽ നല്ല സാക്ഷ്യം കൊണ്ടവൻ ആയിരുന്നു" എന്നാണ്. അപ്പോ. പ്രവൃ. 16 : 2

സാക്ഷ്യം ജ്ഞാനത്തിന്റെ വൈഭവം കൂടാതെയായിരിക്കണമെന്ന് തിരുവെഴുത്ത് പറയുന്നു :

> "ഞാനും സഹോദരൻമാരേ, നിങ്ങളുടെ അടുക്കൽ വന്നപ്പോൾ വചനത്തിന്റെയോ ജ്ഞാനത്തിന്റെയോ വൈഭവം കൂടാതെയത്രേ ദൈവത്തിന്റെ സാക്ഷ്യം നിങ്ങളോട് പ്രസ്താവിപ്പാൻ വന്നത്."
> 1 കൊരിന്ത്യർ 2 : 1

കർത്താവിനെ സാക്ഷിക്കാൻ ലജ്ജിക്കരുത്.

"നമ്മുടെ കർത്താവിന്റെ സാക്ഷ്യത്തെയും അവന്റെ ബദ്ധനായ എന്നെയും കുറിച്ച് ലജ്ജിക്കാതെ സുവിശേഷത്തിന്നായി ദൈവശക്തിക്ക് ഒത്തവണ്ണം നീയും എന്നോടുകൂടെ കഷ്ടം സഹിക്ക" (2 തീമോ. 1 : 8) എന്ന് അപ്പോസ്തലൻ തീമോഥിയോസിനെ പ്രബോധിപ്പിക്കുന്നു.

ആറാമതായി, "നിഷ്ക്കളങ്കനും നിരപവാദ്യനും" - faultless

"നീ നിഷ്ക്കളങ്കനും നിരപവാദ്യനുമായിരിക്കണം."
1 തീമോ. 6 : 13

തിരുവചനദൂതുകളുടെ ആവർത്തിച്ചുള്ള ആഹ്വാനം ദൈവമക്കൾ നിരപവാദ്യരായിരിക്കണം - അനിന്ദ്യരായിരിക്കണം എന്നത്രേ. കുറ്റമറ്റ് നിൽക്കേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്.

അപ്പോസ്തലൻ ശാസനയോടെ തർജ്ജനം ചെയ്തു പറയുന്ന ചില വാക്കുകളിൽ കുറ്റമറ്റു നിൽക്കേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറയുന്നുണ്ട് :

> "നീ കുരുടർക്ക് വഴി കാട്ടുന്നവൻ, ഇരുട്ടിലുള്ളവർക്ക് വെളിച്ചം, മൂഢരെ പഠിപ്പിക്കുന്നവൻ, ശിശുക്കൾക്ക് ഉപദേഷ്ടാവ് എന്ന് ഉറച്ചിരിക്കുന്നെങ്കിൽ - ഹേ, അന്യനെ ഉപദേശിക്കുന്നവനേ, നീ നിന്നെത്തന്നെ ഉപദേശിക്കാത്തതെന്ത്? മോഷ്ടിക്കരുത് എന്ന് പ്രശംസിക്കുന്ന നീ മോഷ്ടിക്കുന്നുവോ, വ്യഭിചാരം ചെയ്യരുത് എന്നുപറയുന്ന നീ വ്യഭിചാരം ചെയ്യുന്നുവോ? വിഗ്രഹങ്ങളെ വെറുക്കുന്ന നീ ക്ഷേത്രം കവർച്ച ചെയ്യുന്നുവോ? ന്യായപ്രമാണത്തിൽ പ്രശംസിക്കുന്ന നീ ന്യായപ്രമാണ ലംഘനത്താൽ ദൈവത്തെ അപമാനിക്കുന്നുവോ? നിങ്ങൾ നിമിത്തം ദൈവത്തിന്റെ നാമം ജാതികളുടെയിടയിൽ ദുഷിക്കപ്പെടുന്നു."
>
> റോമർ 2 : 20-24

നാം വിശുദ്ധരും നഷ്ക്കളങ്കരുമായി നിന്നാൽ മാത്രമേ ദൈവ പ്രസാദം നമുക്ക് ലഭിക്കുകയുള്ളൂ.

ഏഴാമതായി, കല്പന പ്രമാണിക്കേണം - fulfill

“ഈ കല്പന നമ്മുടെ കർത്താവായ യേശുവിന്റെ പ്രത്യക്ഷതവരെ പ്രമാണിച്ചു കൊള്ളേണം.”
1 തീമോ. 6 : 13

ദൈവത്തെ സ്നേഹിക്കുന്നവൻ ദൈവത്തിന്റെ വചനം പ്രമാണിക്കും. ദൈവത്തിന്റെ കല്പനകൾ ലഭിച്ച് പ്രമാണിക്കുന്നവൻ ദൈവത്തെ സ്നേഹിക്കുന്നവൻ ആകുന്നു.

മാന്യ സ്നേഹിതാ, ദൈവത്തിന്റെ കല്പനകൾ നിനക്ക് പ്രമോദമോ? അതോ, ദൈവവചനം നിനക്ക് ഭാരമോ? ദൈവവചനം നിനക്ക് മധുരമാണോ?

ക്രിസ്തു ഒന്നാമത് വന്നത് പാപികളെ രക്ഷിക്കാനാണ്. രണ്ടാമത് വരുന്നത് പരിശുദ്ധൻമാരെ ചേർക്കാനാണ്. ഒരു പരിശുദ്ധനായി, ക്രിസ്തുവിന്റെ പുനരാഗമനവേളയിൽ കാണപ്പെടുവാൻ നീ ആഗ്രഹിക്കുന്നുവോ? എങ്കിൽ നിന്നെ കഴുകിവെടിപ്പാക്കുന്ന തിരുരക്തത്തിന്റെ അത്ഭുതശക്തിയിൽ നീ വിശ്വസിക്കുക, ആശ്രയിക്കുക. നിന്നെ ആന്തരികമായി വിശുദ്ധീകരിക്കുന്ന പരിശുദ്ധാത്മാവിന്റെ ശുദ്ധീകരണ പ്രക്രിയയ്ക്കും അച്ചടക്കത്തിനും വിനയപ്പെട്ട്, കീഴ്പെട്ടിരിക്ക. നിന്നിൽ നല്ല പ്രവൃത്തി ആരംഭിച്ചവൻ ക്രിസ്തുവിന്റെ നാളോളം അതിനെ തികയ്ക്കും.

ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

സ്തുതി

## ഒൻപത്

"ഞാൻ ദേശത്തെ നശിപ്പിക്കാതവണ്ണം അതിന്നു മതിൽ കെട്ടി എന്റെ മുമ്പാകെ ഇടിവിൽ നിൽക്കേണ്ടതിന്ന് ഒരു പുരുഷനെ ഞാൻ അവരുടെയിടയിൽ അന്വേഷിച്ചു, ആരെയും കണ്ടില്ലതാനും."
യെഹസ്കേൽ 22 : 30

ദേശത്തിൽ നിന്ന് നാശവും ശിക്ഷയും ഒഴിവാക്കേണ്ടതിന്ന് ദേശത്തിന് ചുറ്റും സംരക്ഷണത്തിന്റെ മതിൽ കെട്ടുവാനും ദൈവസന്നിധിയിൽ മദ്ധ്യസ്ഥത വഹിച്ച് നിൽക്കുവാനും ആരെങ്കിലും ഉണ്ടോ എന്ന് നിത്യനായ ദൈവം നോക്കുകയാണ്.

ജനത്തിന് വരുന്ന വിപത്തിൽ നിന്ന് ജനത്തെ രക്ഷിക്കുക എന്നത് പ്രവാചകൻമാരുടെ ഉത്തരവാദിത്തമാണ്.

"ആകയാൽ അവരെ നശിപ്പിക്കുമെന്ന് അവൻ അരുളിചെയ്തു. അവന്റെ വ്രതനായ മോശ കോപത്തെ ശമിപ്പിപ്പാൻ അവന്റെ സന്നിധിയിൽ പിളർപ്പിൽ നിന്നില്ലെങ്കിൽ അവൻ അവരെ നശിപ്പിച്ചു കളയുമായിരുന്നു." സങ്കീ. 106 : 23

അബ്രഹാം സോദോം ഗോമോറയ്ക്കു വേണ്ടി ദൈവസ

ന്നിധിയിൽ മദ്ധ്യസ്ഥത വഹിക്കുന്നുണ്ട്. തന്റെ സഹോദര പുത്രനായ ലോത്ത് കുറേ സംവത്സരങ്ങളായി അവിടെ താമസിക്കുന്നതു കൊണ്ട് അവിടെ കുറേയേറെപ്പേർ ദൈവവിശ്വാസികളായി, നീതിമാൻമാരായി, ജീവിക്കുന്നുണ്ടാകും എന്നാണ് അബ്രാഹാമിന്റെ പ്രതീക്ഷ.

"ആ പട്ടണത്തിൽ അമ്പതു നീതിമാൻമാർ ഉണ്ടെങ്കിൽ നീ അതിനെ സംഹരിക്കുമോ? അതിലെ അമ്പതു നീതിമാൻമാർ നിമിത്തം ആ സ്ഥലത്തോട് ക്ഷമിക്കയില്ലയോ!" ഉല്പത്തി 18 : 24

അബ്രഹാമിന്റെ മദ്ധ്യസ്ഥതമൂലം ദൈവം മനസ്സലിയുകയാണ്. "ഞാൻ സോദോമിൽ, പട്ടണത്തിനകത്ത്, അമ്പതു നീതിമാൻമാരെ കാണുന്നു എങ്കിൽ അവരുടെ നിമിത്തം ആ സ്ഥലത്തോടൊക്കെയും ക്ഷമിക്കും. 18 : 26

അബ്രഹാമിന്റെ യാചനയുടെ ശബ്ദം ദൈവം അംഗീകരിക്കുകയാണ്.

നാല്പത്തഞ്ചു നീതിമാൻമാരെ അവിടെ കണ്ടാൽ അതിനെ നശിപ്പിക്കയില്ല.

നാല്പത് നീതിമാൻമാരെ കണ്ടാൽ നശിപ്പിക്കയില്ല.

മുപ്പത്, ഇരുപത്, പത്ത് എന്നിങ്ങനെ അബ്രാഹാം ദൈവസന്നിധിയിൽ നിന്ന് കെഞ്ചുകയാണ്.

പത്തു നീതിമാൻമാരുണ്ടെങ്കിൽ അതിനെ നശിപ്പിക്കയില്ല എന്ന് ദൈവം അരുളിച്ചെയ്യുന്നു.

പ്രിയ സ്നേഹിതാ, ദൈവസന്നിധിയിൽ നിന്റെ ജനത്തിനു വേണ്ടി പിളർപ്പിൽ നിൽപ്പാൻ നിനക്ക് ആഗ്രഹമുണ്ടോ? നിന്റെ പ്രിയപ്പെട്ടവർക്കുവേണ്ടി ഇടിവിൽ നിൽക്കാൻ നിനക്കാഗ്രഹമുണ്ടോ? നശിച്ചുപോകുന്ന ജനത്തിനുവേണ്ടി ദൈവസന്നിധിയിൽ മദ്ധ്യസ്ഥതയണച്ചു

നില്പാൻ നിനക്ക് ആത്മഭാരമുണ്ടോ?

ഉണ്ടെങ്കിൽ നീ ദൈവത്തിന്റെ മനുഷ്യനായിത്തീരും.

> "നമ്മുടെ വഴിയായി കൂടെക്കൂടെ കടന്നുപോകുന്ന ഈയാൾ വിശുദ്ധനായോരു ദൈവപുരുഷൻ എന്ന് ഞാൻ കാണുന്നു."
>
> 2 രാജാക്കന്മാർ 4 : 9

എലീശായെക്കുറിച്ച് ശൂനേംകാരി പറയുന്ന വാക്കുകളാണിവ. "വിശുദ്ധനായോരു ദൈവപുരുഷൻ" എന്ന് മറ്റുള്ളവർ നമ്മെക്കുറിച്ച് പറഞ്ഞ് സാക്ഷിക്കുന്നത് ഒരു ഭാഗ്യമല്ലേ?

ഇതേ കാര്യം തന്നെയാണ് അപ്പോസ്തലനായ പൗലോസ് തീമോഥെയോസിനോട് പറയുന്നത് :

> "ദൈവത്തിന്റെ മനുഷ്യൻ സകല സൽപ്രവൃത്തിക്കും വക പ്രാപിച്ച് തികഞ്ഞവൻ ആകേണ്ടതിന്."
>
> 2 തീമോ. 3 : 16

"ദൈവത്തിന്റെ മനുഷ്യനുണ്ടായിരിക്കേണ്ട ഏഴു ഗുണങ്ങൾ തന്റെ ഒടുവിലത്തെ ലേഖനത്തിൽ സെ.പോൾ രേഖപ്പെടുത്തിയിട്ടുണ്ട്.

ദൈവത്തിന്റെ മനുഷ്യൻ എന്ന് വിളിക്കപ്പെടാനർഹതയുള്ള അനേകം പുണ്യപുരുഷൻമാരെ തിരുവചനത്തിൽ നാം കാണുന്നുണ്ട്.

> ദൈവീദിനെ ദൈവത്തിന് ബോധിച്ച പുരുഷൻ എന്നും ദൈവത്തിന്റെ ഹൃദയപ്രകാരമുള്ള മനുഷ്യൻ എന്നും വിളിക്കുന്നുണ്ട്.
>
> അപ്പോ. പ്രവൃ 13 : 22

> ദാനിയേലിനെ ഏറ്റവും പ്രിയപുരുഷൻ എന്ന് ദൈവം വിളിക്കുന്നുണ്ട്. ദാനിയേൽ 10 : 19

നോഹയെ ആ തലമുറയിലെ നീതിമാൻ എന്ന് ദൈവം കണക്കിടുന്നുണ്ട്. ഉല്പത്തി 6 : 9, 7 : 1

അബ്രാഹാമിനെ ദൈവത്തിന്റെ സ്നേഹിതൻ എന്ന് വിളിക്കുന്നു. യെശ. 41 : 8

യാക്കോബ് 2 : 23

2 ദിനവൃത്താന്തം 20 : 7

ശമൂവേൽ വിശ്വസ്ത പ്രവാചകനും വിശ്വസ്ത പുരോഹിതനുമായിരുന്നു. 1 ശമൂ. 3 : 20, 2 : 35

മോശ ദൈവഗൃഹത്തിലൊക്കെയും വിശ്വസ്ത നായിരുന്നു. സംഖ്യാ 12 : 7, അതിസൗമ്യ പുരുഷ നുമായിരുന്നു. സംഖ്യ. 12 : 3

യോഹന്നാൻ യേശു സ്നേഹിച്ച ശിഷ്യൻ ആയി രുന്നു. യോഹ. 21 : 20

ദൈവത്തിന്റെ ഹൃദയത്തെ തണുപ്പിക്കുന്നവരായി നാം നിൽക്കേണ്ടത് അത്യാവശ്യമാണ്. നമ്മുടെ ഭവനത്തിലും തൊഴിൽരംഗത്തും നാം ഇടപെടുന്ന എല്ലാ മേഖലകളിലും നമ്മുടെ ജീവിതം ദൈവത്തെ പ്രസാദിപ്പിക്കുന്നതായിരിക്ക ണം.

“യഹോവയുടെ കണ്ണ് തങ്കൽ ഏകാഗ്രചിത്തൻമാ രായിരിക്കുന്നവർക്കുവേണ്ടി തന്നത്താൻ ബലവാ നെന്ന് കാണിക്കേണ്ടതിന്ന് ഭൂമിയിലൊക്കെയും ഊടാടിക്കൊണ്ടിരിക്കുന്നു.”

2 ദിനവൃ. 16 : 9

ദൈവത്തിന്റെ മനുഷ്യന്റെ സവിശേതകളെന്തെല്ലാം? ഏഴു സവിശേഷതകൾ തീമോഥെയോസിനോട് പൗലോസ് പറ യുന്നുണ്ട്.

ഒന്ന്, ദൈവം തന്നെയായിരിക്കും അടിസ്ഥാനം.

“ദൈവത്തിന്റെ സ്ഥിരമായ അടിസ്ഥാനം നില

> നിൽക്കുന്നു. കർത്താവ് തനിക്കുള്ളവരെ അറിയുന്നു എന്നും കർത്താവിന്റെ നാമം ഉച്ചരിക്കുന്നവൻ എല്ലാം അനീതി വിട്ടകന്നുകൊള്ളട്ടെ എന്നും ആകുന്നു അതിന്റെ മുദ്ര.” 2 തീമോ. 2 : 19

പാറമേൽ അടിസ്ഥാനമിട്ട് വീടു പണിയുന്ന ബുദ്ധിമാൻ എന്ന് ഗിരിപ്രഭാഷണത്തിൽ കർത്താവ് പറയുന്നത് അടിസ്ഥാനം ഉറപ്പുള്ളത് എന്ന് വ്യക്തമാക്കുവാനാണ്. ക്രിസ്തുവാകുന്ന പാറമേൽ അടിസ്ഥാനമുള്ളവനാണ് ദൈവത്തിന്റെ മനുഷ്യൻ.

ഒരു കൂട്ടായ്മയിലോ, ഒരു വിശുദ്ധനായ ദൈവപുരുഷനിലോ അല്ല നമ്മുടെ അടിസ്ഥാനം. ഒരു സമുദായത്തിലോ, നല്ല വിശ്വാസത്തിൽ നിൽക്കുന്ന ദൈവമക്കളിലോ അല്ല അടിസ്ഥാനപ്പെടേണ്ടത്. ഒരു പ്രസ്ഥാനത്തിലും ഗ്രൂപ്പിലും ആകരുത് നമ്മുടെ അടിസ്ഥാനം.

ഒരേ ഒരടിസ്ഥാനം മാത്രം. പാപിക്കുവേണ്ടി ചങ്കു തുറന്ന് തിരുരക്തം ഊറ്റിയ ദൈവപുത്രനായ യേശുക്രിസ്തുവിൽ മാത്രമാണ് അടിസ്ഥാനം.

> “അവൻ പവിത്രൻ, നിർദ്ദോഷൻ, നിർമ്മലൻ, പാപികളോട്, വേർപെട്ടവൻ, സ്വർഗ്ഗത്തേക്കാൾ ഉന്നതനായിത്തീർന്നവൻ.” എബ്രായർ 7 : 26

> “യേശുക്രിസ്തു എന്ന ഇട്ടിരിക്കുന്ന അടിസ്ഥാനമല്ലാതെ മറ്റൊന്ന് ഇടുവാൻ ആർക്കും കഴിയില്ല. ആ അടിസ്ഥാനത്തിൻ മേൽ ആരെങ്കിലും പൊന്ന്, വെള്ളി, വിലയേറിയ കല്ല്, മരം, പുല്ല്, വൈയ്ക്കോൽ എന്നിവ പണിയുന്നു എങ്കിൽ അവനവന്റെ പ്രവൃത്തി വെളിപ്പെട്ടുവരും.
> 1 കൊരി. 3 : 11-12

ഒരു തത്വചിന്തയും ഉപദേശവുമല്ല ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാനം - ക്രിസ്തു എന്ന അത്ഭുത പുരുഷൻ

മാത്രം. ക്രിസ്തീയത്വം ഒരു മതമല്ല, അത് ക്രിസ്തു എന്ന ഏക വ്യക്തി മാത്രമാണ്.

രണ്ടാമതായി, ദൈവത്തിന്റെ മനുഷ്യൻ ദൈവ ഇഷ്ടത്തിൽ ജീവിക്കുന്നു.

> ക്രിസ്തുയേശുവിലുള്ള ജീവന്റെ വാഗ്ദത്തപ്രകാരം ദൈവേഷ്ടത്താൽ ക്രിസ്തുയേശുവിന്റെ അപ്പോസ്തലനായ പൗലോസ് പ്രിയ മകനായ തീമോഥെയോസിന് എഴുതുന്നത്. 2 തീമോ. 1 : 1
>
> "നിങ്ങൾ പൂർണ്ണ പ്രസാദത്തിന്നായി കർത്താവിന്നു യോഗ്യമാകുംവണ്ണം നടന്നു, ആത്മീകമായ സകല ജ്ഞാനത്തിലും വിവേകത്തിലും അവന്റെ ഇഷ്ടത്തിന്റെ പരിജ്ഞാനംകൊണ്ട് നിറഞ്ഞു വരേണം." കൊലോസ്യർ 1 : 10
>
> "എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്ത് അവന്റെ പ്രവൃത്തി തികയ്ക്കുന്നതു തന്നെ എന്റെ ആഹാരം" എന്ന് നമ്മുടെ കർത്താവ് അരുളിച്ചെയ്തു.
> യോഹ 4 : 34
>
> "ദൈവത്തിന്റെ ഇഷ്ടമോ നിങ്ങളുടെ ശുദ്ധീകരണം തന്നെ." 1 തെസ്സ. 4 : 3

ദൈവത്തിന്റെ മനുഷ്യൻ ദൈവഹിതം നിറവേറ്റുവാൻ ബദ്ധശ്രദ്ധനായിരിക്കും. ഹൃദയ വിശുദ്ധീകരണമാണ് ദൈവത്തിന്റെ ഇഷ്ടമെന്ന് അറിഞ്ഞുകൊണ്ട് സ്വന്തജീവിതത്തെ പൂർണ്ണ ശുദ്ധീകരണത്തിനായി വാഞ്ഛയോടെ പരിശുദ്ധാത്മാവിന്റെ അച്ചടക്കത്തിന് താഴ്ത്തിക്കൊടുക്കും.

പരിശുദ്ധാത്മാവിന്റെ ശിക്ഷണത്തെക്കുറിച്ച് തിരുവെഴുത്ത് പറയുന്നു.

"Don't be discouraged when He has to show you where you are wrong. For, when He punishes you, it proves that He loves

you. When He whips you, it proves that you are really His child."

Whoever heard of a son who was never corrected?

God's correction is always right and for our best good, that we may share His holiness. Being punished isn't enjoyable while it is happening - it hurts! But afterwards we can see the result - a quiet growth in grace and character." L.B. എബ്രായർ 12 : 5-11

"നിനക്ക് തെറ്റു പറ്റിയത് എവിടെയാണെന്ന് കർത്താവ് നിനക്ക് കാണിച്ചു തരുമ്പോൾ നിരുത്സാഹപ്പെട്ടു പോകരുത്. കാരണം അവൻ നിന്നെ ശിക്ഷിക്കുമ്പോൾ അവൻ നിന്നെ സ്നേഹിക്കുന്നു. എന്ന് തെളിയുകയാണ്. അവൻ നിന്നെ അടിക്കുമ്പോൾ നീ അവന്റെ പൈതൽ എന്ന് തെളിയുകയാണ്.

ഒരിക്കലും അപ്പൻ തെറ്റു തിരുത്തിക്കൊടുക്കാത്ത ഒരു മകനെക്കുറിച്ച് ആരെങ്കിലും കേട്ടിട്ടുണ്ടോ?

ദൈവം നമ്മെ തെറ്റു തിരുത്തുന്നത് നാം അവന്റെ വിശുദ്ധിക്ക് പങ്കാളികളാകാൻ വേണ്ടിയാണ്. അത് എപ്പോഴും ശരിയായുള്ളതും നമ്മുടെ ആത്യന്തിക നൻമയ്ക്കുവേണ്ടിയുള്ളതുമാകുന്നു. ശിക്ഷിക്കപ്പെടുമ്പോൾ അതു നമ്മെ അലോസരപ്പെടുത്തുന്നതാകയാൽ ഒട്ടും സന്തോഷപ്രദമല്ല. എന്നാൽ പിന്നീട് അതിന്റെ ഫലം നമുക്ക് കാണാം. കൃപയിലും സ്വഭാവത്തിലുമുള്ള ക്രമാനുഗതമായ വളർച്ചയാണതിന്റെ ഫലം." എബ്രായർ 12 : 5-9

മൂന്നാമതായി, പരിശുദ്ധാത്മ നിറവാണ് ദൈവത്തിന്റെ മനുഷ്യനുള്ള സവിശേഷത.

"എന്റെ കൈവെപ്പിനാൽ നിന്നിലുള്ള ദൈവത്തിന്റെ കൃപാവരം ജ്വലിപ്പിക്കേണം എന്ന് നിന്നെ

ഓർമ്മപ്പെടുത്തുന്നു." 2 തീമോ. 1 : 6

"മൂപ്പൻമാരുടെ കൈവെപ്പോടുകൂടെ പ്രവചനത്താൽ നിനക്ക് ലഭിച്ചതായി നിന്നിലുള്ള കൃപാവരം ഉപേക്ഷയായി വിചാരിക്കാതെ."
1 തീമോ. 4 : 14

പരിശുദ്ധാത്മാവിന്റെ അഭിഷേകമുള്ളവനായിരിക്കണം ദൈവത്തിന്റെ മനുഷ്യൻ. ആത്മാവിന്റെ ഫലങ്ങളും വരങ്ങളും അവനിൽ നിറഞ്ഞിരിക്കണം"

"അവ്വണ്ണം നിങ്ങളും ആത്മവരങ്ങളെക്കുറിച്ച് വാഞ്ഛയുള്ളവരാകയാൽ സഭയുടെ ആത്മീയ വർദ്ധനയ്ക്കായി സഫലൻമാർ ആകുവാൻ ശ്രമിപ്പിൻ." 1 കൊരി. 14 : 12

നാലാമത്, ദൈവത്തിന്റെ മനുഷ്യൻ ലജ്ജിക്കാത്ത സാക്ഷിയായിരിക്കും.

"അതുകൊണ്ട് നമ്മുടെ കർത്താവിന്റെ സാക്ഷ്യത്തെയും അവന്റെ ബദ്ധനായ എന്നെയും കുറിച്ച് ലജ്ജിക്കാതെ സുവിശേഷത്തിനായി ദൈവശക്തിക്ക് ഒത്തവണ്ണം നീയും എന്നോടുകൂടെ കഷ്ടം സഹിക്ക." 2 തീമോ. 1 : 8

കഷ്ടതയും എതിർപ്പും പോരാട്ടവും ആക്രമണങ്ങളും വരുമ്പോൾ പതറാതെയും തളരാതെയും ജീവനുള്ള ക്രിസ്തുവിന്റെ സാക്ഷിയായി നിൽക്കേണ്ടവനാണ് ദൈവത്തിന്റെ മനുഷ്യൻ.

അഞ്ചാമത്, ദൈവത്തിന്റെ മനുഷ്യൻ വചനത്താൽ നിറഞ്ഞവനായിരിക്കും.

"വചനം - സുവിശേഷം - അറിയിക്കുന്നതിൽ ഞാൻ ദുഷ്പ്രവൃത്തിക്കാരൻ എന്നപോലെ ചങ്ങല ധരിച്ച് കഷ്ടം സഹിക്കുന്നു. ദൈവവചനത്തിനോ

ബന്ധനമില്ല." 2 തീമോ. 2 : 8-9

"ദാവീദിന്റെ സന്തതിയായി ജനിച്ച്, മരിച്ച്, ഉയിർത്തെഴു ന്നേറ്റിരിക്കുന്ന യേശുക്രിസ്തുവിനെ ഓർത്തുകൊൾക - അതാകുന്നു എന്റെ സുവിശേഷം." 2 : 8 ഈ സുവിശേഷംകൊണ്ട് നിറഞ്ഞ് കഷ്ടതയും ബന്ധനവും സഹിച്ച് ദൈവവേല ചെയ്യുന്നു.

ആറാമതായി ദൈവത്തിന്റെ മനുഷ്യന്റെ സവിശേഷത, അവൻ ദൈവത്തെ സ്നേഹിക്കുന്നവനായിരിക്കും.

"അന്ത്യകാലത്ത് ദുർഘടസമയങ്ങൾ വരും എന്നറിക. മനുഷ്യർ സ്വസ്നേഹികളും ദ്രവ്യാഗ്രഹികളും വമ്പു പറയുന്നവരും." 2 തീമോ. 3 : 1-5. അങ്ങനെ തിൻമയിലേക്ക് തിരിഞ്ഞ് മനുഷ്യരെല്ലാം ഭോഗപ്രിയരായിത്തീരുമ്പോൾ ദൈവത്തിന്റെ മനുഷ്യൻ ദൈവത്തെ സ്നേഹിക്കുന്നവനായിരിക്കണം.

> "നീയോ, എന്റെ ഉപദേശം, നടപ്പ്, ഉദ്ദേശം, വിശ്വാസം, ദീർഘക്ഷമ, സ്നേഹം, സഹിഷ്ണുത എന്നിവയും...... എനിക്ക് സംഭവിച്ച ഉപദ്രവവും കണ്ടറിഞ്ഞിരിക്കുന്നു." 3 : 10-11

ദൈവസ്നേഹത്താൽ പ്രേരിതനായാൽ മാത്രമേ ഉപദ്രവങ്ങൾ പിറുപിറുപ്പും മുഷിച്ചിലും കൂടാതെ സഹിപ്പാൻ സാധിക്കുകയുള്ളൂ.

> ദൈവത്തിന്റെ മനുഷ്യന്റെ ഏഴാമത്തെ പ്രത്യേകത, സകല സൽപ്രവൃത്തിക്കും വക പ്രാപിച്ച് തികഞ്ഞവൻ ആയിരിക്കും. 3 : 16

തികഞ്ഞവൻ ആകാനുള്ള മാർഗ്ഗം ഉപദേശം, ശാസനം, ഗുണീകരണം, നീതിയിലെ അഭ്യാസം എന്നിവയാകുന്നു.

സ്നേഹിതാ, സകല സൽപ്രവൃത്തിക്കും തികഞ്ഞ ഒരു ദൈവ പുരുഷനാകാൻ നിനക്കാഗ്രഹമുണ്ടോ? അതിനായി

ഇന്ന്, നീ ഒരു പുതിയ സമർപ്പണം എടുക്കുന്നുവോ? നിഷ്ക്കളങ്കനും നിരപവാദ്യനും അനിന്ദ്യനുമായ ഒരു തികഞ്ഞ ഭക്തനും രഹസ്യ വിശുദ്ധനുമായി ജീവിക്കും എന്ന് ഒരു പുതിയ തീരുമാനമെടുക്കുവാൻ നിനക്ക് ആശയുണ്ടോ? എങ്കിൽ ഒരു നിമിഷം വൈകാതെ ക്രിസ്തുവിനോടു നീ പറയൂ :

നാഥാ, നീ എന്റെ പാപങ്ങളും ഞാനേൽക്കേണ്ട ശിക്ഷയും വഹിച്ച് ക്രൂശിൽ മരിച്ചതിനാൽ ഇന്നു മുതൽ ഞാൻ നിനക്കായി ജീവിക്കും.

കർത്താവേ ഇന്ന് ഈ വചനം കേട്ട എല്ലാവരേയും അനുഗ്രഹിക്കണമേ. ദൈവത്തിന്റെ മനുഷ്യനായി ജീവിക്കാനുള്ള സൗഭാഗ്യം നൽകേണമേ.

## പത്ത്

"ഞാൻ അവന്റെ തോളിൽ നിന്ന് ചുമട് നീക്കി,
അവന്റെ കൈകൾ കൊട്ട വിട്ട് ഒഴിഞ്ഞു."
സങ്കീ. 81 : 6

എന്ത് ആശ്വാസകരമായ വചനം. ചുമലിൽ നിന്ന് കർത്താവ് ചുമട് നീക്കി. തോളിലെ ഭാരം കർത്താവ് മാറ്റി. നാളുകളായി ചുമന്നുകൊണ്ടിരുന്ന burden തോളിൽ നിന്ന് നീക്കി. കൈകൾ കൊട്ട പിടിച്ച് തളരുകയായിരുന്നു. ഇപ്പോൾ കൈകൾ ഒഴിവുള്ളവയായി. കൈകൾ സ്വതന്ത്രമായി. എന്തൊരു ഭാഗ്യം.

നാളുകളായി ഭാരങ്ങൾ ചുമന്നുകൊണ്ടിരുന്ന ഒരാളാണോ നിങ്ങൾ? ഇപ്പോൾ നിങ്ങൾ അറിയാതെ ഹൃദയത്തിൽ പറയുന്നുണ്ടാകും : കർത്താവേ എന്റെ ചുമട് മാറുന്ന മഹാഭാഗ്യം എനിക്ക് തരണമേ, കർത്താവേ, എന്റെ ഈ പ്രശ്നത്തിന് നീ ഒരു പരിഹാരം തരണമേ.

"ഞാൻ അവന്റെ തോളിൽ നിന്ന് ചുമട് നീക്കി" എന്നാണ് തിരുവചനം. ദൈവം തന്നെയാണ് ചുമലിലെ ചുമട് മാറ്റിയത്. ചുമട് മാറ്റുവാൻ മതിയായവനാണവൻ. ചുമട് നീക്കുവാൻ മനസ്സലിവുള്ളവനാണവൻ. ചുമട് നീക്കുവാൻ അധികാരമുള്ളവനാണവൻ.

കാരണം, അവൻ പറഞ്ഞു.

> "അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായുള്ളോരേ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ. ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും."
>
> മത്തായി 11 : 18

ഗ്രീസിൽ ഒരു പുരാണ കഥയുണ്ട് – ആതൻസിൽ ഒരു ദേവീ ക്ഷേത്രമുണ്ട്. ആണ്ടിലൊരിക്കൽ അവിടെ വലിയ ഉത്സവമുണ്ട്. ഉത്സവത്തിന്റെ ദിവസം അനേകം ഭക്തജനങ്ങൾ അവിടെ വരും.

അവിടത്തെ ദേവി മനുഷ്യർക്ക് സമാധാനം നൽകുന്ന ദേവിയാണെന്നാണ് സങ്കല്പം. ആണ്ടിലൊരിക്കലുള്ള ഉത്സവത്തിന് അവിടെ വരുന്നവർ ഓരോരുത്തരും തങ്ങളുടെ ഭാരങ്ങൾ എഴുതി ദേവീക്ഷേത്രത്തിനടുത്ത് വെച്ചിരിക്കുന്ന പെട്ടിയിൽ നിക്ഷേപിച്ചാൽ അവരുടെ ഭാരം ദേവി ഏറ്റെടുക്കും.

പക്ഷേ ഒരു വ്യവസ്ഥയുണ്ട്. ഓരോരുത്തരും താന്താങ്ങളുടെ ഭാരങ്ങൾ എഴുതിയത് ആ പെട്ടിയിലിട്ടാൽ മറ്റാരെങ്കിലും ഇട്ട ഒരു കടലാസ് എടുത്തുകൊണ്ടുപോകണം. ആ ഭാരങ്ങൾ ഏറ്റെടുക്കണം.

"ഇക്കരെ നിൽക്കുമ്പോൾ അക്കരെ പച്ച" എന്ന് ചൊല്ലുണ്ടല്ലോ. മറ്റൊരാൾക്ക് എനിക്കുള്ളിടത്തോളം ആകുലമില്ല എന്ന് ഓരോരുത്തരും കരുതും. സ്വന്തം ഭാരം ഇട്ടിട്ട് മറ്റൊരാളുടെ ഭാരം ഓരോരുത്തരും എടുത്തുകൊണ്ടുപോകും.

വീട്ടിൽ ചെന്ന് ചുരുൾ നിവർത്തി നോക്കുമ്പോഴല്ലേ, മറ്റൊരാളുടെ ഭാരം സ്വന്തം ഭാരത്തിലും എത്രയോ കൂടുതലാണെന്നറിയുന്നത്. പിന്നെപ്പിന്നെ ഓരോരുത്തരും അവരവർ കൊണ്ടുപോകുന്ന കടലാസ് തിരികെ എടുത്തുകൊണ്ടുപോരാൻ തുടങ്ങി.

ഇതൊരു അന്ധവിശ്വാസജടിലമായ ഒരു കഥയാണ്. എന്നാൽ ഒരു മഹാസത്യമുണ്ട്. നമ്മുടെ ഭാരങ്ങളെ നാം ദൈവസന്നിധിയിൽ കൊണ്ടുപോയാൽ മറ്റ് ആരുടെയും ഭാരങ്ങളും സ്വീകരിക്കണ്ട. സ്വന്തം ഭാരങ്ങളും തിരികെ കൊണ്ടുപോരണ്ട. എല്ലാം ക്രൂശിൽ പേറിയ രക്ഷകന്റെ പാദത്തിൽ അർപ്പണം ചെയ്ത് ഭാരമില്ലാതെ തുടർന്ന് ജീവിക്കാം.

കാരണം, ക്രിസ്തു നമ്മുടെ പാപങ്ങളും ഭാരങ്ങളുമെല്ലാം ചുമക്കുന്നവനാണ്. പാപത്തിന്റെ ഭാരം, ശാപങ്ങളുടെ ഭാരം, ആകുലങ്ങളുടെ ഭാരം എന്നിങ്ങനെ അനേകം ചുമടുകൾ പേറി, നിരാശ നിറഞ്ഞ് അഴലുന്നവരായ എത്രയോ ആളുകളുണ്ട്! നിരാശ മുറ്റിയ ജീവിതത്തെ ആശകൊണ്ട് നിറയ്ക്കാൻ, പ്രതീക്ഷകൾ കരിഞ്ഞുണങ്ങിയ ജീവിതത്തെ പുത്തൻ പ്രതീക്ഷകൾകൊണ്ട് തളിർപ്പിക്കാൻ ക്രിസ്തു മതിയായവനായി ഇന്നും ജീവിക്കുന്നു.

വേദപുസ്തകത്തിലെ ദാവീദ് ഭാരങ്ങളേറ്റ് വലഞ്ഞ മനുഷ്യനാണ്. ബാല്യം മുതലേ ആകുലങ്ങളാണ്. വീട്ടിൽ അവഗണന. അപ്പനും അമ്മയും ചേട്ടൻമാരും അല്പംപോലും വിലമതിക്കാത്ത അവസ്ഥ.

ആടിനെ മേയ്ക്കുന്നതാണ് തൊഴിൽ. ചേട്ടൻമാർ ശൗൽരാജാവിന്റെ മിലിട്ടറിയിൽ ഉദ്യോഗം നേടിയതിനാൽ അവരെ മാതാപിതാക്കൾക്ക് സ്നേഹവും മതിപ്പും ഉണ്ട്.

യിശ്ശായിയുടെ എട്ടു മക്കളിൽ ഇളയവനാണ് ദാവീദ്. കഴിവ് കുറഞ്ഞവനായിട്ടാണ് മറ്റുള്ളവർ അവനെ കണക്കാക്കിയത്. ഒറ്റപ്പെടുത്തിയ ജീവിതം. ആരും ഗൗനിക്കാത്ത ജീവിതം. ആർക്കും വിലയില്ലാത്ത ജീവിതം. സ്വന്തം വീട്ടിൽത്തന്നെ പരിഗണിക്കപ്പെടാത്ത ജീവിതം.

വളർന്നുവന്നപ്പോൾ യിശ്ശായിയുടെ മക്കളെ എല്ലാവരേയും കൂട്ടി ശീലോവിൽ യാഗത്തിന് ചെല്ലണമെന്ന് ശമൂവേൽ പ്രവാചകന്റെ അറിയിപ്പ് കിട്ടി. ദാവീദിനെ മാത്രം യിശ്ശായി

കൊണ്ടുപോയില്ല. കാരണം യിശ്ശായിയുടെ മക്കളിൽ ഒരാളെ രാജാവാക്കാൻ യഹോവയായ ദൈവം തിരഞ്ഞെടുക്കും എന്ന അറിയിപ്പു കേട്ടപ്പോൾ ദാവീദിനെ അതിന് കൊള്ളു കയില്ലെന്ന് അപ്പൻ ചിന്തിച്ചു. സ്വന്തവീട്ടിൽത്തന്നെ അവഗ ണന. വീട്ടിൽ സ്വന്തം അപ്പനും അമ്മയും സഹോദര ങ്ങളും ഗൗനിച്ചില്ല. വിലമതിച്ചില്ല. പക്ഷേ, ദൈവം ദാവീ ദിനെ മാനിച്ചു. ദൈവം ദാവീദിനെ തെരഞ്ഞെടുത്തു.

രാജാവായി തെരഞ്ഞെടുക്കപ്പെട്ടു, അഭിഷേകം ലഭിച്ചു. പക്ഷേ പിന്നെയും അവഗണന, അസൂയ. ശൗൽ രാജാവ് ദാവീദിനെ കൊല്ലാൻ പരിപാടി തയ്യാറാക്കി. ശൗലിനെ പേടിച്ച് ദാവീദ് കാട്ടിലൂടെ അലയേണ്ടിവന്നു. മരണഭീതി യോടെയുള്ള ഓട്ടം.

ശൗൽ മരിച്ചു, ദാവീദ് രാജാവായി. പക്ഷേ, പുതിയ പ്രശ്നങ്ങൾ. സ്വന്തം വീട്ടിൽ ഒരു മകൻ ഒരു മകളെ ബലാൽത്സംഗം ചെയ്യുന്നു. സ്വന്തം വീട്ടിൽ വ്യഭിചാരം.

ഒരു മകൻ മറ്റൊരു മകനെ അടിച്ചുകൊല്ലുന്നു. സ്വന്തം വീട്ടിൽ കൊലപാതകം.

ഒരപ്പൻ എങ്ങനെ സഹിക്കും? പക്ഷേ, അതുകൊണ്ട് തീർന്നോ? ഇല്ല. മകനായ അബ്ശാലോം ദാവീദിനെതി രായി ഗൂഢാലോചനയും കൂട്ടുകെട്ടും. അപ്പൻ മകനെ പേടിച്ച് വീട് വിട്ടിറങ്ങി ഓടേണ്ടിവന്നു.

എന്നും ഭാരങ്ങൾ! എന്നും ദുരിതങ്ങൾ! എന്നും പ്രശ്ന ങ്ങൾ! എന്നും യാതനകൾ!

ഇതുപോലെ ഭാരംകൊണ്ട് തളർന്നിരിക്കുന്ന ഒരാളാണോ നിങ്ങൾ? മാന്യ സ്നേഹിതാ, നിന്റെ മുഖം വാടിയിരിക്ക യാണോ? നിന്റെ മുഖം മ്ലാനമാണോ? നിന്റെ ജീവിതം നിരാശ നിറഞ്ഞതാണോ? നിന്റെ ഭാവി ഇരുളടഞ്ഞതായി ട്ടാണോ നീ കാണുന്നത്?

ദാവീദ് ആകുലങ്ങൾ അലട്ടിയപ്പോൾ പാടി:

> “നിന്റെ ഭാരം യഹോവയുടെ മേൽ വെച്ചു കൊൾക. അവൻ നിന്നെ പുലർത്തും. നീതിമാൻ കുലുങ്ങിപ്പോകുവാൻ അവൻ ഒരു നാളും സമ്മ തിക്കയില്ല.” സങ്കീ. 55 : 22

ഇതേ സങ്കീർത്തനത്തിൽ ദാവീദ് തന്റെ ഭാരസങ്കുലമാ യ, പ്രശ്ന സങ്കീർണ്ണമായ ജീവിതത്തെ തിരിഞ്ഞുനോക്കി വിലപിക്കുന്നുണ്ട്.

> “ശത്രുവിന്റെ ആരവം നിമിത്തവും ദുഷ്ടന്റെ പീഡ നിമിത്തവും ഞാൻ എന്റെ സങ്കടത്തിൽ പൊറുതിയില്ലാതെ ഞരങ്ങുന്നു. അവർ എന്റെമേൽ നീതികേട് ചുമത്തുന്നു. കോപത്തോടെ എന്നെ ഉപ ദ്രവിക്കുന്നു. എന്റെ ഹൃദയം എന്റെ ഉള്ളിൽ വേദ നപ്പെട്ടിരിക്കുന്നു. മരണഭീതിയും എന്റെമേൽ വീണി രിക്കുന്നു. ഭയവും വിറയലും എന്നെ പിടിച്ചിരിക്കു ന്നു. പരിഭ്രമം എന്നെ മൂടിയിരിക്കുന്നു. പ്രാവിനു ള്ളതുപോലെ എനിക്ക് ചിറകുണ്ടായിരുന്നുവെങ്കിൽ! എന്നാൽ ഞാൻ പറന്നുപോയി വിശ്രമിക്കുമായി രുന്നു എന്ന് ഞാൻ പറഞ്ഞു.”
>
> 55 : 12-14

കൂടെ ഇരുന്ന് അപ്പം തിന്നുന്ന പ്രാണസ്നേഹി തൻപോലും എന്റെ നേരെ കുതികാൽ ഉയർത്തിയിരിക്കുന്നു എന്ന് ദാവീദ് വിലപിക്കുന്നുണ്ട്. ദാവീദിനെപ്പോലെ അഴലു ന്നവർ എത്രയോ പേരുണ്ട്!

പ്രശ്നങ്ങളിൽ നിന്ന് ഓടിമാറാൻ ശ്രമിക്കുന്നവരുണ്ട്. ദുരി തങ്ങളുടെ സാഹചര്യങ്ങളിൽ നിന്ന് ദൂരെ മാറാൻ ശ്രമിക്കു ന്നവരുണ്ട്. പക്ഷേ, എവിടെ ഓടിപ്പോയാലും ദുരിതങ്ങൾ വിട്ടുമാറുകയില്ല, ക്രിസ്തുവിന്റെ അത്ഭുതകരം പ്രവർത്തി ച്ചില്ലെങ്കിൽ.

ഒരു മുത്തശ്ശിക്കഥ കേട്ടിട്ടുണ്ട്. ഒരു സാങ്കല്പിക കഥ.

ഒരു വീട്ടിൽ വളരെ പ്രായമായ ഒരു മനുഷ്യനും അദ്ദേഹത്തിന്റെ ഭാര്യയും ഉണ്ടായിരുന്നു. രണ്ടുപേർക്കും നല്ല വാർദ്ധക്യം. വൃദ്ധനായ ഭർത്താവ് വലിയ ശല്യക്കാരനാണ്. ഭയങ്കര കോപം. പാവം ഭാര്യയെ അടിക്കും. ചീത്ത പറയും. സ്വൈര്യം കൊടുക്കുകയില്ല. വേണ്ടതിനും വേണ്ടാത്തതിനും എല്ലാം വഴക്ക്. എന്തു ചെയ്യും. വൃദ്ധ വിഷമിച്ചു. തീരെ വലഞ്ഞു.

പാവം, ആ സ്ത്രീ ഒരു ദിവസം രഹസ്യമായി തീരുമാനിച്ചു. ആ വൃദ്ധനായ ഭർത്താവിനെയും ദുരിതം പിടിച്ച വീടും ഉപേക്ഷിച്ച് വല്ലിടത്തും പോകാം എന്ന് വിചാരിച്ചു. ഒരു വലിയ കുട്ട സമ്പാദിച്ചു. വസ്ത്രങ്ങളും കലങ്ങളും ചട്ടികളും അത്യാവശ്യം വേണ്ട സാധനങ്ങളുമെല്ലാം കുട്ടയിലാക്കി, ഭർത്താവറിയാതെ കുട്ടയും ചുമന്നുകൊണ്ട് പുറപ്പെട്ടു.

ഭാഗ്യം, നേരം വെളുക്കുന്നതിന് മുമ്പ് പുറപ്പെട്ടതുകൊണ്ട് ആരും കണ്ടില്ല. ഒരു കുഞ്ഞ് അറിഞ്ഞില്ല. വലിയ കുട്ടയും ചുമന്ന് കൊണ്ട് ആ വൃദ്ധയായ സാധു സ്ത്രീ നടന്നു പോകുകയാണ്.

കുറെ ദൂരം പോയി. നല്ല ഭാരം. കുട്ട ഒന്ന് താഴെയിറക്കാം. താഴെ ഇറക്കിവച്ചു. അപ്പോഴുണ്ട് ഭർത്താവ് കുട്ടയ്ക്കകത്തു നിന്ന് ഇറങ്ങി വരുന്നു. ഇതെന്തൊരത്ഭുതം. അദ്ദേഹത്തെ വിട്ടാണ് ഓടിയത്. പക്ഷേ അദ്ദേഹം കൂടെയുണ്ട്.

ഇതൊരു കഥയാണ്. സ്നേഹിതാ നീ പ്രശ്നങ്ങളെ ഒഴിവാക്കാൻ നോക്കുന്നു. ക്രിസ്തു മാറ്റിയില്ലെങ്കിൽ അവ മാറുകയില്ല.

ഏറെക്കാലം മനസ്സിലെ സംഘർഷംകൊണ്ടും ഭാരം കൊണ്ടും ഉള്ളു വാടിക്കഴിഞ്ഞ ഒരാളാണ്. എന്റെ മകൻ ഡോ. ഐസക്ക് ജോൺ. Business Administraiton-ൽ Ph.D. എടുത്തതിനുശേഷം ബോംബെയിൽ കുടുംബമായി കഴി

ഞ്ഞുകൊണ്ട് ബിസിനസ്സ് നടത്തുകയാണിപ്പോൾ.

ഐസക്കിന്റെ ജീവിതത്തിൽ വന്ന ഭാരങ്ങളെപ്പറ്റി ഐസക്കിന്റെ വാക്കുകൾ നമുക്ക് ശ്രദ്ധിക്കാം.

ബാല്യം മുതലേ എന്റെ ഹൃദയം ആകുലം നിറഞ്ഞിരുന്നു. ഒരു പ്രത്യേക കാരണം പറയാനില്ല. എന്നെ ആരും പരിഗണിക്കുന്നില്ല, സ്നേഹിക്കുന്നില്ല എന്നെല്ലാമുള്ള ചിന്തകളാണ് എന്നെ അലട്ടിയിരുന്നത്.

വീട്ടിൽ ആത്മീയ പശ്ചാത്തലമായിരുന്നല്ലോ. പക്ഷേ എനിക്ക് കൂട്ടായ്മയോട് എന്തുകൊണ്ടോ പൊരുത്തപ്പെടാൻ കഴിഞ്ഞിരുന്നില്ല. അന്നു വിടുതൽ ഗ്രൂപ്പിന്റെ സ്വാധീനത്തിലായിരുന്നല്ലോ. എനിക്ക് ആ കൂട്ടായ്മയുടെ പല നീക്കങ്ങളും ഇഷ്ടമായിരുന്നില്ല. ഞാനിപ്പോൾ വിശദമാക്കാനാഗ്രഹിക്കാത്ത പല പല പാകപ്പിഴകളും ഞാൻ വിടുതൽ ഗ്രൂപ്പിന്റെ പ്രവർത്തനത്തിൽ കണ്ടു.

എന്റെ പഠിത്തമെല്ലാം ഞാൻ ഉദ്ദേശിച്ചതുപോലെ മുന്നോട്ടു നീങ്ങിയില്ല. എന്റെ ജീവിതം വലിയ മടുപ്പും വിഷാദവും നിറഞ്ഞതായി.

വിടുതൽ ഗ്രൂപ്പിൽ നിന്ന് 1987-ൽ നമ്മുടെ പ്രദേശത്തുള്ളവരെല്ലാവരും മാറിയതിനു ശേഷമാണ് എന്റെ പഠിത്തം മുന്നോട്ടു പോയതും ഞാൻ Ph. D എടുത്തതും.

ഇന്ന് ഞാൻ തിരിഞ്ഞുനോക്കുമ്പോൾ എന്റെ ജീവിതത്തിൽ നിരാശയും ആകുലവും പെരുകാൻ കാരണം എന്റെ സ്വയവും ലോകസ്നേഹവും ആണെന്ന് ഞാൻ മനസ്സിലാക്കുന്നു. എന്റെ സ്വന്തം അഭിപ്രായങ്ങളിലും സ്വന്തം ശരിയിലും ഞാൻ ഉറച്ചു നിൽക്കുകയും തന്നെത്തന്നെ ത്യജിക്കണമെന്ന് കർത്താവ് പറഞ്ഞത് അനുഭവിക്കാതിരിക്കയും ചെയ്തതാണ് എന്റെ വിഷാദാത്മകതയുടെ കാരണം എന്ന് ഇന്ന് ഞാൻ നല്ലപോലെ ഗ്രഹിക്കുന്നു.

ഞാൻ ജീവിതം കർത്താവിൽ സമർപ്പിച്ചിരുന്നു. ഒരു മാന സാന്തരാനുഭവം എനിക്കുണ്ടായിരുന്നു. പ്രകടമായ പാപപ്ര വൃത്തിയിലേക്ക് ഒന്നും ഞാൻ പോയിരുന്നില്ല. മദ്യപാനം, പുകവലി, സിനിമ, ചീട്ടുകളി മുതലായ ദുശ്ശീലങ്ങളൊന്നും എനിക്കുണ്ടായിരുന്നില്ല. എങ്കിലും എന്റെ കോപവും ഉള്ളിൽത്തട്ടുന്നത് തുറന്നടിച്ചു പറയുന്ന പ്രകൃതവും എന്റെ ബന്ധനങ്ങളാണെന്ന് അറിഞ്ഞിരുന്നില്ല.

എന്നാൽ 1997-ൽ എനിക്കൊരു വലിയ രോഗം വന്നു. നട്ടെല്ലിന്റെ ഡിസ്ക് മാറിപ്പോയതുമൂലം ഭയങ്കര വേദനയായി. കിടക്കാനും എഴുന്നേൽക്കാനും ഇരിക്കാനും വയ്യാതെ ഞാൻ വലഞ്ഞു. ബോംബെയിൽ ഏതാനും ആഴ്ചകൾ ഞാൻ ഹോസ്പിറ്റലിൽ കിടന്നു. ഓപ്പറേഷൻ വേണമെന്ന് ഡോക്ടർമാർ പറഞ്ഞു.

അസഹ്യമായ വേദനയോടെ ഞാൻ വീട്ടിൽ വന്നു. ചാച്ചനും കൂട്ടായ്മയിലെ ദൈവമക്കളും എനിക്കുവേണ്ടി പ്രാർത്ഥിച്ചു. ഫെല്ലോഷിപ്പിൽ പരസ്യമായി പറഞ്ഞ് എന്റെ രോഗത്തിനുവേണ്ടി ദൈവമക്കൾ പ്രാർത്ഥിച്ചു.

അത്ഭുതമെന്ന് പറയട്ടെ, ഓപ്പറേഷൻ കൂടാതെ തന്നെ എന്റെ രോഗം നിശ്ശേഷം മാറി. ദൈവത്തിന് സ്തോത്രം.

എനിക്ക് ഡോക്ടറേറ്റുണ്ട്. കോളേജിൽ അദ്ധ്യാപകനായി ജോലിയുണ്ട്, ബിസിനസ്സുമുണ്ട്. സ്നേഹമുള്ള ഭാര്യയുണ്ട്. രണ്ടോമന കുഞ്ഞുങ്ങളുണ്ട്. എല്ലാമുണ്ട്. പക്ഷേ നടക്കാൻ വയ്യ എന്ന സ്ഥിതിയായാൽ എന്തെല്ലാമുണ്ടെന്ന് പറഞ്ഞാലും എന്തു പ്രയോജനം?

കർത്താവ് എന്നോട് കരുണ ചെയ്തു. എന്റെ രോഗം പൂർണ്ണമായി മാറ്റിത്തന്നു. സ്തോത്രം. അതോടെ ഞാൻ എന്റെ ജീവിതം ഒരു വ്യവസ്ഥയും കൂടാതെ കർത്താവിന്റെ കരങ്ങളിലേക്ക് സമർപ്പിച്ചു. ആഴത്തിൽ ശുദ്ധീകരണം പ്രാപിക്കാനും ആളത്വം പൂർണ്ണമായി രൂപാന്തരപ്പെടുവാനും ഞാൻ കർത്താവിന്റെ സന്നിധിയിൽ പുതിയ പ്രതിഷ്ഠയെടുത്തു.

ഇന്ന് ഞാൻ വളരെ സമാധാനമായി കഴിയുന്നു. എന്റെ സ്വഭാവം പാടേ മാറി. എന്റെ കോപവും മുഷിച്ചിലും എല്ലാം മാറി. ക്രിസ്തുവിനായി മുഴുവൻ സമർപ്പിക്കുമ്പോൾ ഇത്ര വലിയ ശാന്തതയും സൗമ്യതയും ലഭിക്കുമല്ലോ എന്ന് ഞാനിന്ന് അത്ഭുതത്തോടെ ഓർക്കുന്നു. "ദൈവം തന്റെ ജന ത്തിന്റെ സ്ഥിതി മാറ്റുമ്പോൾ യാക്കോബ് സന്തോഷിക്കു കയും യിസ്രായേൽ ആനന്ദിക്കുകയും ചെയ്യും." സങ്കീ 14 : 7, 53 : 6. ഒരു വലിയ ചുമട് എന്റെ ഹൃദയത്തിൽ നിന്ന് മാറിപ്പോയതുപോലെ ഒരു സുഖം ഇപ്പോളുണ്ട്. ദൈവത്തിനു സ്തോത്രം.

മാന്യ സ്നേഹിതാ, ക്രിസ്തു നിന്റെ ചുമലിൽ നിന്ന് ചുമട് മാറ്റിത്തരും എന്ന് നീ വിശ്വസിക്കുന്നുവോ? നിന്റെ ചുമട് മാറ്റാൻ കുരിശുംപേറി കാൽവറിയിലേക്ക് പോയ ക്രിസ്തു, ക്രൂശിലേറി നിന്റെ പാപത്തിന്റെ ശിക്ഷയേറ്റ ക്രിസ്തു നിന്റെ ഭാരം മാറ്റിത്തരും. അവനിലാശ്രയിക്കുക. അവനോട് പറയുക : നാഥാ, ഇന്നു മുതൽ ഞാൻ നിന്റെ അടിമ. കർത്താവേ, ഇന്നു മുതൽ ഞാൻ നിന്റെ വക.

സ്തോത്രം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

## പതിനൊന്ന്

"ഇങ്ങനെ യഹോവയുടെ ആലയത്തിലെ ആരാധന യഥാസ്ഥാനത്തായി."

2 ദിനവൃത്താന്തം 29 : 35

ഏറെക്കാലം മുടങ്ങിക്കിടന്ന ആരാധന പുനഃസ്ഥാപിക്കപ്പെട്ടു. ഏറെക്കാലം അലങ്കോലപ്പെട്ടുകിടന്ന ആരാധനയുടെ ആഘോഷം മടക്കിക്കിട്ടി. ഏറെക്കാലം നഷ്ടപ്പെട്ടുകിടന്ന ആത്മീയ സന്തോഷം തിരികെ കിട്ടി.

ആത്മീയ സൗഭാഗ്യം നഷ്ടപ്പെട്ടുപോയവരാരെങ്കിലും ഇന്ന് ഈ വചനങ്ങളെ കേൾക്കുന്നുണ്ടോ? പ്രാർത്ഥനയ്ക്ക് നല്ല പ്രാഗത്ഭ്യമുള്ള നല്ലകാലമുണ്ടായിരുന്നു. എന്നാൽ ഇന്ന് പ്രാർത്ഥനയിൽ തീ ഇറങ്ങുന്ന അനുഭവമില്ല. മാത്രമല്ല, പ്രാർത്ഥന ഉയരുന്നതായി അനുഭവപ്പെടുന്നില്ല.

ഇന്ന് സ്തുതിയുടെ മധുരം കുറഞ്ഞുപോകുന്നു. ആർത്ത്, സന്തോഷിച്ച്, ഉള്ളിൽ സ്നേഹവും നന്ദിയും നിറഞ്ഞ് സ്തുതിച്ചിരുന്ന കാലങ്ങൾ പൊയ്പോയ അവസ്ഥ. ഹൃദയം എപ്പോഴും ഒരു സമാധാനത്തിൽ ലയിച്ചലിഞ്ഞു നിന്നിരുന്ന അവസ്ഥ പോയതുപോലെ ഒരനുഭവം.

വചനം കേൾക്കാനും വചനം വായിക്കാനും പണ്ടത്തെ

വാഞ്ഛയും ദാഹവും ഇപ്പോഴില്ല. വചനം വായിക്കുമ്പോൾ ആത്മാവിൽ ലഹരി പിടിക്കുന്ന അനുഭവമുണ്ടായിരുന്നു. ഇന്നതില്ല.

കൂട്ടായ്മയ്ക്കു വേണ്ടിയുള്ള ദാഹവും തീക്ഷ്ണതയും കുറഞ്ഞുപോയ സ്ഥിതി. മുമ്പൊക്കെ ഒരു കൂട്ടായ്മപോലും മുടക്കുമായിരുന്നില്ല. എന്ത് അത്യാവശ്യങ്ങളുണ്ടായാലും അതെല്ലാം മാറ്റിവെച്ച് കൂട്ടായ്മയിൽ ഓടിയെത്തിയിരുന്ന കാലമെല്ലാം മാറിപ്പോയ അവസ്ഥ.

പണ്ടൊക്കെ കൂട്ടായ്മയോഗങ്ങൾ ആരംഭിക്കുന്നതിന് മുമ്പ് പ്രസന്നതയോടെ വന്നെത്തും. മുൻപന്തിയിലിരിക്കും. ഒരു പ്രത്യേക സുഖവും ലഹരിയും ആനന്ദവുമെല്ലാം കൈമുതലായിരുന്നു. ഇന്നതെല്ലാം ഓർമ്മകളിൽ മാത്രം.

പലപല ബദ്ധപ്പാടുകളും ജോലിത്തിരക്കുകളും കാരണമായി പറയാനുണ്ട്. ചില ദിവസങ്ങളിൽ കൂട്ടായ്മയോഗങ്ങളിൽ വന്നു ചേരുന്നില്ല. വന്നാൽപോലും വൈകിയെത്തുന്നു. പിറകിൽ പോയി ഇരിക്കുന്നു.

ഇപ്പറഞ്ഞതെല്ലാം ആത്മീയമായ വീഴ്ചയുടെ പ്രകടമായ തെളിവുകളാണ്. വീണുപോയ സ്ഥാനത്തേക്ക് മടങ്ങിച്ചെന്ന് നഷ്ടപ്പെട്ടുപോയ സന്തോഷവും എരിവും തിരികെ പ്രാപിക്കുന്നതാണ് യഥാസ്ഥനപ്പെടുക എന്നത്.

ഇവിടെ നാം വായിച്ചുകേട്ടത് എന്താണ്? "ഇങ്ങനെ യഹോവയുടെ ആലയത്തിലെ ആരാധന യഥാസ്ഥാനത്തായി."

യഹൂദാരാജാവായ ആഹാസിന്റെ മകനായിരുന്നു ഹിസ്ക്കീയാവ്. ആഹാസ് ദൈവവഴിയിൽ നടക്കാതെ ദൈവത്തെ കോപിപ്പിച്ച രാജാവായിരുന്നു. അവൻ വിഗ്രഹാരാധിയായിരുന്നു.

"ആഹാസ് ദൈവാലയത്തിലെ ഉപകരണങ്ങളെ

എടുത്ത് ദൈവാലയത്തിലെ ഉപകരണങ്ങളെ ഉടെച്ചു. യഹോവയുടെ ആലയത്തിന്റെ വാതിലുകൾ അടച്ചു കളഞ്ഞു. യെരൂശലേമിന്റെ ഓരോ മൂലയിലും ബലിപീഠങ്ങൾ ഉണ്ടാക്കി. അന്യദേവൻമാർക്ക് ധൂപം കാട്ടുവാൻ അവൻ യെഹൂദയിലെ ഓരോ പട്ടണത്തിലും പൂജാഗിരികൾ ഉണ്ടാക്കി തന്റെ പിതാക്കൻമാരുടെ ദൈവമായ യഹോവയെ കോപിപ്പിച്ചു."

2 ദിനവൃത്താന്തം 28 : 24-25

അങ്ങനെ രാജനഗരമായ യരൂശലേമിൽ ആരാധന മുടങ്ങി. ദൈവാലയ നഗരമായ യരൂശലേമിൽ ജാതീയാരാധന നടന്നു.

എന്നാൽ ആഹാസിന്റെ മകനായ ഹിസ്ക്കീയാവിന്റെ ഭരണ കാലത്ത് യഹോവയുടെ ആലയത്തിലെ ആരാധന യഥാസ്ഥാനത്തായി.

എങ്ങനെയെല്ലാമാണ് ഹിസ്ക്കീയാവിന്റെ കാലത്ത് ആരാധന യഥാസ്ഥാനത്തായത്?

തിരുവചനം വ്യക്തമായി പറയുന്നു, നാമോരോരുത്തരുമാണ് ദൈവത്തിന്റെ ആലയം എന്ന്.

"നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ? ദൈവത്തിന്റെ മന്ദിരം നശിപ്പിക്കുന്നവനെ (അശുദ്ധമാക്കുന്നവനെ) ദൈവം നശിപ്പിക്കും, ദൈവത്തിന്റെ മന്ദിരം വിശുദ്ധമല്ലോ, നിങ്ങളും അങ്ങനെ തന്നെ."

1 കൊരിന്ത്യർ 3 : 16-17

"ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലയ്ക്കു വാങ്ങിയിരി

> ക്കയാൽ നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? 1 കൊരിന്ത്യർ 6 : 19

നമ്മുടെ ജീവിതത്തിൽ പാപം വരുമ്പോൾ നമ്മുടെ ജീവിതം അശുദ്ധമാകുന്നു. ജീവിതം അശുദ്ധമാകുമ്പോൾ ദൈവത്തിന്റെ ആലയം അശുദ്ധമാകുന്നു. ദൈവാലയം അശുദ്ധമാകുമ്പോൾ വിശുദ്ധിയുടെ ആരാധന മുടങ്ങിപ്പോകും. മുടങ്ങിപ്പോയ ആരാധന യഥാസ്ഥാനത്താകണമെങ്കിൽ അശുദ്ധി മാറണം, വിശുദ്ധി കടന്നു വരണം.

ഹിസ്ക്കീയാവ് ചെയ്ത ഒന്നാമത്തെ കാര്യം ദൈവാലയത്തിന്റെ വാതിലുകൾ തുറന്നു എന്നതാണ്.

> ഹിസ്ക്കീയാവ് തന്റെ വാഴ്ചയുടെ ഒന്നാം ആണ്ടിൽ ഒന്നാം മാസത്തിൽ യഹോവയുടെ ആലയത്തിന്റെ വാതിലുകൾ തുറന്നു.
> 2 ദിനവൃത്താന്തം 29 : 3

അടഞ്ഞ വാതിലുകൾ തുറക്കുന്നതാണ് ഒന്നാമത്തെ കാര്യം. അനേക ജീവിതങ്ങൾ ഇന്ന് മൂഢവിശ്വാസങ്ങൾക്കൊണ്ടും അന്ധാചാരങ്ങൾകൊണ്ടും അടഞ്ഞു കിടക്കുകയാണ്. അനേക മൂഢധാരണകൾ ജീവിതത്തിൽ കയറിക്കൂടിയിരിക്കയാണ്.

സത്യാരാധന എന്ത് എന്ന് ഒട്ടേറെപ്പേർക്കറിഞ്ഞുകൂടാ. ചില പ്രാർത്ഥനകൾ ചൊല്ലുക, നമസ്ക്കാരങ്ങൾ ഉരുവിടുക എന്നതാണ് ആരാധന എന്ന് പലരും ധരിച്ചിരിക്കയാണ്. എത്ര അശുദ്ധമായി ജീവിച്ചാലും ചില കർമ്മാചാരങ്ങൾ അനുഷ്ഠിച്ചാൽ ദൈവരാജ്യത്തിൽ പൊയ്ക്കൊള്ളും എന്ന മിഥ്യാധാരണകൾ ഹൃദയത്തെ അടച്ചു പൊതിഞ്ഞിരിക്കയാണ്.

ഏതോ പ്രാകൃത വർഗ്ഗത്തിൽപെട്ടവരുടെ പ്രാർത്ഥനാരീതിയെ കുറിച്ച് കേട്ടിട്ടുണ്ട്. പ്രാർത്ഥന തുകൽച്ചുരുളിൽ എഴുതി വെയ്ക്കും. അത് ഒരു ചക്രത്തിൽ ഘടിപ്പിച്ചുവെ

യ്ക്കും. ആ ചക്രം കറക്കി ആ ചുരുൾ മുഴുവൻ വിടർന്നു വന്നാൽ ഒരു പ്രാവശ്യം പ്രാർത്ഥിക്കുക എന്നതാണ് അവർ ധരിച്ചു വെച്ചിരിക്കുന്നത്. എത്ര പ്രാവശ്യം ആ ചക്രം കറക്കി ചുരുൾ വിടർത്തുകയും ചുരുട്ടുകയും ചെയ്യുന്നുവോ അത്രയേറെ പ്രാവശ്യം പ്രാർത്ഥന നടത്തി എന്ന സംതൃപ്തി അവർക്കുണ്ടാകുന്നു.

ഇതുപോലെ പ്രാർത്ഥനകൾ ചൊല്ലിത്തികയ്ക്കുന്ന സമ്പ്രദായം കൊണ്ട് ഒരു സംതൃപ്തി ലഭിക്കുന്ന ആളുകളുണ്ട്. പ്രാർത്ഥന ചൊല്ലുന്നതിന്റെ അർത്ഥമെന്തെന്നോ ആ പ്രാർത്ഥനകളിൽ നിറഞ്ഞു നിൽക്കുന്ന ആശയം എന്റെ ജീവിതത്തിൽ എത്രമാത്രം പ്രസക്തമാണ്, സാർത്ഥകമാണ് എന്നോ ചിന്തിക്കാതെ ചടങ്ങായിമാത്രം പ്രാർത്ഥന ചൊല്ലിത്തീർക്കുന്ന സമ്പ്രദായം, എത്രയോ അബദ്ധമാണ്, അർത്ഥശൂന്യമാണ്, പ്രയോജന രഹിതമാണ്! അപ്രത്യക്ഷമായ നൻമകളുടെ പ്രത്യക്ഷമായ ശുദ്ധകർമ്മങ്ങൾ പോലും അപ്രത്യക്ഷമായ നൻമ എന്താണെന്നറിയാതെ, ആ നൻമ സ്വന്തം ജീവിതത്തിൽ അനുഭവിക്കണമെന്ന് ആഗ്രഹിക്കാതെ ആചാരാനുഷ്ഠാനങ്ങളിൽ മാത്രം തങ്ങിനിൽക്കുന്ന സമ്പ്രദായം ഇന്ന് നാം കാണുന്നില്ലേ? ഈ സമ്പ്രദായം മൂലം അനേകം അബദ്ധധാരണകൾ ഉണ്ടാവുകയും ജീവിതത്തിന്റെ വാതിലുകൾ അടഞ്ഞുപോകയും ചെയ്യുന്നു.

ഞാൻ ധരിച്ചുവെച്ചിരിക്കുന്ന ആശയം മാത്രം ശരി, മറ്റാരു പറയുന്നതും തെറ്റ് എന്ന ആത്മീയാഹങ്കാരം മൂലവും ജീവിതത്തിന്റെ വാതിലുകൾ അടച്ചു കളയുന്നവരുണ്ട്. സ്വന്തം ചിന്താഗതിയോടു യോജിക്കാത്തവരെപ്പോലും സഹിഷ്ണുതയോടെ വീക്ഷിക്കാൻ സാധിക്കുന്നതാണ് ക്രൈസ്തവാദർശം. എന്നാൽ മറ്റെല്ലാ അഭിപ്രായങ്ങളെയും ആശയങ്ങളെയും പുച്ഛരസത്തിൽ അവഗണിക്കുകയും അവഹേളിക്കുകയും ചെയ്യുന്നവർ വാസ്തവത്തിൽ വാതിൽ അടച്ചിട്ടിരിക്കുകയാണ്.

വാതിൽ തുറക്കട്ടെ. ശുദ്ധവായു അകത്തേക്ക് കടക്കട്ടെ.

പ്രകാശ രശ്മികളാൽ അകം നിറയട്ടെ. പുതുവെളിച്ചത്താൽ ഉള്ളം കുളുർക്കട്ടെ. അന്ധകാരം മാറട്ടെ.

ഒന്ന്, ഹിസ്ക്കീയാവ് വാതിൽ തുറന്നു

രണ്ട്, അറ്റകുറ്റം തീർത്തു. 2 ദി. 29 : 3

ദൈവാലയത്തിന് ഒട്ടേറെ കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. പല ഭാഗങ്ങളും ചിതലരിച്ചു പോയിട്ടുണ്ട്. പല ഭാഗങ്ങളും കുശുമ്പിച്ചു പോയിട്ടുണ്ട്. ചില ഭാഗങ്ങൾ ഒടിഞ്ഞും തകർന്നും പിളർന്നും പോയിട്ടുണ്ട്. അതെല്ലാം അറ്റകുറ്റം തീർത്തു.

ജീവിതത്തിൽ പല ദുശ്ശീലങ്ങളും ദുഷ്പരിചയങ്ങളും വന്ന് കേടുപാടുകളേറെ സംഭവിച്ചുപോയി. മദ്യപാനം കൊണ്ട് ശരീരത്തിന് കേടുവന്നു, പണത്തിനു നഷ്ടം വന്നു, കുടുംബത്തിൽ സമാധാനം നശിച്ചു, മക്കൾക്ക് പഠിക്കാൻ പറ്റാതെയായി. ഭാര്യയുമായി വഴക്കടിച്ചു, ആ സാധു സ്ത്രീയെ അടിച്ചു. നിരാശയും കഷ്ടനഷ്ടവും ഫലം. അങ്ങനെ ജീവിതമാകുന്ന ദൈവാലയത്തിന് കേടുപാട് സംഭവിച്ചു.

വ്യവഹാരം, വ്യഭിചാരം, മോഷണം, കലഹം, കോപം, സിനിമ, ചീട്ടുകളി, ചൂതുകളി, വെറിക്കൂത്ത്, വഷളായ കൂട്ടുകെട്ട്, അധോലോകബന്ധം, മുതലായ എത്രയോ അനർത്ഥങ്ങൾ സംഭവിച്ച് അനേകർ ജീവിതം തകർന്ന് അഴിയ്ക്കാനാവാത്ത കുരുക്കുകളിൽ കുടുങ്ങിക്കിടക്കുന്നു.

മാന്യ സ്നേഹിതാ, നിന്റെ ഹൃദയത്തിന്റെ വാതിലുകൾ തുറന്ന്, ഈ നിമിഷം മുതൽ നിന്റെ ജീവിതത്തിനു വന്ന കേടു പാടുകളും വൈകല്യങ്ങളും ഒന്ന് അറ്റകുറ്റം തീർക്കാൻ തുടങ്ങുമോ? ഒന്നു ഞാൻ പറഞ്ഞുതരാം. കർത്താവായ യേശുക്രിസ്തുവിന് പരിഹരിക്കാൻ കഴിയാത്ത ഒരു പ്രശ്നവുമില്ല. യേശുവിന് അഴിക്കാൻ കഴിയാത്ത ഒരു കുരുക്കുമില്ല. യേശുവിന് കഴുകാൻ കഴിയാത്ത ഒരു പാപ

വുമില്ല.

വിശ്വസിക്കൂ. കർത്താവായ യേശുക്രിസ്തുവിന്റെ രക്തം സകല പാപവും പോക്കി ശുദ്ധീകരിക്കുന്നു.

> "ഇങ്ങനെ അവർ എട്ടുദിവസം കൊണ്ട് യഹോവ യുടെ ആലയം വിശുദ്ധീകരിച്ചു." 2 ദിന. 29 : 17

മൂന്ന്, ആലയം വിശുദ്ധീകരിച്ചു

രാജാവ് പുരോഹിതൻമാരെയും ലേവ്യരെയും വരുത്തി അവരോട് പറഞ്ഞു :

> "ഇപ്പോൾ നിങ്ങൾ നിങ്ങളെത്തന്നെ ശുദ്ധീക രിച്ചു, നിങ്ങളുടെ പിതാക്കൻമാരുടെ ദൈവമായ യഹോവയുടെ ആലയത്തെയും ശുദ്ധീകരിച്ചു, വിശുദ്ധ മന്ദിരത്തിൽ നിന്ന് മലിനത നീക്കിക്കള വിൻ." 2 ദിന 29 : 5

ആലയം ശുദ്ധീകരിക്കണമെങ്കിൽ ആദ്യം ശുശ്രൂഷ കൻമാർ ശുദ്ധീകരിക്കപ്പെടണം. ഇന്ന് സഭകളും സമൂഹ ങ്ങളും അശുദ്ധമായും തകർന്നും കിടക്കുന്നതിന് കാരണം ശുശ്രൂഷകർ ശുദ്ധീകരിക്കപ്പെടുന്നില്ല എന്നതാണ്.

യെശയ്യാവ് പറയുന്നു :

> "വിട്ടു പോരുവിൻ; വിട്ടു പോരുവിൻ; അവിടെ നിന്ന് പുറപ്പെട്ടു പോരുവിൻ; അശുദ്ധമായതൊന്നും തൊടരുത്; അതിന്റെ നടുവിൽ നിന്ന് പുറപ്പെട്ടു പോരുവിൻ; യഹോവയുടെ ഉപകരണങ്ങളെ ചുമ ക്കുന്നവരേ, നിങ്ങളെത്തന്നേ നിർമ്മലീകരിപ്പിൻ." യെശയ്യാവ് 52 : 11

രാജാവിന്റെ നിർദ്ദേശം ലേവ്യരും പുരോഹിതൻമാരും അനുസരിച്ചു.

> "ലേവ്യർ എഴുന്നേറ്റു. തങ്ങളുടെ സഹോദ

> രൻമാരെ ഒന്നിച്ചു കൂട്ടി തങ്ങളെത്തന്നേ വിശുദ്ധീകരിച്ചു. യഹോവയുടെ വചനപ്രകാരം രാജാവിന്റെ കല്പന അനുസരിച്ചു. യഹോവയുടെ ആലയത്തെ വെടിപ്പാക്കുവാൻ വന്നു. പുരോഹിതൻമാർ യഹോവയുടെ ആലയത്തിന്റെ അകം വെടിപ്പാക്കുവാൻ അതിൽ കടന്നു യഹോവയുടെ ആലയത്തിൽ കണ്ട മലിനതയൊക്കെയും പുറത്തു യഹോവയുടെ ആലയത്തിന്റെ പ്രാകാരത്തിൽ കൊണ്ടുവന്നു, ലേവ്യർ അതു കൊണ്ടുപോയി കിദ്രോൻതോട്ടിൽ ഇട്ടുകളഞ്ഞു. ഒന്നാം മാസം ഒന്നാം തീയതി അവർ വിശുദ്ധീകരിപ്പാൻ തുടങ്ങി." 29 : 15-17

എട്ടു ദിവസംകൊണ്ട് ആലയം വിശുദ്ധീകരിച്ചു.

നാല്, "ഹിസ്ക്കീയാവ് യാഗപീഠത്തിൽ ഹോമയാഗം കഴിപ്പാൻ കല്പിച്ചു." 2 ദിത 29 : 27. യാഗം കൂടാതെ ആരാധനയില്ല. എന്നെയും എനിക്കുള്ളതിനെയും ഞാൻ യാഗമായി ക്രൂശിന്റെ പാദത്തിൽ അർപ്പണം ചെയ്യണം. ക്രൂശിക്കപ്പെട്ട ക്രിസ്തുവിന്റെ ആണിപ്പാടുള്ള പാദത്തിൽ സകലവും യാഗമായി സമർപ്പിക്കണം.

> അഞ്ച്, "ഹിസ്ക്കീയാവ് യഹോവയ്ക്ക് സ്തോത്രം ചെയ്‌വാൻ കല്പിച്ചു...." 2 ദിത 29 : 30

> അവർ സന്തോഷത്തോടെ സ്തോത്രം ചെയ്ത് തല കുനിച്ച് നമസ്ക്കരിച്ചു. 29 : 30

നമ്മുടെ മുടങ്ങിപ്പോയ ആരാധന യഥാസ്ഥാനമാകണമെങ്കിൽ ഈ അഞ്ചു പടികളും നാമും കടക്കണം. വാതിൽ തുറന്ന്, അറ്റകുറ്റം തീർത്ത്, ശുദ്ധീകരിച്ച്, യാഗം കഴിച്ചാൽ, സ്തോത്രമെന്ന ആരാധന യഥാസ്ഥാനമാകും.

മാന്യ സ്നേഹിതാ, നിന്റെ ജീവിതത്തിൽ ആരാധനയുടെ സൗഭാഗ്യം നീ അനുഭവിക്കുന്നുവോ? നിന്റെ ജീവിതത്തിൽ നിന്ന് സ്തുതിയുടെയും സ്തോത്രത്തിന്റെയും ഘോഷമുയ

രുന്നുണ്ടോ? ഉല്ലാസത്തിന്റെയും ജയത്തിന്റെയും ഘോഷം നീതിമാൻമാരുടെ കൂടാരങ്ങളിൽ ഉണ്ടെന്ന് നീ അനുഭവിക്കുന്നുവോ? ഇന്ന് ഒരു പുതിയ തീരുമാനത്തിലേക്ക് വരുവാൻ നീ ആഗ്രഹിക്കുന്നുവോ?

എങ്കിൽ നിന്നെ സ്നേഹിക്കുന്ന ക്രിസ്തുവിന്റെ മുമ്പിൽ നിന്റെ ഹൃദയം നീ തുറക്കുക. നിന്റെ ഹൃദയത്തെ ശുദ്ധീകരിപ്പാൻ ക്രിസ്തുവിന്റെ ക്രൂശിൽ ചൊരിഞ്ഞ രക്തത്തിൽ ആശ്രയിക്കുക. നിന്നെത്തന്നെ യാഗമായി സമർപ്പിക്കുക. പാപമോചനത്തിന്റെ സൗഖ്യം അനുഭവിച്ചുകൊണ്ട് ക്രിസ്തുവിനെ സ്തുതിപ്പാൻ തുടങ്ങുക.

ദൈവം നിങ്ങളെ ആ മഹാഭാഗ്യത്തിലേക്ക് നടത്തട്ടെ.